# വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും

## 2022 – 2023



KERALA STATE BIODIVERSITY BOARD

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

KERALA STATE
BIODIVERSITY BOARD

**കെ.എസ്.ബി.ബി.**

**വാർഷിക റിപ്പോർട്ട് 2022 – 2023**

പ്രസിദ്ധീകരണം

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
കൈലാസം, ടി.സി. 4/1679(1), നം.43
ബെൽഹവെൻ ഗാർഡൻസ്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003
ഫോൺ–0471–2724740
ഇ മെയിൽ - keralabiodiversity@gmail.com
വെബ്സൈറ്റ് - www.keralabiodiversity.org

Cover Page Picture : Indian black microhylid frog (*Melanobatrachus indicus*)
IUCN Status : Vulnerable
Endemic Status : Endemic to the Southern Western Ghats

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

# വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും 2022 – 2023

KERALA STATE BIODIVERSITY BOARD

കൈലാസം, ടി.സി. 4/1679(1), നം.43
ബെൽഹവെൻ ഗാർഡൻസ്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ 0471–2724740
ഇ മെയിൽ - keralabiodiversity@gmail.com
വെബ്സൈറ്റ് - www.keralabiodiversity.org

## മുഖവുര

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2022-23 വർഷത്തിൽ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ് ഈ വാർഷിക റിപ്പോർട്ട്. മുൻ വർഷങ്ങളിൽ ആരംഭിച്ച നിരവധി പദ്ധതികൾ പൂർത്തിയാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. 2022 മുതൽ 2032 വരെ ജൈവവൈവിധ്യ സംരക്ഷണത്തിൽ സംസ്ഥാനം നടത്തുന്ന ശ്രമങ്ങളെ സഹായിക്കുന്നതിന് തയ്യാറാക്കിയ 'കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജി ആൻഡ് ആക്ഷൻ പ്ലാൻ 2022 (SBSAP)' അടിസ്ഥാനമാക്കി, ജൈവവൈവിധ്യ ബോർഡ് നിരവധി സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വന്യഫലങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പൂക്കൾ, പയർവർഗ്ഗങ്ങൾ, മുതലായവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ 18 പങ്കാളികളുമായി സഹകരിച്ച്, ഇവയുടെ തിരിച്ചറിയൽ, ഡാറ്റാബേസ് സൃഷ്ടിക്കൽ, സംരക്ഷണം, മൂല്യവർദ്ധന എന്നിവയ്ക്കായി രണ്ട് വർഷത്തെ സംസ്ഥാനതല പദ്ധതി ആരംഭിക്കുകയുണ്ടായി.

ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.—ഭാഗം 2) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കലും ജൈവവൈവിധ്യ സംരക്ഷണ സമിതികൾക്കുള്ള പ്രാദേശിക പരിശീലനങ്ങളുമായിരുന്നു മറ്റൊരു പ്രധാന പ്രവർത്തനം. അതുപോലെതന്നെ, ജൈവവൈവിധ്യ സംരക്ഷണത്തിനും പി.ബി.ആർ — കളെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി.

2023 ഫെബ്രുവരി 18 മുതൽ 20 വരെ കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ 'ജൈവവൈവിധ്യം ഉപജീവനത്തിനായി' എന്ന പ്രമേയവുമായി നടത്തിയ കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് ഈ വർഷത്തെ ഒരു പ്രധാന പരിപാടിയായിരുന്നു. പ്രസ്തുത കോൺഗ്രസിന്റെ ഭാഗമായി വിപുലമായ പ്രദർശനവും ഒരുക്കിയിരുന്നു. സാങ്കേതിക സഹായ സമിതി മീറ്റ്, ബി.എം.സി. മീറ്റ്, സംരക്ഷക കർഷകരുടെ മീറ്റ്, കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്, ജൈവവൈവിധ്യ അവാർഡ് വിതരണം എന്നിവയായിരുന്നു മറ്റ് പ്രധാന പരിപാടികൾ.

ജൈവവൈവിധ്യത്തെ ബാധിക്കുന്ന പ്രധാന ഭീഷണികളിലൊന്ന് ജൈവ അധിനിവേശമാണ്. കേരളത്തിലെ ഭൗമ—ജല ആവാസവ്യവസ്ഥകളിൽ അധിനിവേശസ്വഭാവമുള്ള അന്യദേശ ജീവികളുടെ ആവിർഭാവവും അവയുടെ പരിപാലനവും തടയുന്നതിനുള്ള ഒരു നയം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, "ജൈവ ആക്രമണങ്ങൾ - പ്രവണതകൾ, ഭീഷണികൾ, മാനേജ്മെന്റ്" എന്ന വിഷയത്തിൽ ഒരു ദ്വിദിന ദേശീയ സെമിനാർ. 2022 ഡിസംബർ 3 മുതൽ 4 വരെ തിരുവനന്തപുരത്ത് നടത്തുകയുണ്ടായി.

ശേഷിനിർമ്മാണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ജില്ലാതല പരിശീലനം സംഘടിപ്പിച്ചു. ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കൽ, തീം അടിസ്ഥാന മാക്കിയുള്ള ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ, വിവിധ ഗവേഷണ പദ്ധതികൾ, ജീവനോപാധികളു മായി ബന്ധപ്പെട്ട പരിശീലനങ്ങൾ എന്നിവ മറ്റ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ഞങ്ങളുടെ എല്ലാ പരിപാടികളിലും നിരന്തരമായ പിന്തുണ നൽകുന്ന, ഞങ്ങളുടെ വകുപ്പിന്റെ (പരിസ്ഥിതി) കൂടി ചുമതലയുള്ള .ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകളോട് ഞങ്ങൾ അങ്ങേയറ്റം കടപ്പെട്ടിരിക്കുന്നു. പരിസ്ഥിതി വകുപ്പിന്റെ ഭാഗമായാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രവർത്തിക്കുന്നത്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു അവർകളും പരിസ്ഥിതി വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരും നൽകിയ സജീവമായ പിന്തുണയ്ക്കും സഹകരണത്തിനും ഞങ്ങൾ ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു. ബോർഡിന്റെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ബോർഡ് അംഗങ്ങളിൽ നിന്നും ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നുമുള്ള സഹകരണത്തിനും നന്ദി രേഖപ്പെടുത്തുന്നു.

**ഡോ. സി. ജോർജ് തോമസ്**

**ചെയർമാൻ**



ആമുഖം.....09
ജൈവവൈവിധ്യ ബോർഡിന്റെ ഘടനയും, ജീവനക്കാരും.....11
ഏപ്രിൽ 2022 – മാർച്ച് 2023 കാലയളവിലെ പ്രധാന നേട്ടങ്ങൾ.....14
ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ.....15
ജില്ലാ തലത്തിൽ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ.....26
ആക്സസ് ആൻഡ് ബെനഫിറ്റ് ഷെയറിങ് (എ.ബി.എസ്) & ലീഗൽ ഇഷ്യൂസ്.....34
ജൈവവൈവിധ്യ ബോധവൽക്കരണവും, പരിശീലനവും.....49
പ്രസിദ്ധീകരണങ്ങൾ.....60
വിവരാവകാശ നിയമം.....64
ആഡിറ്റ് റിപ്പോർട്ട്.....67

# 1 ആമുഖം

### 1.1 പശ്ചാത്തലം

സംസ്ഥാന പരിസ്ഥിതി വകുപ്പിനോട് ചേർന്ന് പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്. ദേശീയ ജൈവവൈവിധ്യ നിയമം (2002) ചട്ടങ്ങൾ (2004), കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ (2008), എന്നിവ പ്രകാരം 2005 ൽ രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ ജൈവവൈവിധ്യത്തെ സംരക്ഷിക്കുക, അവയുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുക, ജൈവവിഭവങ്ങളുടെ വിനിയോഗത്തിൽ നിന്നുത്ഭവിക്കുന്ന ആനുകൂല്യങ്ങളുടെ ന്യായയുക്തമായ പങ്കുവയ്ക്കൽ ഉറപ്പുവരുത്തുക തുടങ്ങിയവയാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രധാനഉത്തരവാദിത്തങ്ങൾ. ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവർ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു, അതോടൊപ്പം വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെ സേവനങ്ങളും ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നു.

### 1.2. ദേശീയ ജൈവവൈവിധ്യ നിയമം 2002

ഐക്യരാഷ്ട്ര സഭയുടെ അന്താരാഷ്ട്ര ജൈവവൈവിധ്യ സമ്മേളനത്തിന്റെ (CBD) ഉദ്ദേശ്യ ലക്ഷ്യ ങ്ങൾ നിറവേറ്റുന്നതിനായാണ് ഈ നിയമം പ്രഖ്യാപിച്ചിട്ടുള്ളത്. രാജ്യത്തിന്റെ ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, അവയിൽ നിന്നുണ്ടാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വകമായ പങ്കുവയ്ക്കൽ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള ഒരു ചട്ടക്കൂട് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ദേശീയ തലത്തിൽ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന തലത്തിൽ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, പ്രാദേശികതലത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ എന്നിവയിലൂടെ ഒരു വികേന്ദ്രീകൃത ജൈവവൈവിധ്യ പരിപാലനമാണ് ജൈവവൈവിധ്യ നിയമം 2002 വിഭാവനം ചെയ്യുന്നത്.

ദേശീയ ജൈവവൈവിധ്യ നിയമം 2002, ചട്ടങ്ങൾ 2004 എന്നിവയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കുനുസരിച്ച് 2005 ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്ഥാപിക്കപ്പെടുകയും, 2008 ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വരുകയും ചെയ്തു.

### 1.3. ദേശീയ ജൈവവൈവിധ്യ അതോറിറ്റി

2003 ൽ, ചെന്നൈ ആസ്ഥാനമായി ദേശീയ ജൈവവൈവിധ്യ അതോറിറ്റി സ്ഥാപിതമായി. ഭാരത സർക്കാരിന് വേണ്ടി ഉപദേശക സമിതിയായി പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് എൻ.ബി.എ.

### 1.4. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ രൂപീകരണം

2002 ലെ ജൈവവൈവിധ്യ നിയമം, വകുപ്പ് 22-25 ലെ വ്യവസ്ഥകൾക്കനുസരിച്ച്, 2005 ഫെബ്രുവരി 28 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.1/2005/STED പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്ഥാപിതമായി. തുടക്കത്തിൽ ബോർഡ് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് 2006 ഫെബ്രുവരിയിൽ കേരളത്തിൽ പരിസ്ഥിതി വകുപ്പ് നിലവിൽവരികയും (സ.ഉ.(എം.എസ്.) നം.10 /ജി.എ.ഡി. തീയതി 06.01.2006) സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ പരിസ്ഥിതി വകുപ്പിന് കീഴിലേക്ക് മാറ്റുകയും ചെയ്തു (സ..ഉ.(എം.എസ്.) നം.64/2006/ജി.എ.ഡി തീയതി 16.02.2006). ജൈവവൈവിധ്യ നിയമം 2002 ലെ വകുപ്പ് 63 പ്രകാരം നൽകിയിട്ടുള്ള അധികാര നിർവഹണ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 ൽ നിലവിൽ വന്നു (സ.ഉ.(അ) നം.1/2008/പരി. തീയതി 10.06.2008). സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 12 ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.

### 1.5. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ

ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദേശങ്ങളിന്മേൽ സംസ്ഥാന സർക്കാരിന് വേണ്ട നിർദേശങ്ങൾ നൽകുക എന്നതാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന ധർമം. ജൈവവിഭവങ്ങളെ സുസ്ഥിരമായി ഉപയോഗിക്കുന്നതിനും, അവയുടെ വിനിയോഗത്തിൽ നിന്നുണ്ടാകുന്ന നേട്ടങ്ങൾ നീതിപൂർവ്വമായി പങ്കുവയ്ക്കാനും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിർദ്ദേശിക്കുന്നു.

ഇന്ത്യക്കാരനായ ഏതൊരു വ്യക്തിക്കും ജൈവ വിഭവങ്ങൾ വാണിജ്യപരമായോ ബയോ സർവ്വേയ്ക്കോ, ജൈവ വിഭവങ്ങളുടെ വിനിയോഗത്തിനോ ഉപയോഗിക്കുന്നതിനുള്ള അപേക്ഷകൾക്ക് അനുമതി നൽകുവാൻ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് അധികാരമുണ്ട്. ജൈവവൈവിധ്യ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം, സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ജൈവവൈവിധ്യ ബോർഡ് നിർവഹിച്ചുവരുന്നു. ജൈവവൈവിധ്യ നിയമം 2002 ൽ പ്രതിപാദിച്ചിരിക്കുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും അന്തസത്ത പൂർണമായി പ്രതിഫലിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കൈക്കൊണ്ടു വരുന്നത്.

# 2 ജൈവവൈവിധ്യ ബോർഡിന്റെ ഘടനയും, ജീവനക്കാരും

**2.1 സ്ഥാപന ഘടന**

ചെയർമാൻ

↓

മെമ്പർ സെക്രട്ടറി

↓

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

↓

ഫിനാൻസ് ഓഫീസർ

↓

| ഭരണ വിഭാഗം | ഗവേഷണം | ജൈവവൈവിധ്യ സംരക്ഷണം | എക്സ്റ്റൻഷൻ |
|---|---|---|---|

**2.2. ബോർഡ് അംഗങ്ങളുടെ വിവരങ്ങൾ**

27.07.2018 ലെ സർക്കാർ ഉത്തരവ് (സാധാ.) നം.4/2018 /പരി. പ്രകാരം ബോർഡ് പുനർ രൂപീകരിച്ചു.

| നം | പേരും തസ്തികയും | പ്രതിനിധി തലം |
|---|---|---|
| 1. | ചെയർമാൻ<br>**ഡോ. സി. ജോർജ്ജ് തോമസ്** | 01.04.2022 മുതൽ തുടരുന്നു |
| 2. | എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ്<br>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ<br>ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം | ഔദ്യോഗിക പ്രതിനിധികൾ |
| 3. | പ്രിൻസിപ്പൽ സെക്രട്ടറി<br>വനം-വന്യജീവി വകുപ്പ്, കേരള സർക്കാർ<br>ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | '' |
| 4. | അഡീഷണൽ ചീഫ് സെക്രട്ടറി<br>മൽസ്യബന്ധന വകുപ്പ്, കേരള സർക്കാർ<br>ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | '' |
| 5. | അഡീഷണൽ ചീഫ് സെക്രട്ടറി<br>പരിസ്ഥിതി വകുപ്പ്, കേരള സർക്കാർ<br>ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | '' |
| 6. | കാർഷിക ഉല്പാദന കമ്മീഷണർ<br>ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | '' |
| 7. | **ഡോ. കെ. സതീഷ് കുമാർ**<br>പ്രിൻസിപ്പൽ സയന്റിസ്റ്റ് ആൻഡ് ഹെഡ് (റിട്ട.)<br>ബയോടെക്നോളജി ഡിവിഷൻ,<br>ജെ.എൻ.റ്റി.ബി.ജി.ആർ.ഐ., പാലോട് | Non-official Members |
| 8. | **ശ്രീ. കെ.വി. ഗോവിന്ദൻ**<br>മെമ്പർ, ഡി.പി.സി. കണ്ണൂർ,<br>മാധവി നിലയം,<br>ചുഴലി, കണ്ണൂർ | '' |
| 9. | **ഡോ. ടി.എസ്. സ്വപ്ന**<br>പ്രൊഫസ്സർ ആൻഡ് ഹെഡ്<br>ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി,<br>യൂണിവേഴ്സിറ്റി ഓഫ് കേരള,<br>കാര്യവട്ടം | '' |
| 10. | **ഡോ. കെ.ടി. ചന്ദ്രമോഹനൻ**<br>അസിസ്റ്റന്റ് പ്രൊഫസർ<br>ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി,<br>ഗവ.ബ്രണ്ണൻ കോളേജ് തലശ്ശേരി, കണ്ണൂർ | '' |
| 11. | **ശ്രീ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്**<br>അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്ററ് (വന പരിപാലനം)<br>(G.O (MS) No.08/2022/Envt. dt 29.11.2022) | '' |

**മെമ്പർ സെക്രട്ടറി**

**ശ്രീമതി മിനി വി.**
01.04.2022 മുതൽ 25.04.2022 വരെ (മെമ്പർ സെക്രട്ടറി ഇൻ ചാർജ്ജ്)

**ഡോ. എ.വി. സന്തോഷ്കുമാർ**
26.04.2022 മുതൽ 31.03.2023 വരെ

### 2.3. ബോർഡിലെ ജീവനക്കാർ

#### 2.3.1. സ്ഥിരം ജീവനക്കാർ

| നം | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുള്ളത് | Mode of appointment |
|---|---|---|---|---|
| സ്ഥിരം ജീവനക്കാർ (ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ) | | | | |
| 1 | മെമ്പർ സെക്രട്ടറി | 1 | 1 | ഡെപ്യൂട്ടേഷൻ |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 1 | ഡെപ്യൂട്ടേഷൻ |
| 3 | ഫിനാൻസ് ഓഫീസർ | 1 | 1 | ഡെപ്യൂട്ടേഷൻ |
| 4 | പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ | 2 | 1 | ഡെപ്യൂട്ടേഷൻ |
| 5 | സയന്റിഫിക് ഓഫീസർ | 1 | 1 | ഡെപ്യൂട്ടേഷൻ |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 | 1 | ഡെപ്യൂട്ടേഷൻ |
| 7 | അസിസ്റ്റന്റ് കം കാഷ്യർ | 1 | 1 | ഡെപ്യൂട്ടേഷൻ |
| 8 | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 1 | 0 | ഡെപ്യൂട്ടേഷൻ |
| 9 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 0 | ഡെപ്യൂട്ടേഷൻ |
| 10 | ഹെൽപ്പർ | 1 | 1 | ഡെപ്യൂട്ടേഷൻ |
| 11 | പാർടൈം സ്വീപ്പർ (സ്ഥിരം) | 1 | 1 | Direct appointment through Employment Exchange |

#### 2.3.2. കരാർ ജീവനക്കാർ

| | | |
|---|---|---|
| 1 | ഗവേഷണ വിഭാഗം ജീവനക്കാർ | 7 |
| 2 | സപ്പോർട്ടിങ് സ്റ്റാഫ് | 9 |
| 3 | ജില്ലാ കോർഡിനേറ്റർമാർ | 14 |
| 4 | എൻ.ബി.എ. പദ്ധതിയിലുൾപ്പെട്ട ജീവനക്കാർ | 4 |

### 2.4. ബോർഡ് മീറ്റിങ്ങുകൾ

റിപ്പോർട്ട് കാലയളവിൽ 3 ബോർഡ് മീറ്റിംഗുകളാണ് നടന്നിട്ടുള്ളത്

» 23.05.2022 ലെ 57-ാമത് ബോർഡ് മീറ്റിംഗ് തിരുവനന്തപുരം ചൈത്രം ഹോട്ടലിൽ വച്ചു നടന്നു.
» 11.10.2022 ലെ 58-ാമത് ബോർഡ് മീറ്റിംഗ് സെക്രട്ടറിയേറ്റ് അനെക്സ് 2 ലെ ലയം ഹാളിൽ വച്ചു നടന്നു
» 20.01.2023 ലെ 59-ാമത് ബോർഡ് മീറ്റിംഗ്, സെക്രട്ടറിയേറ്റ് അനക്സിലെ ലയം ഹാളിൽ വച്ച് നടന്നു.

# 3 കെ.എസ്.ബി.ബി യുടെ പ്രധാന നേട്ടങ്ങൾ

### 3.1. ജൈവവൈവിധ്യ സംരക്ഷണം

» പ്രാദേശികതലത്തിൽ നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനത്തിനായി 11 ബി.എം.സി.കൾക്ക് ധനസഹായം നൽകി.

» പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി. റിപ്പോർട്ട് കാലയളവിൽ പി.ബി.ആർ. അപ്ഡേറ്റ് ചെയ്യുന്നതിനായി പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുള്ള എല്ലാ ബി.എം.സി. കൾക്കും മേഖലാതല പരിശീലനങ്ങൾ സംഘടിപ്പിച്ചു.

» കാലിക്കറ്റ് സർവ്വകലാശാല ബൊട്ടാണിക്കൽ ഗാർഡൻ ബി.എച്ച്.എസിന്റെ കരട് വിജ്ഞാപനത്തിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചു.

» കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ വച്ച് ഫെബ്രുവരി 20 ന് ബി.എം.സി. മീറ്റ് പരിപാടി സംഘടിപ്പിച്ചു. 185 ബി.എം.സി. കളിൽ നിന്നും 390 പേർ പരിപാടിയിൽ പങ്കെടുത്തു.

» 229 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബി.എം.സി. യോഗം ചേർന്നു.

» പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ മാർഗ്ഗരേഖ (LBSAP) തയ്യാറാക്കുന്നതിനായി ആലപ്പുഴ, ഇടുക്കി, കണ്ണൂർ എന്നിവടങ്ങളിലെ 21 ബി.എം.സി. കൾക്ക് ഫണ്ട് അനുവദിച്ചു.

» പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ മാർഗ്ഗരേഖ (LBSAP) തയ്യാറാക്കാനുള്ള മാർഗ്ഗനിർദേശങ്ങൾ തയ്യാറാക്കി.

» പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ മാർഗ്ഗരേഖ (LBSAP) തയ്യാറാക്കാനുള്ള പരിശീലനം സംസ്ഥാനതലത്തിൽ നൽകി.

» പി.ബി.ആർ. രണ്ടാം പതിപ്പ് തയ്യാറാകുന്ന മാർഗ്ഗരേഖ തയ്യാറാക്കി സംസ്ഥാനതല പരിശീലനം നൽകി.

» പി.ബി.ആർ. രണ്ടാം പതിപ്പ് തയ്യാറാക്കുന്നതിനുള്ള പ്രാദേശിക പരിശീലനങ്ങൾ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നൽകി.

» ഇ-പി.ബി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ ഡാറ്റ ലിസ്റ്റ് തയ്യാറാക്കി

» ആർ.കെ.ഐ. പമ്പാപദ്ധതിയുടെ ഭാഗമായി കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ ജൈവവൈവിധ്യ ഉദ്യാനം പൂർത്തിയാക്കി ഉത്ഘാടനം നടത്തി

» ആർ.കെ.ഐ. പമ്പാപദ്ധതിയുടെ ഭാഗമായി നഴ്സറി തയാറാക്കൽ, ഔഷധ സസ്യ തൈകൾ തയ്യാറാക്കൽ, തേനീച്ച വളർത്തൽ, കൂൺ വളർത്തൽ എന്നിവയിൽ പത്തനംതിട്ട കൃഷി വിഗ്യാൻ കേന്ദ്രം മുഖാന്തിരം പരിശീലനം നൽകി.

» ആർ.കെ.ഐ. പമ്പാപദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത വീടുകളിൽ ജൈവവൈവിധ്യം പരിപോഷിപ്പിക്കാൻ ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ അടങ്ങിയ തൈകൾ വിതരണം ചെയ്തു.

» രണ്ടാം ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി ഫെബ്രുവരി 20 നു ടി.എസ്.ജി. അംഗങ്ങളുടെ പ്രാദേശിക സമ്മേളനം വിജയകരമായി സംഘടിപ്പിച്ചു.

» കടലാമയുടെ സംരക്ഷണത്തിന്റെ പ്രാധാന്യം അടിസ്ഥാനമാക്കിയുള്ള ഒരു ഹ്രസ്വ വീഡിയോ തയ്യാറാക്കി

### 3.2. ആക്സസ് ആൻഡ് ബെനിഫിറ്റ് ഷെയറിങ് (എ.ബി.എസ്) & ലീഗൽ ഇഷ്യൂസ്

» റെഡ് ഡാറ്റാ ബുക്ക് തയ്യാറാക്കലും കേരളത്തിലെ വംശനാശഭീഷണി നേരിടുന്ന ഇനങ്ങളുടെ വിലയിരുത്തലും പദ്ധതി

» വംശനാശഭീഷണി നേരിടുന്ന ജൈവവൈവിധ്യ നിയമത്തിന് കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സസ്യങ്ങളുടെ പ്രചരണത്തിനായി നഴ്സറികൾ വികസിപ്പിക്കുന്ന പദ്ധതി

» വന്യമായതും അധികമായി പ്രചാരത്തിൽ ഇല്ലാത്ത കാർഷിക വിളകളുടെ തിരിച്ചറിയൽ, ഡാറ്റാബേസ് സൃഷ്ടിക്കൽ, പ്രചരിപ്പിക്കൽ, സംരക്ഷണം, മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ വികസിപ്പിക്കൽ പദ്ധതി

» വെള്ളായണിയിലെ കാർഷിക കോളേജിലെ

പരിസ്ഥിതി പുനരുദ്ധാരണവും കാർഷിക വൈവിധ്യസംരക്ഷണവും പദ്ധതി

» ജൈവ അധിനിവേശങ്ങൾ പ്രവണതകൾ, ഭീഷണികൾ, നിയന്ത്രണങ്ങളും ദേശീയ സമ്മേളനം നടത്തി
» എ.ബി.എസ് ധനസഹായ പദ്ധതി
» 'സുസ്ഥിര ഉപജീവനത്തിനായി ചെറുതേനീച്ച വളർത്തൽ രീതി നടപ്പിലാക്കൽ' പദ്ധതി
» സുന്ദരവനം പദ്ധതി
» ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള നൈപുണ്യ വികസന പരിപാടി
» ജൈവവിഭവങ്ങളിലേക്കുള്ള പ്രവേശനത്തി നുള്ള അംഗീകാരങ്ങൾ
» ജൈവവൈവിധ്യ ഗവേഷണം
» ജൈവവൈവിധ്യ പഠനം
» എറണാകുളം ജില്ലയിലെ തേവക്കൽ-പൊന്ന ക്കുടം കാവ്'
» കല്ലുകടവ് തണ്ണീർത്തട പ്രദേശങ്ങൾ - കോട്ടയം കല്ലറ ഗ്രാമപഞ്ചായത്തിലെ
» ജീരകപ്പാറ (തുഷാരഗിരി), കോടഞ്ചേരി, കോഴിക്കോട്
» കഠിനംകുളം തടാകം, തിരുവനന്തപുരം
» കാരിച്ചാൽ തടാകം, തിരുവനന്തപുരം
» പഴഞ്ചിറ കുളം ചിറയിൻകീഴ്
» ആലപ്പുഴയിലെ പള്ളിപ്പുറം കൽ പ്രദേശങ്ങൾ
» പെരുമ്പളം, വേമ്പനാട് -
» പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്തിലെ രാമശ്ശേരി മല
» ജൈവവൈവിധ്യ ഗവേഷണത്തിനായുള്ള ഡോക്ടറൽ ഫെലോഷിപ്പുകൾ
» കെ.എസ്.ബി.ബി ഇന്റേൺഷിപ്പ് പരിപാടി
» ചുവന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവജാലങ്ങളുടെ എക്സിറ്റു കൺസർവേറ്ററികൾ
» കേരള സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും പ്രവർത്തന പദ്ധതിയും 2022
» കേരള പുന:നിർമ്മാണ പദ്ധതി (RKI): കേരളത്തിൽ വ്യാപാരം ചെയ്യാവുന്നതും/ വാണിജ്യ സാധ്യതകളുള്ളതുമായ ജൈവവിഭവങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കലും അവയുടെ സാമ്പത്തിക മൂല്യനിർണയവും പദ്ധതി
» നാട്ടറിവ് എഴുത്തുശാലകൾ

### 3.3. ജൈവവൈവിധ്യ ബോധവൽക്കരണവും പരിശീലനവും

» ദിനാചരണങ്ങൾ സംഘടിപ്പിച്ചു (അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം, പരിസ്ഥിതി ദിനം, ലോക വന ദിനം, ലോക ജല ദിനം, കാലാവസ്ഥാ ദിനം)
» 130 ജൈവവൈവിധ്യക്ലബ്ബ്കൾക്ക് സാമ്പത്തിക സഹായം
» ജൈവവൈവിധ്യ ക്ലബ്ബ്കൾക്കായുള്ള മൂന്ന് മേഖലാതല ശില്പശാലകൾ സംഘടിപ്പിച്ചു
» പതിനഞ്ചാമത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു
» കാർഷിക ജൈവവൈവിധ്യ പ്രോജക്ട് -വിത്തു ത്സവങ്ങൾ സംഘടിപ്പിച്ചു
» കെ.എസ്.ബി.ബി - ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം
» ജൈവവൈവിധ്യ സെമിനാർ/ശിൽപ്പശാല/ സിമ്പോസിയം
» 'R' പ്രോഗ്രാമിംഗിനെക്കുറിച്ചുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്സംഘടിപ്പിച്ചു
» കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ അവാർഡുകൾ
» കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു
» ന്യൂസ്ലെറ്റർ - മാർച്ച് 2023 വരെ 7 ലക്കം
» 82 സ്ഥാപനങ്ങളിൽ നിന്നായി 4652 വിദ്യാർത്ഥികളും, 1163 പൊതുജനങ്ങളും ജൈവവൈവിധ്യ മ്യൂസിയം സന്ദർശിച്ചു
» കൂണുകളിലെ ജൈവവൈവിധ്യം -പരിശീലന പരിപാടി സംഘടിപ്പിച്ചു
» കൊക്കോഡാമ പരിശീലന പരിപാടി സംഘടിപ്പിച്ചു

# 4 ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ

### പ്രധാന നേട്ടങ്ങൾ

- » പ്രാദേശികതലത്തിൽ നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനത്തിനായി 11 ബി.എം.സി. കൾക്ക് ധനസഹായം നൽകി.
- » പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി. റിപ്പോർട്ട് കാലയളവിൽ പി.ബി.ആർ. അപ്ഡേറ്റ് ചെയ്യുന്നതിനായി പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുള്ള എല്ലാ ബി.എം.സി. കൾക്കും മേഖലാതല പരിശീലനങ്ങൾ സംഘടിപ്പിച്ചു.
- » കാലിക്കറ്റ് സർവ്വകലാശാല ബൊട്ടാണിക്കൽ ഗാർഡൻ ബി.എച്ച്. എസിന്റെ കരട് വിജ്ഞാപനത്തിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചു.
- » കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ വച്ച് ഫെബ്രുവരി 20 ന് ബി.എം.സി. മീറ്റ് പരിപാടി സംഘടിപ്പിച്ചു. 185 ബി.എം.സി. കളിൽ നിന്നും 390 പേർ പരിപാടിയിൽ പങ്കെടുത്തു.
- » 229 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബി.എം.സി. യോഗം ചേർന്നു.
- » പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ മാർഗ്ഗരേഖ (LBSAP) തയ്യാറാക്കുന്നതിനായി ആലപ്പുഴ, ഇടുക്കി, കണ്ണൂർ എന്നിവിടങ്ങളിലെ 21 ബി.എം.സി. കൾക്ക് ഫണ്ട് അനുവദിച്ചു.
- » പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ മാർഗ്ഗരേഖ (LBSAP) തയ്യാറാക്കാനുള്ള മാർഗ്ഗനിർദേശങ്ങൾ തയ്യാറാക്കി.
- » പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ മാർഗ്ഗരേഖ (LBSAP) തയ്യാറാക്കാനുള്ള പരിശീലനം സംസ്ഥാനതലത്തിൽ നൽകി.
- » പി.ബി.ആർ. രണ്ടാം പതിപ്പ് തയ്യാറാകുന്ന മാർഗ്ഗരേഖ തയ്യാറാക്കി സംസ്ഥാനതല പരിശീലനം നൽകി.
- » പി.ബി.ആർ. രണ്ടാം പതിപ്പ് തയ്യാറാക്കുന്നതിനുള്ള പ്രാദേശിക പരിശീലനങ്ങൾ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നൽകി.
- » ഇ-പി.ബി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ ഡാറ്റ ലിസ്റ്റ് തയ്യാറാക്കി
- » ആർ.കെ.ഐ. പമ്പാപദ്ധതിയുടെ ഭാഗമായി കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ ജൈവവൈവിധ്യ ഉദ്യാനം പൂർത്തിയാക്കി ഉത്ഘാടനം നടത്തി
- » ആർ.കെ.ഐ. പമ്പാപദ്ധതിയുടെ ഭാഗമായി നഴ്സറി തയാറാക്കൽ, ഔഷധ സസ്യതൈകൾ തയ്യാറാക്കൽ, തേനീച്ച വളർത്തൽ, കൂൺ വളർത്തൽ എന്നിവയിൽ പത്തനംതിട്ട കൃഷി വിഗ്യാൻ കേന്ദ്രം മുഖാന്തിരം പരിശീലനം നൽകി.
- » ആർ.കെ.ഐ. പമ്പാപദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത വീടുകളിൽ ജൈവവൈവിധ്യം പരിപോഷിപ്പിക്കാൻ ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ അടങ്ങിയ തൈകൾ വിതരണം ചെയ്തു.
- » രണ്ടാം ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി ഫെബ്രുവരി 20 നു ടി.എസ്.ജി. അംഗങ്ങളുടെ പ്രാദേശിക സമ്മേളനം വിജയകരമായി സംഘടിപ്പിച്ചു.
- » കടലാമയുടെ സംരക്ഷണത്തിന്റെ പ്രാധാന്യം അടിസ്ഥാനമാക്കിയുള്ള ഒരു ഹൃസ്വ വീഡിയോ തയ്യാറാക്കി

### 4.1. നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനം ബി.എം.സി. കളിലൂടെ:-

ബി.എം.സി.കൾ മുഖേന പ്രാദേശികതലത്തിൽ നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനത്തിനായി ഒരു നൂതന പദ്ധതിയ്ക്ക് റിപ്പോർട്ട് കാലയളവിൽ ബോർഡ് തുടക്കംകുറിച്ചു. പ്രാരംഭ പദ്ധതിയെന്ന നിലയിൽ, ബി.എം.സി.കൾ സമർപ്പിച്ച് പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന പ്രൊപ്പോസലുകൾ തിരഞ്ഞെടുക്കുകയും, ബന്ധപ്പെട്ട ബി.എം.സി.കൾക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ധനസഹായം നൽകുകയും ചെയ്തു.

| ക്രമ നം. | തിരഞ്ഞെടുത്ത ബി.എം. സി. യുടെ പേര്, ജില്ല | നിർദ്ദിഷ്ട പദ്ധതിയുടെ പേര്, പ്രധാന പദ്ധതി പ്രവർത്തനങ്ങൾ | അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 1. | പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം | » 'ആവാസതീരം' – ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന കഠിനംകുളം, മംഗലപുരം, അഴൂർ, ആർകോണം എന്നീ ഗ്രാമപഞ്ചായത്തുകളിലെ കായലോര മേഖലയിൽ കണ്ടൽവൽക്കരണവും പരിപാലനവും. | 5 ലക്ഷം |
| 2. | ചിതറ ഗ്രാമപഞ്ചായത്ത്, കൊല്ലം | » മെരിസ്റ്റിക്ക ചതുപ്പുകളുടെ സംരക്ഷണം – അരിപ്പ വാർഡിലെ 10 ഹെക്ടർ മെരിസ്റ്റിക്ക ചതുപ്പുകളുടെ സംരക്ഷണം, പക്ഷി ആവാസ വ്യവസ്ഥയുടെ സംരക്ഷണം, ഇത്തിക്കരയാറിന്റെ നീർച്ചാലുകളെ സംരക്ഷിച്ച് നീരൊഴുക്ക് വർദ്ധിപ്പിക്കുക | 4 ലക്ഷം |
| 3. | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്, ഇടുക്കി | » കുളങ്ങര കാവിന്റെ ജൈവ-ആവാസവ്യവസ്ഥാ സംരക്ഷണ പദ്ധതി(50 സെന്റ് വിസ്തൃതി) | 3 ലക്ഷം |
| 4. | പെരുമ്പാവൂർ നഗരസഭ, എറണാകുളം | » പെരിയാറിന്റെ തീരസംരക്ഷണം<br>» മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള ഒരു കിലോമീറ്റർ പെരിയാറിന്റെ തീരം രാമച്ചം വച്ചുപിടിപ്പിച്ച് സംരക്ഷിക്കൽ. | 3 ലക്ഷം |
| 5. | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | » സുസ്ഥിര ജീവനോപാധി ഉറപ്പുവരുത്തിക്കൊണ്ടുള്ള തീരദേശ ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനം.<br>» തീരദേശ കാവുകൾക്ക് അനുയോജ്യമായിട്ടുള്ള തനതിനങ്ങൾ വികസിപ്പിക്കുന്നതിന് നഴ്സറി തയ്യാറാക്കൽ.<br>» കൈതകളാൽ സമൃദ്ധമായ മണൽ നിറഞ്ഞ ബീച്ച് ആവാസവ്യവസ്ഥ, കനോലി കനാലിന്റെ തീരം, കാവുകൾ തുടങ്ങി മൂന്നുതരം തീരദേശ ആവാസ വ്യവസ്ഥകളുടെ പുനസ്ഥാപനം. | 5 ലക്ഷം |
| 6. | വാഴയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം | » 'വീരം വാഴയൂർ' പദ്ധതി – വാഴയൂരിലെ തണ്ണീർത്തട ആവാസവ്യവസ്ഥയുടെ പുനരുജ്ജീവന, പരിപോഷണ, പരിപാലനത്തിനുള്ള പദ്ധതി.<br>» നിർദ്ദിഷ്ട പദ്ധതി പ്രവർത്തനങ്ങൾ:<br>» ചാലിയാറിന്റെ തീരത്ത് മുള, ഈറ, ഇതര അനുയോജ്യ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് തീരശോഷണം തടയൽ.<br>» നീലക്കാലൻ കൊഞ്ചിനെ അതിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ സംരക്ഷിക്കലും, അവയുടെ വംശവർദ്ധനവും.<br>» ദേശാടനപക്ഷികളുടെ ആവാസവ്യവസ്ഥാ സംരക്ഷണം. | 5 ലക്ഷം |
| 7. | കായണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | » കരികൻപാറ സ്വാഭാവിക പച്ചത്തുരുത്ത് സംരക്ഷണം (60 സെന്റ്)<br>» 'മുൻവർഷങ്ങളിലെ പ്രകൃതി ദുരന്തങ്ങളിൽ നാശോന്മുഖമായിപ്പോയ കരികൻപാറ ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനം. | 2 ലക്ഷം |

| | | | |
|---|---|---|---|
| 8. | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | » നടുത്തുരുത്തി സംരക്ഷണം - കോരപ്പുഴയിലെ നടുത്തുരുത്തി എന്ന തുരുത്തിന്റെ കര ഇടിയുന്നത് തടയുന്നതിനായി തുരുത്തിന്റെ തെക്കേ മുനമ്പിന്റെ ഇരുഭാഗത്തും മുളങ്കൂട്ടങ്ങൾ, ഇതര അനുയോജ്യ സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിച്ച് സംരക്ഷിക്കൽ. | 3 ലക്ഷം |
| 9. | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്, വയനാട് | » ശ്രീ പനങ്കി കരിയാത്തൻ കാവ്, ശ്രീ കാവുമുറ്റം കഭദ്ര കാവ് എന്നീ കാവുകളുടെ ജൈവ-ആവാസവ്യവസ്ഥാ സംരക്ഷണം | 5 ലക്ഷം |
| 10. | ബേഡഡുക്ക ഗ്രാമപഞ്ചായത്ത്, കാസർഗോഡ് | » കർഷകരുടെ തനത് തെങ്ങിനമായ ബേഡകം തെങ്ങിന്റെ സംരക്ഷണം | 3 ലക്ഷം |
| 11. | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | » ഗ്രാമപഞ്ചായത്തിലെ എരഞ്ഞിപ്പുഴ, തച്ചർപുഴ, എന്നീ ജലാശയങ്ങളുടെ സമീപത്തായുള്ള സ്വാഭാവിക തുരുത്തുകൾ, പുഴയോരങ്ങൾ, കണ്ടൽക്കാടുകൾ, ദേശാടന ജീവികളുടെ ആവാസകേന്ദ്രങ്ങൾ തുടങ്ങിയവയുടെ സംരക്ഷണം.. | 6 ലക്ഷം |
| | | **ആകെ** | **44 ലക്ഷം** |

**4.2. പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കൽ:-** നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ (പി.ബി.ആർ.) വിലയിരുത്തൽ, അപ്ഡേഷൻ എന്നിവയിലൂടെ പി.ബി.ആർ.രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ വികസിപ്പിക്കുന്നതിനാണ് റിപ്പോർട്ട് കാലയളവിൽ ബോർഡ് പ്രധാനമായും ഊന്നൽ നൽകിയിരുന്നത്. ബി.എം.സി. കൾ മുഖേന പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനായി, നിലവിലെ പി.ബി.ആറുകളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിക്കൊണ്ട് കരട് മാർഗ്ഗരേഖ ബോർഡ് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗരേഖ അന്തിമമാക്കുന്നതിന് മുന്നോടിയായി 19.07.2022, 20.07.2022, 10.08.2022 തീയതികളിലായി വിവിധ വിദഗ്ദ്ധതല ചർച്ചകൾ ബോർഡ് നടത്തുകയുണ്ടായി. കൂടാതെ, തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്രതിനിധികൾ, അനുബന്ധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ, തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെയും, നഗരസഭകളിലെയും ബി.എം.സി. ചെയർപേഴ്സൺമാർ, സെക്രട്ടറിമാർ തുടങ്ങിയ തൽപ്പരകക്ഷികളെ പങ്കെടുപ്പിച്ചുകൊണ്ട് 20.09.2022 ന് സംസ്ഥാനതല ശില്പശാലയും സംഘടിപ്പിച്ചു. വിദഗ്ദ്ധതല ചർച്ചകൾ, സംസ്ഥാനതല ശില്പശാല എന്നിവയിലൂടെ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അന്തിമമാക്കിയത്.

മാർഗ്ഗരേഖ വികസിപ്പിച്ചതിനു ശേഷം, ജില്ലാതല പ്ലാനിംഗ് ഓഫീസുകളുടെ സഹായത്തോടെ നടപ്പുവർഷം പി.ബി.ആർ. അപ്ഡേഷനുവേണ്ടി പ്ലാൻ ഫണ്ടിലുൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ള 128 തദ്ദേശഭരണ സ്ഥാപനങ്ങളെ കണ്ടെത്തുകയും, മേഖലാതല പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ബന്ധപ്പെട്ട ബി.എം.സി.കൾക്കായി ആകെ മൂന്നു മേഖലാതല പരിശീലനങ്ങൾ ജനുവരി 16 മുതൽ 18 വരെ യഥാക്രമം കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലായി സംഘടിപ്പിച്ചു.





**4.3. ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (BHS):-** കാലിക്കറ്റ് സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന്റെയും, മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് ബി.എം.സി. യുടെ ശുപാർശ യുടെയും അടിസ്ഥാനത്തിൽ, കാലിക്കറ്റ് സർവ്വകലാശാല ബൊട്ടാണിക്കൽ ഗാർഡൻ ബി.എച്ച്.എസ്സ്. പ്രഖ്യാപനത്തിനായുള്ള പ്രൊപ്പോസൽ കരട് വിജ്ഞാപനത്തിനായി റിപ്പോർട്ട് കാലയളവിൽ സർക്കാരിന് സമർപ്പിച്ചു.

**4.4. ബി.എം.സി. മീറ്റ്:-** കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ വച്ച് ഫെബ്രുവരി 18 മുതൽ 20 വരെ നടത്തിയ രണ്ടാമത് സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി ഫെബ്രുവരി 20 ന് ബി.എം.സി. മീറ്റ് സംഘടിപ്പിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. ചെയർപേഴ്സൺമാർ, സെക്രട്ടറിമാർ, കൺവീനർമാർ എന്നിവർക്കുവേണ്ടിയാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ എല്ലാ ബി.എം.സി.കളെയും, മറ്റു ജില്ലകളിൽ നിന്നും ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ വിവിധ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാ ക്കുന്നതും, പ്രാദേശികതല ജൈവവൈവിധ്യ കർമ്മപദ്ധതികൾ തയ്യാറാക്കിവരുന്നതും, പി.ബി.ആർ. അപ് ഡേഷനുവേണ്ടി ഫണ്ട് വകയിരുത്തിയിട്ടുള്ളതുമായ തിരഞ്ഞെടുത്ത ബി.എം.സി.കളെയുമാണ് പരിപാടി യുടെ ഭാഗമായി ക്ഷണിച്ചിരുന്നത്. പ്രാദേശികതല പാരിസ്ഥിതിക -ജൈവ-ആവാസവ്യവസ്ഥകൾക്കനു സൃതമായി സുസ്ഥിര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വെല്ലുവിളികളെ നേരിടുന്നതിന് സജ്ജരാക്കുന്നതിനും, മറ്റു ബി.എം.സി. കളുടെ അനുഭവങ്ങളും മാതൃകാ പ്രവർത്തനങ്ങളും പങ്കിടുന്നതിലൂടെ പ്രാദേശികമായിട്ട് ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പി ലാക്കുന്നതിനുള്ള സാധ്യകൾ കണ്ടെത്തുന്നതിനും ബി.എം.സി.കളെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ ത്തോടുകൂടിയാണ് ബി.എം.സി. മീറ്റ് സംഘടിപ്പിച്ചത്.

പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ബഹു. എം.എൽ.എ (കൊയിലാണ്ടി നിയോജകമണ്ഡലം) ശ്രീമതി. കാനത്തിൽ ജമീല നിർവ്വഹിച്ചു. കെ.എസ്.ബി.ബി. ചെയർമാൻ ഡോ. സി. ജോർജ്ജ് തോമസ് അധ്യക്ഷത വഹിക്കുകയും, ബോർഡ് അംഗം ഡോ. കെ.റ്റി. ചന്ദ്രമോഹനൻ സ്വാഗതം ആശംസിക്കുകയും, മെമ്പർ സെക്രട്ടറി ഡോ. എ.വി. സന്തോഷ്കുമാർ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനായി ബോർഡ് തയ്യാറാക്കിയ മാർഗ്ഗരേഖ ഉദ്ഘാടന ചടങ്ങിൽ വച്ച് കില ഡയറ ക്ടർ ജനറൽ ഡോ. ജോയ് ഇളമണിന് കൈമാറിക്കൊണ്ട് ബഹു. എം.എൽ.എ. ശ്രീമതി. കാനത്തിൽ ജമീല പ്രകാശനം ചെയ്തു.






'സുസ്ഥിര വികസന ലക്ഷ്യങ്ങളും ജൈവവൈവിധ്യ സംരക്ഷണവും' എന്ന വിഷയത്തിൽ കില ഡയറ ക്ടർ ജനറൽ ഡോ. ജോയ് ഇളമണിന്റെ അവതരണത്തോടുകൂടിയാണ് ടെക്നിക്കൽ സെഷൻ ആരംഭിച്ചത്. തുടർന്ന്, മികച്ച പ്രവർത്തനം നടത്തിവരുന്ന തിരഞ്ഞെടുത്ത ബി.എം.സി. കളുടെ പ്രവർത്തനാവതരണം നടക്കുകയുണ്ടായി. ബോർഡ് അംഗം ശ്രീ. കെ.വി. ഗോവിന്ദൻ ടെക്നിക്കൽ സെഷന്റെ മോഡറേറ്ററായി വർത്തിച്ചു. കള്ളിക്കാട് ഗ്രാമപഞ്ചായത്ത്, ചിതറ ഗ്രാമപഞ്ചായത്ത്, പന്തളം നഗരസഭ, റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത്, മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, കല്ലൂർ ഗ്രാമപഞ്ചായത്ത്, അറക്കുളം ഗ്രാമപഞ്ചായ ത്ത്, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്, ആതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, അകത്തേത്തറ ഗ്രാമപഞ്ചായത്ത്, അഴിയൂർ ഗ്രാമപഞ്ചായത്ത്, പെരുമണ്ണ ഗ്രാമപഞ്ചായത്ത്, എടവക ഗ്രാമ

പഞ്ചായത്ത്, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്, കതിരൂർ ഗ്രാമപഞ്ചായത്ത്, കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് എന്നീ 18 ബി.എം.സി. കൾ അവതരണം നടത്തി. അവതരണവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മോഡറേറ്റർ ശ്രീ. കെ.വി. ഗോവിന്ദൻ മറുപടി നൽകി. 185 ബി.എം.സി. കളിൽ നിന്നായി 390 പേർ ബി.എം.സി. മീറ്റിൽ പങ്കെടുത്തു.

**4.5.പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കൽ:**

സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (15) പ്രകാരം, ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും (ബി.എം.സി. കളിൽ) തയ്യാറാക്കിയിട്ടുള്ള പി.ബി.ആറിലെ വിവരങ്ങളെ ആസ്പദമാക്കി, ജൈവവൈവിധ്യ ബോർഡുമായി കൂടിയാലോചിച്ച്, ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി പ്രാദേശികതലത്തിൽ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം മുൻനിർത്തിയുള്ള സുസ്ഥിര വികസന പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനത്തെ അനുരൂപപ്പെടുത്തുന്നതിനും പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഈയൊരു ഉദ്ദേശ്യത്തോടു കൂടിയാണ് പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള ഈ പുതിയ പദ്ധതി കെ.എസ്.ബി.ബി. നടപ്പിലാക്കുന്നത്. പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദിഷ്ട മാർഗ്ഗരേഖ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. അന്തർദേശീയവും ദേശീയവുമായ ജൈവവൈവിധ്യ നയങ്ങളും ലക്ഷ്യങ്ങളും പ്രാദേശിക തലത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തന പദ്ധതികളിലേക്ക് വിവർത്തനം ചെയ്യാൻ ഇത് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആദ്യഘട്ടത്തിൽ പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ മാർഗ്ഗരേഖ (LBSAP) തയ്യാറാക്കുന്നതിനായി ആലപ്പുഴ, ഇടുക്കി, കണ്ണൂർ എന്നിവടങ്ങളിലെ താഴെ പറയുന്ന 21 ബി.എം.സി. കൾക്ക് ഫണ്ട് അനുവദിച്ചു.

| ക്രമ നം. | ജില്ല | തദ്ദേശസ്ഥാപനത്തിന്റെ/ ബി.എം.സി. യുടെ പേര് | പദ്ധതിയ്ക്കായി അനുവദിക്കുന്ന തുക (രൂപ) |
|---|---|---|---|
| 1. | കണ്ണൂർ | 1. അഞ്ചരക്കി ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 2. വെങ്ങാട്ട് ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 3. പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 4. ചെമ്പിലോട്ട് ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 5. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 6. പന്ന്യന്നൂർഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 7. മലപ്പട്ടം ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 8. എരമം കുറ്റൂർഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| 2. | ആലപ്പുഴ | 9.വീയപുരം ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 10.മാരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 11. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 12. തകഴി ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 13. കൈനകിരി ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 14. വയലാർ ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| 3. | ഇടുക്കി | 15. അറക്കുളം ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 16. കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 17. കൊടികുളം ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 18. പുറപ്പുഴ ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 19. കാമാക്ഷി ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 20. ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |
| | | 21. വെളിയാമറ്റം ഗ്രാമപഞ്ചായത്ത് | Rs. 2,00,000/- |

**കെ.എസ്.ബി.ബി. ഇടുക്കി ജില്ലയിൽ 03.02.2023 എന്ന തീയതിയിലും, കണ്ണൂർ ജില്ലയിൽ 15.02.2023 എന്ന തീയതിയിലും പ്രാദേശിക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ആലപ്പുഴ ജില്ലയിൽ ഏപ്രിൽ മാസത്തിൽ പരിശീലനം നൽകുവാനാണ് പദ്ധതിയിടുന്നത്. ഈ പദ്ധതി ആറു മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.**

**4.6. പി.ബി.ആർ. ഡിജിറ്റലൈസേഷൻ:**

കെ.എസ്.ബി.ബി എൻ.ഐ.സി.-കേരള യുടെ സാങ്കേതിക സഹായത്തോടെ പി.ബി. ആർ.ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം (BIOMIS) തയ്യാറാക്കിയിരുന്നു. ബി.എം.സി. തലത്തിൽ ഇവ ചെയ്യുന്നതിനായി ടെക്നിക്കൽ അസിസ്റ്റന്റ് മാരെ തിരഞ്ഞെടുക്കുകയും അവർക്കു ഇതിന്റെ സാങ്കേതികസഹായം ബോർഡ് നേരിട്ട് നൽകുകയും ചെയ്തു. ബി.എം.സി. തല ഡാറ്റ എൻട്രികൾ പുരോഗമിച്ചു വരുന്നു. ബോർഡ് കേരളത്തിലെ വിവിധ പി.ബി.ആറുകളിലെ പ്രധാന ജൈവവൈവിധ്യത്തിന്റെ മാസ്റ്റർ ഡാറ്റ തയ്യാറാക്കുകയും ഇവ BIOMIS സോഫ്ട്വെയറിൽ ഉൾപ്പെടുത്തുന്നതിനായി എൻ.ബി.എ, എൻ.ഐ.സി. എന്നിവർക്ക് അയച്ചു നൽകിയിട്ടുണ്ട്.

**4.7. ആർ.കെ.ഐ. പമ്പാനദീതീര ജൈവവൈവിധ്യപുനരുജ്ജീവനപദ്ധതി**

കേരളത്തിൽ 2018 ലെ പ്രളയം മൂലം നശിച്ച പമ്പാ നദിയുടെ നദീതീരജൈവവൈവിധ്യ പുനരുജ്ജീവനത്തിനായി കേരള പുനർനിർമ്മാണ പദ്ധതിയുടെ (ആർ.കെ.ഐ.) സാമ്പത്തിക സഹായത്തോടെ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മേൽനോട്ടത്തിൽ നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ, പമ്പാ നദീതീരത്ത് ജൈവവൈവിധ്യ ശോഷണം കൂടുതലായി സംഭവിച്ചിട്ടുള്ള പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ, കോയിപ്പുറം, റാന്നി, പന്തളം ബ്ലോക്കു പഞ്ചായത്തുകളിലുൾപ്പെട്ട ചെറുകോൽ, കോഴഞ്ചേരി, അയിരൂർ, റാന്നി, റാന്നി-പഴവങ്ങാടി, റാന്നി-അങ്ങാടി, റാന്നി-പെരുനാട്, വടശ്ശേരിക്കര, വെച്ചൂച്ചിറ, നാറണമ്മൂഴി, ആറന്മുള, തോട്ടപ്പുഴശ്ശേരി, മല്ലപ്പുഴശ്ശേരി, കോയിപ്പുറം എന്നീ 14 ഗ്രാമപഞ്ചായത്തുകളിലായിട്ടാണ് ടി പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഈ കാലയളവിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ നടപ്പിലാക്കി

**a. ഗാർഹിക ജൈവവൈവിധ്യ പുനരുജ്ജീവനം:**

ഈ പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശത്തെ വീടുകളിലെ ഗാർഹിക ജൈവവൈവിധ്യ പുനരുജ്ജീവനം നടത്തുന്നതിനായി തിരഞ്ഞെടുത്ത 3000 ത്തോളം വീടുകളിൽ വിവിധ ഔഷധ സസ്യങ്ങൾ, ഫല വൃക്ഷങ്ങൾ എന്നിവയുടെ തൈകൾ, ഈ പദ്ധതിയെ പറ്റിയും ഈ സസ്യങ്ങളുടെ പ്രാധാന്യത്തെ കുറിച്ചുമുള്ള കൈപ്പുസ്തകം എന്നിവ ബി.എം.സി. കളുടെ സഹകരണത്തോടെ വിതരണം ചെയ്തു. വടശ്ശേരിക്കര (21.04.2022), വെച്ചൂച്ചിറ (06.05.2022), ചെറുകോൽ (06.04.2022), കൂടാതെ മുൻപ് കോഴഞ്ചേരി (18.03.2022), റാന്നി-അങ്ങാടി (21.03.2022), റാന്നി-പഴവങ്ങാടി (31.03.2022), അയിരൂർ (12.04.2022) എന്നീ ബി.എം.സി. കളിൽ വിതരണം നടത്തി.





**b** ഉപജീവന പരിശീലന പരിപാടി: ഈ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ ICAR കൃഷി വിഗ്യാൻ കേന്ദ്രയുടെ സാങ്കേതികസഹായത്തോടെ പുഴയോര ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവിധ ഉപജീവന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

**b**.1. നഴ്സറി തയ്യാറാക്കൽ: പദ്ധതി പ്രദേശത്തിലെ ബി.എം.സി. കളിൽ നിന്നും തിരഞ്ഞെടുത്ത 10 പ്രദേശവാസികൾക്ക് രണ്ടു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി 2022 ഏപ്രിൽ 18,19, എന്നീ തീയതികളിൽ ICAR കൃഷി വിഗ്യാൻ കേന്ദ്രത്തിൽ വച്ച് നൽകി. ഇവർക്ക് നഴ്സറി തയ്യാറാക്കാനുള്ള വിവിധ വിഷയങ്ങളിൽ വിശദമായ പരിശീലനം വിദഗ്ദ്ധർ നൽകുക മാത്രമല്ല അവർക്കു സ്വന്തമായി നഴ്സറി ആരംഭിക്കാനുള്ള അത്യാവശ്യ സാമഗ്രികളും വിതരണം ചെയ്തു.







**b**.2. കൂൺ വളർത്തൽ : പദ്ധതി പ്രദേശത്തിലെ ബിഎംസി കളിൽ നിന്നും തിരഞ്ഞെടുത്ത 10 പ്രദേശവാസികൾക്ക് രണ്ടു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി 2022 മെയ് 17, 18,എന്നീ തീയതികളിൽ ICAR കൃഷി വിഗ്യാൻ കേന്ദ്രത്തിൽ വച്ച് നൽകി. ഇവർക്ക് വിശദമായ പരിശീലനം വിദഗ്ദ്ധർ മൂലം നൽകുക മാത്രമല്ല അവർക്കു സ്വന്തമായി കൂൺ വളർത്തൽ ആരംഭിക്കാനുള്ള അത്യാവശ്യ സാമഗ്രികളും വിതരണം ചെയ്തു.

**b**.3 തേനീച്ച വളർത്തൽ: പദ്ധതി പ്രദേശത്തിലെ ബി.എം.സി. കളിൽ നിന്നും തിരഞ്ഞെടുത്ത 10 പ്രദേശവാസികൾക്ക് രണ്ടു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി 2022 മെയ് 30, 31, എന്നീ തീയതികളിൽ ICAR കൃഷി വിഗ്യാൻ കേന്ദ്രത്തിൽ വച്ച് നൽകി. ഇവർക്ക് തേനീച്ച കൂടു തയ്യാറാക്കൽ, തേനീച്ച പരിപാലനം, തേൻ ശേഖരിക്കൽ, തേൻ തയ്യാറാകുന്ന പ്രക്രീയ എന്നിങ്ങനെയുള്ള വിഷയങ്ങളിൽ വിശദമായ പരിശീലനം വിദഗ്ദ്ധർ മൂലം നൽകുക മാത്രമല്ല അവർക്കു സ്വന്തമായി തേനീച്ച വളർത്തൽ ആരംഭിക്കാനുള്ള അത്യാവശ്യ സാമഗ്രികളും വിതരണം ചെയ്തു.






**b**.4 ഔഷധ സസ്യങ്ങളുടെ നഴ്സറി തയ്യാറാക്കൽ : പദ്ധതി നടപ്പിലാക്കുന്ന റാന്നി അങ്ങാടി ബി.എം.സി. യിൽ നിന്നും തിരഞ്ഞെടുത്ത 10 പ്രദേശവാസികൾക്ക് രണ്ടു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി 2022 ജൂൺ 27, 28, എന്നീ തീയതികളിൽ ICAR കൃഷി വിഗ്യാൻ കേന്ദ്രത്തിൽ വച്ച് നൽകി. ഇവർക്ക് നഴ്സറി തയ്യാറാക്കാനുള്ള വിവിധ വിഷയങ്ങളിൽ വിശദമായ പരിശീലനം വിദഗ്ദ്ധർ മൂലം നൽകി. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ പദ്ധതിയിടുന്ന നഴ്സറി, ജൈവവൈവിധ്യ ഉദ്യാനം എന്നിവടങ്ങളിൽ ഈ പരിശീലനം നേടിയ പ്രദേശവാസികൾക്ക് പ്രവർത്തിക്കാൻ സഹായകമാകുന്നതാണ്.

c) ജൈവവൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കൽ : ഈ പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിലെ ലഭ്യമായ 10 സെന്റ് സ്ഥലത്തു വിവിധ സസ്യജാതികൾ അടങ്ങിയ ജൈവവൈവിധ്യ ഉദ്യാനങ്ങൾ തയ്യാറാക്കി. ഇതിനായി പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള സുസ്ഥിര എന്ന ഏജൻസിയെ തിരഞ്ഞെടുത്തു നിർമ്മാണ ചുമതല നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ടിങ് സമയത്തു 9 ജൈവവൈവിധ്യ ഉദ്യാനങ്ങൾ തയ്യറാക്കിക്കഴിഞ്ഞു.

1. വടശ്ശേരിക്കര ബി.എം.സി. യിലെ തലച്ചിറ ഗവ. എൽ.പി. സ്കൂൾ പരിസരത്തു തയ്യാറാക്കിയ ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഉത്ഘാടനം ശ്രീ. രാജു എബ്രഹാം, മുൻ എം.എൽ.എ, ജില്ലാ മോണിറ്ററിങ് കമ്മിറ്റി അംഗം 05.06.2022 നു നിർവ്വഹിച്ചു. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ലത മോഹൻ, ബ്ലോക്ക് മെമ്പർ ശ്രീമതി. കോമളം അനിരുദ്ധൻ, വാർഡ് മെമ്പർമാർ, സ്കൂൾ ഹെഡ് മാസ്റ്റർ, പി.ടി.എ. പ്രതിനിധികൾ, പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ ശ്രീ. അരുൺ സി. രാജൻ, തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതർ ആയിരുന്നു.
2. നാറാണമുഴി ഗ്രാമപഞ്ചായത്തിലെ ഇടമുറി ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഉത്ഘാടനം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി. ജെസ്സി അലക്സ്, നാറാണമുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ബീന ജോയ് എന്നിവർ നിർവ്വഹിച്ചു. വൈസ്പ്രസിഡന്റ് ശ്രീ. രാജൻ നീറംപ്ലാക്കൽ, പി.ടി.എ പ്രസിഡന്റ് ശ്രീ. പ്രസന്നകുമാർ, എച്ച്.എസ്.എസ് പ്രിൻസിപ്പൽ, എച്ച്.എസ്.എച്ച്.എം. ഇൻചാർജ്, വാർഡ് അംഗങ്ങൾ, പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ ശ്രീ. അരുൺ സി. രാജൻ, എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.
3. കോഴഞ്ചേരിയിലെ ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഉത്ഘാടനം: കോഴഞ്ചേരി ഗവർമെന്റ് ഹൈ സ്കൂളിൽ നിർമിച്ച ജൈവവൈവിധ്യ ഉദ്യാനത്തിന്റെ പ്രവർത്തന ഉത്ഘാടനം 05.01.2022 നു കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജിജി മാത്യു നിർവ്വഹിച്ചു. ബോർഡ് ചെയർമാൻ ഡോ. ജോർജ് സി. തോമസ്, ബോർഡ് അംഗങ്ങളായ ഡോ. കെ. സതീഷ്കുമാർ, ശ്രീ. കെ. വി. ഗോവിന്ദൻ, സയന്റിഫിക് ഓഫീസർ ഡോ. സുധീഷ് എൻ, സീനിയർ റിസർച്ച് ഓഫീസർ ഡോ. പ്രദീപ് സി. ജി, പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ ശ്രീ. അരുൺ സി. രാജൻ, പ്രൊജക്റ്റ് അസിസ്റ്റന്റ്, പ്രോഗ്രാം കോർഡിനേറ്റർ കുമാരി അനഘ എസ്, സ്കൂൾ അധികൃതർ എന്നിവർ സന്നിഹിതർ ആയിരുന്നു.
4. കോഴഞ്ചേരി ബി.എം.സി.യിലെ രണ്ടാമത്തെ ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഉത്ഘാടനം: തണുങ്ങാട്ടിൽ പാലത്തിന്റെ അടുത്തു ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്തു കോഴഞ്ചേരി ബി.എം.സി. യിലെ രണ്ടാമത്തെ ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഉത്ഘാടനം 22/11/2022 നു കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജിജി മാത്യു വാർഡ് അംഗങ്ങൾ, ബി.എം.സി. അംഗങ്ങൾ, പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ ശ്രീ. അരുൺ സി. രാജൻ, എന്നിവരുടെ സാനിധ്യത്തിൽ നിർവ്വഹിച്ചു.

| ക്രമ നം. | ബി.എം.സി.യുടെ പേര് | ഉദ്യാനം തയ്യാറാക്കിയ സ്ഥലം |
|---|---|---|
| 1. | കോഴഞ്ചേരി | കോഴഞ്ചേരി ഗവ. ഹൈ.സ്കൂൾ |
| 2. | കോഴഞ്ചേരി | തണുങ്ങാട്ടിൽ പാലത്തിനു സമീപമുള്ള സ്ഥലം, കോഴഞ്ചേരി |

| | | |
|---|---|---|
| 3. | അയിരൂർ | എം.ടി.എച്ച് .എസ്. എസ്. അയിരൂർ |
| 4. | ചെറുകോൽ | ഗവ. എൽ പി സ്കൂൾ, ചെറുകോൽ |
| 5. | റാന്നി അങ്ങാടി | പി.സി.എച്ച്.എസ്.എസ്.സ്കൂൾ, പുല്ലൂപ്രം |
| 6. | റാന്നി പഴവങ്ങാടി | സിറിയൻ ക്രിസ്ത്യൻ ഹയർ സെക്കൻണ്ടറി സ്കൂൾ |
| 7. | നാറാണമുഴി | ഗവ. ഹൈ സ്കൂൾ, ഇടമുറി |
| 8. | വടശ്ശേരിക്കര | ഗവ. എൽ പി സ്കൂൾ ,തലച്ചിറ |
| 9. | വെച്ചൂച്ചിറ | ഗവ. എൽ പി സ്കൂൾ കുന്നം |

**d)** തോട്/പമ്പ കൈവഴിപുനരുജ്ജീവനം : കൈവഴികൾ/തോടുകളാണ് നദികളുടെ ജലസ്രോതസുകൾ അതിനാൽ തന്നെ തോടുകളുടെ പുനരുജ്ജീവനം നദീസംരക്ഷണത്തിൽ പ്രധാനമാണ്. പമ്പ ന ദിയ്ക്ക് നിരവധി കൈവഴികളും തോടുകളും ഉണ്ട്. ഇവയിൽ മിക്കവയും 2018 ലെ പ്രളയം മൂലം ചെളി, മണ്ണ്, പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ എന്നിവ മൂലം നശിച്ച നിലയിലാണ്. മിക്കവയിലും ജല സ്രോതസ്സുകൾ അടഞ്ഞ അവസ്ഥയിലാണ്. അതിനാൽ ഈ പദ്ധതിയിൽ പദ്ധതി പ്രദേശത്തെ ബി.എം.സി.കൾ നിർദ്ദേശിച്ച 10 കൈവഴികൾ അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനം, ചെറുകിട ജലസേചനവകുപ്പ് എന്നിവരുടെ സഹായത്തോടെ പുനരുജ്ജീവിപ്പിക്കുകയാണ്. ഇവയുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബി.എം.സി.യുടെ പേര് | കൈവഴിയുടെ പേര് |
|---|---|---|
| 1. | അയിരൂർ | വലിയ തോട് (2.0 km) |
| | | പുറമണ്ണിൽ തോട് (2.0 km), പുറമണ്ണിൽ ഭാഗം (2.00 km) |
| 2. | റാന്നി | മൂന്നു സെൻറ് കോളനി പുളിക്കാപടി കടവ് തോട് പുളിക്കാപടി ഭാഗം (2.50 km) |
| | | പടിയറക്കടവ് അരമനപ്പടി തോട് അരമനപ്പടി ഭാഗം (2.0 km) |
| 3. | റാന്നി അങ്ങാടി | വലിയതോട് (3.0 km) (ഉപാസന കടവ് മുതൽ പുള്ളോലി ഭാഗം വരെ) |
| 4. | റാന്നി പഴവങ്ങാടി | വലിയതോട് (1.0 km) വലിയതോട് ബൈപാസ് ഭാഗം |
| 5. | വടശ്ശേരിക്കര | കാരക്കാട് തോട് |
| | | ചൊവ്വൂർ തോട് |
| 6. | വെച്ചൂച്ചിറ | പരുവ തോട് |
| 7. | റാന്നി പെരുനാട് | മഠത്തിൽ തോട് (2.5 km) |

**4.8.രണ്ടാം ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി സംഘടിപ്പിച്ച സാങ്കേതിക സംഘങ്ങളുടെ മേഖല തല യോഗം:** 2023 ഫെബ്രുവരി 18 മുതൽ 20 വരെ കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സഹകരണത്തോടെ നടത്തിയ രണ്ടാം ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി സാങ്കേതിക സംഘങ്ങളുടെ മേഖല തല യോഗം ഫെബ്രുവരി 19 നു സംഘടിപ്പിച്ചിരുന്നു. തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ടി.എസ് .ജി അംഗങ്ങൾ, ബോർഡ് അംഗങ്ങൾ, നോർത്ത് സർക്കിളിലെ റേഞ്ച് ഫോറെസ്റ്റ് ഓഫീസർമാർ, വിഷയ വിദഗ്ദ്ധർ, ബോർഡിൻറെ ജില്ലാ കോർഡിനേറ്റർമാർ എന്നിവർ ഈ യോഗത്തിൽ പങ്കെടുത്തു. ഡോ ആർ.വി. വർമ (മുൻ ബോർഡ് ചെയർമാൻ), ഡോ. ദിനേശൻ

ചെറുവാട്ട് (മത്സ്യഫെഡ് എം.ഡി, അഡിഷണൽ ഡയറക്ടർ ഓഫ് ഫിഷറീസ്), ഡോ. വാണി കേസരി (ഡയറക്ടർ, പ്രൊഫ. എൻ.ആർ മാധവമേനോൻ ഐ.സി.ആർ.ഇപി, മുൻ ഡയറക്ടർ, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, കുസാറ്റ്) എന്നിവർ വിവിധ വിഷയങ്ങളെ പറ്റി ക്ലാസുകൾ കൈകാര്യം ചെയ്തു. ഇതിനെത്തുടർന്ന്, ഡോ. വി ബാലകൃഷ്ണൻ (കാസർകോട് വിജിലൻസ് ഡി.വൈ.എസ്.പി), ശ്രീ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ് (കേരള വനംവകുപ്പ് മേധാവി, വിജിലൻസ് വിഭാഗം, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്) എന്നിവർ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുകയും TSG അംഗങ്ങൾ ഉന്നയിച്ച അഭിപ്രായങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. 25 TSG അംഗങ്ങൾ ഉൾപ്പെടെ 40 ഓളം പേർ ഈ യോഗത്തിൽ പങ്കെടുത്തു.





**4.9.കടലാമകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ വീഡിയോ തയ്യാറാക്കൽ:**

കടലാമകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ വീഡിയോ ഈ രംഗത്തെ ഒരു വിദഗ്ദ്ധന്റെ (ശ്രീ. ശശികുമാർ അമ്പലത്തറ, പിആർഡി പാനൽ ഫിലിം ഡയറക്ടർ) സാങ്കേതിക സഹായത്തോടെ ബോർഡ് തയ്യാറാക്കി. കടലാമയുടെ സംരക്ഷണത്തിന്റെ പ്രാധാന്യവും, അവയുടെ മുട്ടയിടുന്ന രീതികളും, ഈ കാലഘട്ടത്തിൽ ഈ ജീവിവർഗ്ഗങ്ങൾ നേരിടുന്ന വെല്ലുവിളികളും വിശദീകരിക്കുന്ന വീഡിയോ 30 മിനിറ്റ് ദൈർഘ്യമുള്ളതാണ്. വംശനാശഭീഷണി നേരിടുന്ന ഈ ഇനങ്ങളുടെ മുട്ടകളുടെ ശരിയായ സംരക്ഷണത്തിനായി തൃശൂർ, മലപ്പുറം ജില്ലകളിലെ ബിഎംസികൾ സ്വീകരിച്ച വിവിധ പ്രവർത്തനങ്ങളും ഈ വീഡിയോയിൽ ഉൾക്കൊള്ളുന്നു. ശ്രീ. 2023 ഫെബ്രുവരി 19-ന് കോഴിക്കോട് നടന്ന 2-ാമത് കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി ശ്രീ.പി.എ.മുഹമ്മദ് റിയാസ് ഈ വീഡിയോയുടെ ഔദ്യോഗിക പ്രകാശനം നടത്തി.





# 5 ജില്ലാ തലത്തിൽ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ

### 5.1. തിരുവനന്തപുരം ജില്ല

| നം. | ബി.എം.സി. യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | അണ്ടൂർകോണം ഗ്രാമപഞ്ചായത്ത് | 21.11.2022 |
| 2 | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | 20.07.2022, 13.01.2023 |
| 3 | കല്ലിയൂർ ഗ്രാമപഞ്ചായത്ത് | 16.11.2022 |
| 4 | കാട്ടാക്കട ഗ്രാമപഞ്ചായത്ത് | 06.10.2022 |
| 5 | കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് | 19.08.2022, 19.10.2022 |
| 6 | നഗരൂർ ഗ്രാമപഞ്ചായത്ത് | 21.01.2023 |
| 7 | നന്ദിയോട് ഗ്രാമപഞ്ചായത്ത് | 30.04.2022 |
| 8 | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് | 11.08.2022, 30.01.2023 |
| 9 | പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് | 19.05.2022 |
| 10 | പൂവ്വാർ ഗ്രാമപഞ്ചായത്ത് | 09.06.2022, 02.07.2022 |
| 11 | പുളിമാത്ത് ഗ്രാമപഞ്ചായത്ത് | 04.07.2022 |
| 12 | വിളപ്പിൽ ഗ്രാമപഞ്ചായത്ത് | 26.05.2022 |
| 13 | വിതുര ഗ്രാമപഞ്ചായത്ത് | 18.07.2022 |
| 14 | തിരുവനന്തപുരം കോർപ്പറേഷൻ | 30.07.2022 |
| 15 | വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | 11.05.2022 |
| 16 | പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് | 16.08.2022 |


ബി.എം.സി യോഗം - ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്



ബി.എം.സി യോഗം - നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

### 5.2. കൊല്ലം ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | അലയമൺ ഗ്രാമപഞ്ചായത്ത് | 27.01.2023 |
| 2 | അഞ്ചൽ ഗ്രാമപഞ്ചായത്ത് | 22.11.2022 |
| 3 | ചിതറ ഗ്രാമപഞ്ചായത്ത് | 29.10.2022 |
| 4 | ഇളമാട് ഗ്രാമപഞ്ചായത്ത് | 04.11.2022 |
| 5 | ഇട്ടിവ ഗ്രാമപഞ്ചായത്ത് | 24.01.2023 |
| 6 | കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | 09.03.2023 |
| 7 | കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് | 25.07.2022 |
| 8 | കുമ്മിൾ ഗ്രാമപഞ്ചായത്ത് | 04.06.2022, 28.12.2022 |
| 9 | മേലില ഗ്രാമപഞ്ചായത്ത് | 21.06.2022 |
| 10 | മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് | 09.02.2023 |
| 11 | നെടുമ്പന ഗ്രാമപഞ്ചായത്ത് | 17.01.2023 |
| 12 | നീണ്ടകര ഗ്രാമപഞ്ചായത്ത് | 07.04.2022 |
| 13 | നിലമേൽ ഗ്രാമപഞ്ചായത്ത് | 23.11.2022 |
| 14 | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി | 09.03.2023 |
| 15 | കൊല്ലം കോർപ്പറേഷൻ | 08.02.2023 |



ബി.എം.സി യോഗം - കുലശേഖരപുരം ഗ്രാമപഞ്ചായത്ത്



ബി.എം.സി യോഗം - കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി

### 5.3. പത്തനംതിട്ട ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | ചിറ്റാർ ഗ്രാമപഞ്ചായത്ത് | 28.09.2022 |
| 2 | കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 30.06.2022, 23.08.2022, 26.08.2022 |
| 3 | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | 13.10.2022 |
| 4 | റാന്നി ഗ്രാമപഞ്ചായത്ത് | 23.12.2022 |
| 5 | റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | 16.12.2022 |
| 6 | റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് | 13.05.2022, 24.06.2022 |
| 7 | വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് | 07.04.2022 |
| 8 | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 21.01.2023 |



ബി.എം.സി യോഗം - ചിറ്റാർ ഗ്രാമപഞ്ചായത്ത്



ബി.എം.സി യോഗം - റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്

### 5.4. ആലപ്പുഴ ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | ആര്യാട് ഗ്രാമപഞ്ചായത്ത് | 31.01.23 |
| 2 | ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് | 07.02.2023 |
| 3 | കല്ലൂർ ഗ്രാമപഞ്ചായത്ത് | 25.04.2022 |
| 4 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | 22.07.2022, 25.10.22 |
| 5 | കരുവാറ്റ ഗ്രാമപഞ്ചായത്ത് | 30.01.23 |
| 6 | കാവാലം ഗ്രാമപഞ്ചായത്ത് | 19.08.2022 |
| 7 | മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | 22.03.2023 |
| 8 | മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | 01.12.2022, 16.01.2023 |
| 9 | മുഹമ്മ ഗ്രാമപഞ്ചായത്ത് | 12.01.2023 |
| 10 | മുതുകുളം ഗ്രാമപഞ്ചായത്ത് | 28.04.2022 |
| 11 | പുറക്കാട് ഗ്രാമപഞ്ചായത്ത് | 08.12.2022, 15.12.2022 |
| 12 | തകഴി ഗ്രാമപഞ്ചായത്ത് | 12.01.2023, 22.03.2023 |

| | | |
|---|---|---|
| 13 | വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് | 23.02.23 |
| 14 | വീയ്യപുരം ഗ്രാമപഞ്ചായത്ത് | 27.04.2022, 16.12.2022 |
| 15 | ആലപ്പുഴ മുനിസിപ്പാലിറ്റി | 17.06.2022 |
| 16 | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 02.08.2022, 19.12.2022 |


ബി.എം.സി യോഗം - ആര്യാട് ഗ്രാമപഞ്ചായത്ത്


ബി.എം.സി യോഗം - മുഹമ്മ ഗ്രാമപഞ്ചായത്ത്

### 5.5. കോട്ടയം ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | കാണക്കാരി ഗ്രാമപഞ്ചായത്ത് | 10.06.2022 |
| 2 | മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് | 30.04.2022 |
| 3 | രാമപുരം ഗ്രാമപഞ്ചായത്ത് | 07.05.2022, 16.05.2022, 16.07.2022 |

### 5.6 ഇടുക്കി ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | ആലക്കോട് ഗ്രാമപഞ്ചായത്ത് | 12.08.2022 |
| 2 | അറക്കുളം ഗ്രാമപഞ്ചായത്ത് | 12.05.2022, 22.05.2022, 08.11.2022, 07.02.2023, 15.07.2022, 17.09.2022 |
| 3 | ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 26.04.2022, 25.06.2022, 16.01.23, 12.07.2022 |
| 4 | ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | 05.06.2022 |
| 5 | കാമാക്ഷി ഗ്രാമപഞ്ചായത്ത് | 07.03.2023 |
| 6 | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 08.02.2023 |
| 7 | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | 22.08.2022 |
| 8 | കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | 11.01.2023 |
| 9 | കുമാരമംഗലം ഗ്രാമപഞ്ചായത്ത് | 05.05.2022 |
| 10 | കൊടിക്കുളം ഗ്രാമപഞ്ചായത്ത് | 07.04.2022, 14.07.2022, 13.09.2022 |
| 11 | കുമളി ഗ്രാമപഞ്ചായത്ത് | 10.11.2022 |
| 12 | മണക്കാട് ഗ്രാമപഞ്ചായത്ത് | 20.06.2022, 03.03.23, 14.03.23 |
| 13 | മറയൂർ ഗ്രാമപഞ്ചായത്ത് | 21.11.2022 |
| 14 | മരിയാപുരം ഗ്രാമപഞ്ചായത്ത് | 18.05.2022, 24.05.2022, 15.06.2022, 20.01.23 |
| 15 | മൂന്നാർ ഗ്രാമപഞ്ചായത്ത് | 24.03.2023 |
| 16 | പാമ്പാടുമ്പാറ ഗ്രാമപഞ്ചായത്ത് | 17.10.2022 |
| 17 | പീരുമേട് ഗ്രാമപഞ്ചായത്ത് | 24.02.2023 |
| 18 | പെരുവന്താനം ഗ്രാമപഞ്ചായത്ത് | 13.05.2022, 23.05.2022, 20.07.2022 |
| 19 | പുറപ്പുഴ ഗ്രാമപഞ്ചായത്ത് | 24.08.2022, 30.01.2023 |

| | | |
|---|---|---|
| 20 | രാജകുമാരി ഗ്രാമപഞ്ചായത്ത് | 21.04.2022 |
| 21 | ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | 17.01.2023 |
| 22 | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | 10.10.2022 |
| 23 | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | 16.03.2023 |
| 24 | വട്ടവട ഗ്രാമപഞ്ചായത്ത് | 13.01.2023 |
| 25 | വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | 21.02.2023 |
| 26 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | 20.08.2022 |
| 27 | കട്ടപ്പന മുനിസിപ്പാലിറ്റി | 15.11.2022 |
| 28 | തൊടുപുഴ മുനിസിപ്പാലിറ്റി | 17.06.2022, 13.10.2022, 23.11.2022, 04.01.2023, 14.03.2023 |
| 29 | തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | 25.01.2023 |



ബി.എം.സി യോഗം - കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്



ബി.എം.സി യോഗം - വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

### 5.7. പാലക്കാട് ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | അഗളി ഗ്രാമപഞ്ചായത്ത് | 27.01.2023 |
| 2 | അകത്തേത്തറ ഗ്രാമപഞ്ചായത്ത് | 12.05.2022, 05.07.2022 |
| 3 | എലപ്പുള്ളി ഗ്രാമപഞ്ചായത്ത് | 08.08.2022, 09.12.2023 |
| 4 | കൊടുവായൂർ ഗ്രാമപഞ്ചായത്ത് | 22.02.2023 |
| 5 | കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് | 03.01.2023 |
| 6 | മലമ്പുഴ ഗ്രാമപഞ്ചായത്ത് | 04.01.2023 |
| 7 | മങ്കര ഗ്രാമപഞ്ചായത്ത് | 22.04.2022, 26.07.2022, 31.10.2022 |
| 8 | മാത്തൂർ ഗ്രാമപഞ്ചായത്ത് | 03.06.2022 |
| 9 | മുണ്ടൂർ ഗ്രാമപഞ്ചായത്ത് | 28.11.2022 |
| 10 | മുതുതല ഗ്രാമപഞ്ചായത്ത് | 18.06.2022, 02.07.2022 |
| 11 | നാഗല്ലശ്ശേരി ഗ്രാമപഞ്ചായത്ത് | 17.12.2022 |
| 12 | നെന്മാറ ഗ്രാമപഞ്ചായത്ത് | 01.09.2022, 25.11.2022 |
| 13 | പല്ലശ്ശന ഗ്രാമപഞ്ചായത്ത് | 19.12.2023 |
| 14 | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | 08.02.2023 |
| 15 | തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | 10.05.2022 |
| 16 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 14.07.2022, 21.11.2022 |
| 17 | വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | 01.06.2022 |



ബി.എം.സി യോഗം - കൊടുവായൂർ ഗ്രാമപഞ്ചായത്ത്



ബി.എം.സി യോഗം - അഗളി ഗ്രാമപഞ്ചായത്ത്

## 5.8. എറണാകുളം ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | 07.04.2022 |
| 2 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | 23.06.2022 |
| 3 | പാലാക്കുഴ ഗ്രാമപഞ്ചായത്ത് | 13.12.2022 |
| 4 | പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | 14.06.2022 |
| 5 | ഏലൂർ മുനിസിപ്പാലിറ്റി | 08.02.2023 |
| 6 | കോതമംഗലം മുനിസിപ്പാലിറ്റി | 24.02.2023 |
| 7 | തൃക്കാക്കര മുനിസിപ്പാലിറ്റി | 19.01.2023 |
| 8 | അങ്കമാലി മുനിസിപ്പാലിറ്റി | 13.02.2023 |
| 9 | കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | 28.01.2023 |
| 10 | പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 27.01.2023 |



ബി.എം.സി യോഗം - കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത്



ബി.എം.സി യോഗം - പാലാക്കുഴ ഗ്രാമപഞ്ചായത്ത്

## 5.9. മലപ്പുറം ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | ആനക്കയം ഗ്രാമപഞ്ചായത്ത് | 22.07.2022, 26.09.2022 |
| 2 | കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് | 13.05.2022 |
| 3 | കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | 07.06.2022 |
| 4 | മക്കരപ്പറമ്പ ഗ്രാമപഞ്ചായത്ത് | 25.04.2022, 21.07.2022 |
| 5 | മമ്പാട് ഗ്രാമപഞ്ചായത്ത് | 30.03.2023 |
| 6 | മൂത്തേടം ഗ്രാമപഞ്ചായത്ത് | 06.08.2022 |
| 7 | പൂക്കൊറ്റൂർ ഗ്രാമപഞ്ചായത്ത് | 12.05.2022 |
| 8 | തവന്നൂർ ഗ്രാമപഞ്ചായത്ത് | 08.04.2022, 05.07.2022, 16.08.2022 |
| 9 | തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് | 11.10.2022 |
| 10 | വാഴയൂർ ഗ്രാമപഞ്ചായത്ത് | 31.05.2022, 07.10.2022, 28.03.2023 |
| 11 | വെളിയങ്കോട് ഗ്രാമപഞ്ചായത്ത് | 03.12.2022 |
| 12 | മലപ്പുറം മുനിസിപ്പാലിറ്റി | 14.03.2023 |
| 13 | നിലമ്പൂർ മുനിസിപ്പാലിറ്റി | 24.05.2022 |



ബി.എം.സി യോഗം - തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്



ബി.എം.സി യോഗം - വാഴയൂർ ഗ്രാമപഞ്ചായത്ത്

### 5.10. തൃശ്ശൂർ ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 25.07.2022 |
| 2 | കൊരട്ടി ഗ്രാമപഞ്ചായത്ത് | 24.02.2023 |

### 5.11.കണ്ണൂർ ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | അഞ്ചരക്കി ഗ്രാമപഞ്ചായത്ത് | 19.10.2022, 20.02.2023, 28.02.2023 |
| 2 | ചേമ്പിലോട് ഗ്രാമപഞ്ചായത്ത് | 09.11.2022, 02.02.2023 |
| 3 | ചിറക്കൽ ഗ്രാമപഞ്ചായത്ത് | 11.11.2022 |
| 4 | എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത് | 06.08.2022, 07.10.2022, 29.11.2022, 02.12.2022, 12.12.2022, 03.02.2023 |
| 5 | കതിരൂർ ഗ്രാമപഞ്ചായത്ത് | 07.12.2022, 31.01.2023 |
| 6 | കങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് | 16.11.2022, 22.11.2022, 12.12.2022, 30.01.2023, 09.02.2023 |
| 7 | കണ്ണപുരം ഗ്രാമപഞ്ചായത്ത് | 15.12.2022 |
| 8 | കോട്ടയം ഗ്രാമപഞ്ചായത്ത് | 12.01.2023, 23.01.2023 |
| 9 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് | 11.01.2023 |
| 10 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | 01.12.2022 |
| 11 | മലപ്പട്ടം ഗ്രാമപഞ്ചായത്ത് | 28.10.2022, 02.02.2023 |
| 12 | മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | 08.02.2023 |
| 13 | മൊകേരി ഗ്രാമപഞ്ചായത്ത് | 07.01.2023 |
| 14 | മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | 20.10.2022, 31.10.2022 |
| 15 | നാറാത്ത് ഗ്രാമപഞ്ചായത്ത് | 25.10.2022 |
| 16 | പന്നിയന്നൂർ ഗ്രാമപഞ്ചായത്ത് | 11.11.2022 |
| 17 | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | 03.02.2023 |
| 18 | പാട്യം ഗ്രാമപഞ്ചായത്ത് | 03.02.2023 |
| 19 | പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | 26.10.2022 |
| 20 | പേരാവൂർ ഗ്രാമപഞ്ചായത്ത് | 18.01.2023 |
| 21 | പിണറായി ഗ്രാമപഞ്ചായത്ത് | 20.01.2023 |
| 22 | വളപ്പട്ടണം ഗ്രാമപഞ്ചായത്ത് | 03.02.2023 |
| 23 | വേങ്ങാട് ഗ്രാമപഞ്ചായത്ത് | 15.11.2022 |
| 24 | ആന്തൂർ മുനിസിപ്പാലിറ്റി | 16.11.2022 |
| 25 | ഇരിട്ടി മുനിസിപ്പാലിറ്റി | 17.02.2023 |
| 26 | കൂത്തുപ്പറമ്പ മുനിസിപ്പാലിറ്റി | 28.10.2022 |
| 27 | പയ്യന്നൂർ മുനിസിപ്പാലിറ്റി | 13.02.2023 |


ബി.എം.സി യോഗം - കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്


ബി.എം.സി യോഗം - മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

### 5.12. വയനാട് ജില്ല

| നം. | ബി.എം.സി.യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് | 02.12.2022 |
| 2 | എടവക ഗ്രാമപഞ്ചായത്ത് | 26.04.2022, 19.05.2022, 14.02.2023, 07.03.2023, 16.09.2022, 10.11.2022 |
| 3 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | 06.08.2022 |
| 4 | മുട്ടിൽ ഗ്രാമപഞ്ചായത്ത് | 24.08.2022 |
| 5 | പനമരം ഗ്രാമപഞ്ചായത്ത് | 12.05.2022, 22.09.2022, 03.01.2023 |
| 6 | പൊഴുതന ഗ്രാമപഞ്ചായത്ത് | 05.01.2023 |
| 7 | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് | 23.08.2022 |
| 8 | വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് | 17.03.2023 |
| 9 | മാനന്തവാടി മുനിസിപ്പാലിറ്റി | 07.02.2023 |
| 10 | വയനാട് ജില്ലാപഞ്ചായത്ത് | 12.07.2023 |

### 5.13. കോഴിക്കോട് ജില്ല

| ക്രമ നം. | ബി.എം.സി. യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | അത്തോളി ഗ്രാമപഞ്ചായത്ത് | 23.08.2022 |
| 2 | അഴിയൂർ ഗ്രാമപഞ്ചായത്ത് | 26.12.2022 |
| 3 | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | 18.05.2022, 07.11.2022, 31.01.2023, 14.03.2023 |
| 4 | ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 04.01.2023, 24.02.2023 |
| 5 | കടലുണ്ടി ഗ്രാമപഞ്ചായത്ത് | 16.09.2022 |
| 6 | കക്കോടി ഗ്രാമപഞ്ചായത്ത് | 31.08.2022, 28.10.2022 |
| 7 | കായണ്ണ ഗ്രാമപഞ്ചായത്ത് | 19.07.2022, 29.10.2022, 25.10.2022, 19.01.2023 |
| 8 | കീഴരിയൂർ ഗ്രാമപഞ്ചായത്ത് | 05.04.2022, 01.06.2022 |
| 9 | കുന്നമംഗലം ഗ്രാമപഞ്ചായത്ത് | 31.08.2022 |
| 10 | മണിയൂർ ഗ്രാമപഞ്ചായത്ത് | 11.05.2022 |
| 11 | നാദാപുരം ഗ്രാമപഞ്ചായത്ത് | 13.05.2022 |
| 12 | നന്മ ഗ്രാമപഞ്ചായത്ത് | 08.07.2022 |
| 13 | നരിക്കുനി ഗ്രാമപഞ്ചായത്ത് | 17.05.2022, 18.11.2022 |
| 14 | ഒളവണ്ണ ഗ്രാമപഞ്ചായത്ത് | 28.05.2022, 01.06.2022, 29.07.2022 |
| 15 | പുറമേരി ഗ്രാമപഞ്ചായത്ത് | 25.10.2022 |
| 16 | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | 20.04.2022, 21.10.2022 |
| 17 | പെരുമണ്ണ ഗ്രാമപഞ്ചായത്ത് | 12.04.2022, 07.06.2022, 16.02.2023, 27.02.2023, 27.10.2022 |
| 18 | പെരുവയൽ ഗ്രാമപഞ്ചായത്ത് | 26.05.2022, 19.10.2022, 09.11.2022, 23.02.2023, 09.06.2022 |
| 19 | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | 10.06.2022 |
| 20 | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | 30.07.2022 |
| 21 | തുറയൂർ ഗ്രാമപഞ്ചായത്ത് | 02.07.2022 |
| 22 | വളയം ഗ്രാമപഞ്ചായത്ത് | 25.05.2022, 08.11.2022 |
| 23 | വാണിമേൽ ഗ്രാമപഞ്ചായത്ത് | 15.09.2022 |
| 24 | ഫെറോക്ക് മുനിസിപ്പാലിറ്റി | 30.01.2023 |
| 25 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | 06.02.2023 |
| 26 | വടകര മുനിസിപ്പാലിറ്റി | 04.11.2022 |
| 27 | കോഴിക്കോട് കോർപ്പറേഷൻ | 31.12.2022 |
| 28 | തുണേരി ബ്ലോക്ക്പഞ്ചായത്ത് | 16.08.2022, 28.03.2023 |
| 29 | മേലടി ബ്ലോക്ക് പഞ്ചായത്ത് | 27.01.2023 |
| 30 | കോഴിക്കോട് ജില്ലാപഞ്ചായത്ത് | 06.05.2022, 24.03.2023 |



ബി.എം.സി യോഗം - കൊയിലാണ്ടി മുനിസിപ്പാലിറ്റി



ബി.എം.സി യോഗം - കോഴിക്കോട് കോർപ്പറേഷൻ

## 5.14 കാസറഗോഡ് ജില്ല

| ക്രമ നം. | ബി.എം.സി. യുടെ പേര് | ബി.എം.സി. യോഗം ചേർന്ന തീയതി |
|---|---|---|
| 1 | അജാനൂർ ഗ്രാമപഞ്ചായത്ത് | 21.12.2022 |
| 2 | ബദിയഡുക്ക ഗ്രാമപഞ്ചായത്ത് | 31.01.2023 |
| 3 | ബലാൽ ഗ്രാമപഞ്ചായത്ത് | 23.03.2023 |
| 4 | ബേഡഡുക്ക ഗ്രാമപഞ്ചായത്ത് | 10.02.2023 |
| 5 | ചെമ്മനാട് ഗ്രാമപഞ്ചായത്ത് | 15.02.2023 |
| 6 | ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് | 09.03.2023 |
| 7 | എൻമകജെ ഗ്രാമപഞ്ചായത്ത് | 20.12.2022 |
| 8 | കള്ളാർ ഗ്രാമപഞ്ചായത്ത് | 23.03.2023 |
| 9 | കാറഡുക്ക ഗ്രാമപഞ്ചായത്ത് | 23.07.2022, 13.03.2023 |
| 10 | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | 15.03.2023 |
| 11 | കുമ്പഡജെ ഗ്രാമപഞ്ചായത്ത് | 14.02.2023 |
| 12 | കുമ്പള ഗ്രാമപഞ്ചായത്ത് | 12.08.2022 |
| 13 | കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | 29.11.2022, 01.02.2023 |
| 14 | മധുർ ഗ്രാമപഞ്ചായത്ത് | 10.03.2023 |
| 15 | മടിക്കൈ ഗ്രാമപഞ്ചായത്ത് | 01.02.2023, 03.03.2023 |
| 16 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് | 26.12.2022 |
| 17 | മോഗ്രൽ പുത്തൂർ ഗ്രാമപഞ്ചായത്ത് | 11.01.2023 |
| 18 | മുളിയാർ ഗ്രാമപഞ്ചായത്ത് | 07.07.2022, 24.02.2023 |
| 19 | പൈവളിഗെ ഗ്രാമപഞ്ചായത്ത് | 22.12.2022 |
| 20 | പള്ളിക്കര ഗ്രാമപഞ്ചായത്ത് | 06.10.2022, 03.12.2022, 10.02.2023, 03.03.2023 |
| 21 | പിലിക്കോട് ഗ്രാമപഞ്ചായത്ത് | 24.01.2023 |
| 22 | പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് | 29.12.2022 |
| 23 | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | 12.07.2022, 20.08.2022, 03.12.2022, 19.09.2022 |
| 24 | ഉദുമ ഗ്രാമപഞ്ചായത്ത് | 18.07.2022, 27.09.2022 |
| 25 | വലിയപറമ്പ ഗ്രാമപഞ്ചായത്ത് | 19.11.2022 |
| 26 | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി | 01.02.2023 |
| 27 | കാസറഗോഡ് മുനിസിപ്പാലിറ്റി | 12.08.2022, 03.01.2023 |
| 28 | നീലേശ്വരം മുനിസിപ്പിലിറ്റി | 11.07.2022, 30.08.2022 |
| 29 | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 18.03.2023 |
| 30 | കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് | 16.03.2023 |
| 31 | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 16.03.2023 |
| 32 | നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 18.01.2023 |
| 33 | കാസറഗോഡ് ജില്ലാപഞ്ചായത്ത് | 10.01.2023 |



ബി.എം.സി യോഗം - പള്ളിക്കര ഗ്രാമപഞ്ചായത്ത്

# 6 ആക്സസ് ആൻഡ് ബെനിഫിറ്റ് ഷെയറിങ് (എ.ബി.എസ്) & ലീഗൽ ഇഷ്യൂസ്

**പ്രധാന നേട്ടങ്ങൾ**

» റെഡ്ഡാറ്റാ ബുക്ക് തയ്യാറാക്കലും കേരളത്തിലെ വംശനാശഭീഷണി നേരിടുന്ന ഇനങ്ങളുടെ വിലയിരുത്തലും പദ്ധതി
» വംശനാശഭീഷണി നേരിടുന്ന/ജൈവവൈവിധ്യ നിയമത്തിന് കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സസ്യങ്ങളുടെ പ്രചരണത്തിനായി നഴ്സറികൾ വികസിപ്പിക്കുന്ന പദ്ധതി
» വന്യമായതും അധികമായി പ്രചാരത്തിൽ ഇല്ലാത്ത കാർഷിക വിളകളുടെ തിരിച്ചറിയൽ, ഡാറ്റാബേസ് സൃഷ്ടിക്കൽ, പ്രചരിപ്പിക്കൽ, സംരക്ഷണം, മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ വികസിപ്പിക്കൽ പദ്ധതി
» വെള്ളായണിയിലെ കാർഷിക കോളേജിലെ പരിസ്ഥിതി പുനരുദ്ധാരണവും കാർഷിക വൈവിധ്യ സംരക്ഷണവും പദ്ധതി
» ജൈവ അധിനിവേശങ്ങൾ പ്രവണതകൾ, ഭീഷണികൾ, നിയന്ത്രണങ്ങളും ദേശീയ സമ്മേളനം നടത്തി
» എ.ബി.എസ് ധനസഹായ പദ്ധതി
» 'സുസ്ഥിര ഉപജീവനത്തിനായി ചെറുതേനീച്ച വളർത്തൽരീതി നടപ്പിലാക്കൽ'പദ്ധതി
» സുന്ദരവനം പദ്ധതി
» ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള നൈപുണ്യ വികസന പരിപാടി
» ജൈവവിഭവങ്ങളിലേക്കുള്ള പ്രവേശനത്തിനുള്ള അംഗീകാരങ്ങൾ
» ജൈവവൈവിധ്യ ഗവേഷണം
» ജൈവവൈവിധ്യ പഠനം
» എറണാകുളം ജില്ലയിലെ തേവക്കൽ-
» പൊന്നക്കുടംകാവ്'
» കല്ലുകടവ് തണ്ണീർത്തട പ്രദേശങ്ങൾ - കോട്ടയം കല്ലറ ഗ്രാമപഞ്ചായത്തിലെ
» ജീരകപ്പാറ (തുഷാരഗിരി), കോടഞ്ചേരി, കോഴിക്കോട്
» കഠിനംകുളം തടാകം, തിരുവനന്തപുരം-
» കാരിച്ചാൽ തടാകം, തിരുവനന്തപുരം-
» പഴഞ്ചിറകുളം ചിറയിൻകീഴ്
» ആലപ്പുഴയിലെ പള്ളിപ്പുറം കണ്ടൽപ്രദേശങ്ങൾ
» പെരുമ്പളം, വേമ്പനാട്-
» പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്തിലെ രാമശ്ശേരി മല
» ജൈവവൈവിധ്യ ഗവേഷണത്തിനായുള്ള ഡോക്ടറൽ ഫെലോഷിപ്പുകൾ
» കെ.എസ്.ബി.ബി ഇന്റേൺഷിപ്പ് പരിപാടി
» ചുവന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവജാലങ്ങളുടെ എക്സിറ്റുകൺ സർവേറ്ററികൾ
» കേരള സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും പ്രവർത്തന പദ്ധതിയും 2022
» കേരള പുനഃനിർമ്മാണ പദ്ധതി (RKI): കേരളത്തിൽ വ്യാപാരം ചെയ്യാവുന്നതും/വാണിജ്യ സാധ്യതകളുള്ളതുമായ ജൈവവിഭവങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കലും അവയുടെ സാമ്പത്തിക മൂല്യനിർണയവും പദ്ധതി
» നാട്ടറിവ്എഴുത്തുശാലകൾ

### 6.1 പ്ലാൻ പദ്ധതികൾ

#### 6.1.1 റെഡ്ഡാറ്റാ ബുക്ക് തയ്യാറാക്കലും കേരളത്തിലെ വംശനാശഭീഷണി നേരിടുന്ന ഇനങ്ങളുടെ വിലയിരുത്തലും

IUCN- ന്റെ വിവിധ വംശനാശഭീഷണി നേരിടുന്ന വിഭാഗങ്ങൾ, വന്യജീവി സംരക്ഷണ നിയമം 1972, മറ്റ് നിയമങ്ങൾ എന്നിവയ്ക്ക് കീഴിലുള്ള സസ്യജാലങ്ങളുടെയും ജന്തുജാലങ്ങളുടെയും സമഗ്രമായ വിശദാംശങ്ങൾ പട്ടികപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി 2020-ൽ KSBB ആരംഭിച്ചു. ആഗോള റെഡ്ലിസ്റ്റ് മാനദണ്ഡമനുസരിച്ച് കേരളത്തിലെ വംശനാശഭീഷണി നേരിടുന്ന ജീവികളുടെ ആദ്യ വിശകലനം എന്ന നിലയിൽ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.ടി.ബി.ജി.ആർ.ഐ.) പാലോട് ആണ് സമഗ്രമായ ഒരു രേഖതയ്യാറാക്കിയത്.ബ്രയോഫൈറ്റുകൾ, ടെറിഡോഫൈറ്റുകൾ, ജിംനോ

സ്പെർമുകൾ, ആൻജിയോ സ്പെർമുകൾ എന്നീ സസ്യഗ്രൂപ്പുകളിൽപ്പെടുന്ന 1274 ടാക്സകൾ ഉൾപ്പെടുന്നു. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചറിന്റെ (ഐ.യു.സി.എൻ) മാനദണ്ഡങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ, സംസ്ഥാനത്തെ 264 ഇനം പൂച്ചെടികൾ (ആൻജിയോസ്പെർമുകൾ) വ്യത്യസ്ത അളവുകളിൽ വംശനാശഭീഷണി നേരിടുന്നതായി ചൂണ്ടിക്കാട്ടുന്നു. അവ 44 അതീവ വംശനാശഭീഷണി നേരിടുന്നവ (CR), 113 വംശനാശഭീഷണി നേരിടുന്നവ (EN), 107 ദുർബല (VU) സ്പീഷീസുകൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ഇവ കൂടാതെ, നാല് ജിംനോസ്പെർമുകൾ, മൂന്ന് ടെറിഡോഫൈറ്റുകൾ, ഒരു ബ്രയോഫൈറ്റുകൾ എന്നിവയും സംസ്ഥാനത്ത് 'ഭീഷണി'യുള്ളതായി പട്ടികപ്പെടുത്തിയിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന ഭൂരിഭാഗം ജീവിവർഗങ്ങളും പശ്ചിമഘട്ട മേഖലയിലും കേരള സംസ്ഥാനത്തിലും പരിമിതപ്പെടുത്തിയിരിക്കുന്ന പ്രത്യേക പ്രാദേശിക ഇനങ്ങളാണ്.

### 6.1.2 വംശനാശഭീഷണി നേരിടുന്ന/ജൈവവൈവിധ്യ നിയമത്തിന് കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സസ്യങ്ങളുടെ പ്രചരണത്തിനായി നഴ്സറികൾ വികസിപ്പിക്കുക

കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യങ്ങളുടെ നഴ്സറികൾ വികസിപ്പിക്കുന്നതിനും അവ പ്രചരിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതി 2021-22 കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തകർക്ക് ഇതിലൂടെ ഉപജീവനമാർഗം നൽകാനും വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളുടെ ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉറപ്പാക്കാനും ഇത് ലക്ഷ്യമിടുന്നു. തിരുവനന്തപുരത്തെ തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ പ്രവർത്തകർക്ക് വിവിധ പ്രജനന സാങ്കേതിക വിദ്യകൾ, നഴ്സറികൾ സ്ഥാപിക്കൽ, നടീൽ പ്രവർത്തനങ്ങൾ, പരിചരണാനന്തരം എന്നിവയിൽ പരിശീലനം നൽകി. പരിപാടിയിൽ പങ്കെടുത്തവർക്ക് RET ചെടികൾ വിതരണം ചെയ്ത് കൊണ്ട് പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്ശ്രീ.ഷിനു മടത്തറ ഉദ്ഘാടനം ചെയ്തു. ഡോ.സി. ജോർജ് തോമസ്, ചെയർമാൻ, കെ.എസ്.ബി.ബി അധ്യക്ഷത വഹിച്ചു. പദ്ധതിയുടെ ആശയവും പ്രാധാന്യവും മെമ്പർ സെക്രട്ടറി ഡോ.സന്തോഷ്കുമാർ എ.വി വിശദീകരിച്ചു. ജെ.എൻ.ടി.ബി.ജി.ആർ.ഐ. ഡയറക്ടർ ഡോ.ആർ. പ്രകാശ്കുമാർ, മുതിർന്ന ശാസ്ത്രജ്ഞൻ ഡോ.നസറുദ്ദീൻ അഹമ്മദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനത്തിലും തുടർന്ന് സാങ്കേതിക സെഷനിലും തിരുവനന്തപുരത്ത് നിന്ന് തിരഞ്ഞെടുക്കപ്പെട്ട 50 ഓളം കുടുംബശ്രീ അംഗങ്ങൾ പങ്കെടുത്തു. തിരഞ്ഞെടുത്ത RET ഇനങ്ങളുടെ വ്യത്യസ്ത പ്രചാരണ സാങ്കേതികവിദ്യകൾ, നഴ്സറികൾസ്ഥാപിക്കൽ, നടീൽ പ്രവർത്തനങ്ങൾ, അനന്തര പരിചരണം എന്നിവയെക്കുറിച്ച് JNTBGRI ശാസ്ത്രജ്ഞർ വിശദീകരിച്ചു. RET ഇനങ്ങളും നാടൻ ഇനം ഫലവൃക്ഷങ്ങളും ഉൾപ്പെടെ വിവിധ ഇനങ്ങളുടെ തൈകൾ/നടീൽ വസ്തുക്കൾ എന്നിവയും വിതരണം ചെയ്തു. 08/06/2022, 15/06/2022, 22/06/2022, 29/06/2022, 05/07/2022, 12/07/2022, 19/07/2022, 26/07/2022 തീയതികളിലായി എട്ട് പരിശീലന പരിപാടികൾ നടത്തി.

### 6.1.3.'വന്യമായതും അധികമായി പ്രചാരത്തിൽ ഇല്ലാത്ത കാർഷികവിളകളുടെ തിരിച്ചറിയൽ, ഡാറ്റാബേസ് സൃഷ്ടിക്കൽ, പ്രചരിപ്പിക്കൽ, സംരക്ഷണം, മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ വികസിപ്പിക്കൽ'

നാടൻ വന്യഭക്ഷ്യഇലക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ, പയർവർഗ്ഗങ്ങൾ, ഭക്ഷ്യയോഗ്യമായ കൂൺ എന്നിവ അവഗണിക്കപ്പെട്ടോ ഉപയോഗശൂന്യമായോ ആയി കേരളത്തിലുണ്ട്. അവയിൽ ഭൂരിഭാഗവും ആദിവാസി സമൂഹങ്ങൾ ഉപയോഗിക്കുന്നു, കൂടാതെ അന്നജം, കൊഴുപ്പ്, മാംസ്യം, ഊർജ്ജം, വിറ്റാമിനുകൾ, ധാതുക്കൾ, ഭക്ഷണ നാരുകൾ എന്നിവയുടെ സമ്പന്നമായ ഉറവിടവുമാണ്. 'വന്യമായതും, അധികമായി പ്രചാരത്തിൽ ഇല്ലാത്തതുമായ കാർഷിക വിളകളുടെ തിരിച്ചറിയൽ, ഡാറ്റാബേസ് സൃഷ്ടിക്കൽ, പ്രചരിപ്പിക്കൽ, സംരക്ഷണം, മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ വികസിപ്പിക്കൽ' എന്ന 2 വർഷത്തെ പദ്ധതി, കാർഷിക സർവ്വകലാശാലകളും വിവിധ ഗവേഷണ സ്ഥാപനങ്ങളും ഉൾപ്പെടെ 18 ഗവേഷണ വികസന സ്ഥാപനങ്ങളുടെ പിന്തുണയോടെ നടത്തിവരുന്നു. ഗവേഷണ വികസന സ്ഥാപനങ്ങളുടെ പിന്തുണയോടെ, വന്യമായ ഭക്ഷ്യ വസ്തുക്കളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ജനങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസികൾക്ക് സാമ്പത്തികവും പോഷകപരവുമായ സുരക്ഷിതത്വം നൽകാൻ ശേഷിയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കലാണ് ലക്ഷ്യമിടുന്നത്. വന്യമായ ഭക്ഷ്യയോഗ്യമായ പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, റൈസോമുകൾ, പയർവർഗ്ഗങ്ങൾ, തിന, പയർവർഗ്ഗങ്ങൾ തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്.

| SL.No. | Name and address of Principal Investigator | Name of the project |
|---|---|---|
| 1 | **Dr. M. Sangeeta Kutty,** Department of Vegetable Science, College of Agriculture, Kerala Agricultural University, Vellanikkara | Collection, conservation and characterization of underutilized edible vegetable crops of Kerala |
| 2 | **Dr. Anupama T.V,** Assistant Professor (Horticulture) Department of Post Harvest Technology, College of Agriculture, Vellanikkara | Identification, data base creation, nutritional profiling and assessment of value addition potential of underutilized leafy vegetables of Kerala |
| 3 | **Dr. Sreelatha U,** Professor (Horticulture), Department of Floriculture & Landscape Architecture, College of Agriculture, Vellanikkara | Identification, creation of database, propagation, conservation and value addition of wild and underutilized edible flower varieties of Kerala under the scheme Biodiversity conservation 2022-23 |
| 4 | **Dr. Asish I. Edakkalathur,** Assistant Professor, Department of Plant Breeding & Genetics, College of Agriculture, Kerala Agricultural University, Thrissur | Survey, collection, characterization, database creation, and conservation of underutilized legumes in Central Kerala |
| 5 | **Dr. Shakeela V,** Director, Community Agrobiodiversity Centre M S Swaminathan Research Foundation Puthurvayal, Kalpetta, Wayanad, Kerala | Prospects of Neglected and Underutilized and Cultivated Tubers in Attaining Nutrition and Livelihood Security |
| 6 | **Dr. Anisha S,** Assistant Professor Department of Botany, St.Albert's College (Autonomous), Ernakulam | Documentation of Wild and Underutilized edible varieties of leafy vegetables, tubers, fruits and pulses used by Tribes of Idukki, Ernakulam, Thrissur, Palghat and Malappuram Districts of |
| | | Kerala and Nutritional profiling, and value addition of Selected species |
| 7 | **Dr. Bindhu B,** Assistant Professor (Horticulture), Farming System Research Station, Kerala Agricultural University Sadanandapuram | Collection and conservation of local cultivars, wild and underutilized edible varieties of fruits of Northern Kerala for creation of fruit museum |
| 8 | **Dr. Shyam Kumar S,** Assistant Professor, PG and Research department of Botany, Government College for Women, Tvpm | Seaweed as a completely sustainable future food for Kerala |

| | | |
|---|---|---|
| 9 | **Dr. Jose Mathew,**<br>Assistant Professor, Department of Botany, Sanatana Dharma College, Alappuzha | Identification, documentation, propagation, conservation and value addition of wild edible tubers of Kerala part of South Western Ghats |
| 10 | **Dr. Resmi L,**<br>Assistant Professor,Department of Botany, University of Calicut | Documentation, nutritional evaluation and value addition of underutilized banana varieties from Kerala |
| 11 | **Dr. Deepu Sivadas,**<br>Scientist B<br>Forest Ecology Department, Kerala Forest Research Institute, Peechi | Identification and database development of dye-yielding plants in Kerala with emphasis on natural food colorants |
| 12 | **Dr. C.K.Pradeep,**<br>Principal Scientist &Head, Microbiology Division, JNTBGRI, Palode | Documentation, database and conservation of edible mushroom resources of Kerala |
| 13 | **Dr. Nazarudeen Ahammed**,<br>Senior Scientist, Plant Systematics and Evolutionary Science Division, JNTBGRI, Palode | Survey, collection, identification, creation of database, value addition and nutritive evaluation of wild and underutilized edible fruits of Southern Kerala |
| 14 | **Dr. Sreekumar S,**<br>Principal Scientist & Scientist-in charge, Saraswathy Thangavelu Extension Centre, KSCSTE-JNTBGRI, Puthenthope, Tvpm | Database on anti-viral plants with emphasize on nutraceuticals in silico validation of photochemicals and formulation of a herbal products |
| 15 | **Dr. Rose Mary Francis,**<br>Professor (Plant Breeding and Genetics), Agricultural Research Station, Kerala Agricultural University, Mannuthy P.O., Thrissur | Collection, conservation, propagation and database indexing of wild and underutilized edible leafy vegetables, tubers and pulses in northern Kerala |
| 16 | **Dr. Asha K.I,**<br>Principal Scientist, Division of Crop Improvement, ICAR-CTCRI, Sreekariyam, Tvpm | Collection and database creation of important named landraces of tuber crops from Southern districts of Kerala |
| 17 | **Dr. N.M.Krishnakumar,**<br>Scientist B, Department of Biosciences, Rajagiri College of Social Sciences (Autonomous), Kalamassery, Kochi | Identification, creation of database and value addition of wild and underutilized edible varieties of leafy vegetables, tubers, fruits and pulses by the tribes of Trivandrum, Kollam and Alappuzha districts |
| 18 | **Dr. Poornima Yadav,**<br>Assistant Professor (Agronomy) Onattukara Regional Agricultural Research Station, Kerala Agricultural University, Kayamkulam, Alappuzha district | Identification, creation of database, propagation, conservation, and value addition of wild and underutilized edible varieties of millets in Kerala |

**6.1.4. വെള്ളായണി കാർഷിക കോളേജിലെ പരിസ്ഥിതി പുനരുദ്ധാരണവും കാർഷികവൈവിധ്യ സംരക്ഷണവും**

വെള്ളായണി കാർഷിക കോളേജിൽ പരിസ്ഥിതി പുനരുദ്ധാരണത്തിനും കാർഷികവൈവിധ്യ സംരക്ഷണത്തിനുമായി 125 ലക്ഷം രൂപയുടെ പദ്ധതി 2022-23ൽ ആരംഭിച്ചു. സംസ്ഥാനമൊട്ടാകെയുള്ള സർവേ, കർഷകരുടെ വന്യമായ കാർഷിക വിളകളുടെ വിത്തുകൾ, വിവിധ വിളകളുടെ വിത്ത് ശേഖരണം, കേരളത്തിന്റെ കാർഷിക വൈവിധ്യത്തിന്റെ ഡിജിറ്റൽ ഡാറ്റാബേസ് വികസിപ്പിക്കൽ എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്. അരി, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, തിനകൾ, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുൾപ്പെടെയുള്ള വിളകളുടെ കൃഷി വൈവിധ്യ സംരക്ഷണകേന്ദ്രം, വന്യ ബന്ധുക്കൾ, കർഷകരുടെ വിത്തുകൾ എന്നിവയ്ക്ക് വേണ്ടിയുള്ള കാർഷിക വൈവിധ്യ സംരക്ഷണ കേന്ദ്രം സ്ഥാപിക്കൽ വിഭാവനം ചെയ്യുന്നു. വിത്ത് ബാങ്കുകൾ, മില്ലറ്റ് മ്യൂസിയം എന്നിവയും ഇതോടൊപ്പം ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. പ്രധാന ലക്ഷ്യങ്ങൾ ചുവടെചേർക്കുന്നു:

» കേരളത്തിലെ എല്ലാസ്ഥലത്തുനിന്നും നെല്ല്, പച്ചക്കറികൾ, ഫലവിളകൾ, പയർവർഗ്ഗങ്ങൾ, തിന, കിഴങ്ങു വിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങി വിവിധ വിളകളുടെ വന്യബന്ധുക്കൾ/ഭൂപ്രദേങ്ങൾ, കർഷകർ എന്നിവ ശേഖരിക്കുകയും കേരളത്തിലെ കാർഷിക വൈവിധ്യത്തിന്റെ ഡിജിറ്റൽ ഡാറ്റാബേസ് ഉണ്ടാക്കുകയും ചെയ്യുക.
» വെള്ളായണി കാർഷിക കോളേജിൽ നെല്ല്, പച്ചക്കറി, പഴങ്ങൾ, തിന, പയർവർഗ്ഗങ്ങൾ കിഴങ്ങുവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ മുൻഗണനയുള്ള വിളകളുടെ കാർഷിക ജൈവവൈവിധ്യം സ്ഥാപിക്കൽ.
» ശേഖരിച്ച ഇനങ്ങൾ/ഭൂപ്രദേശങ്ങൾ/മുൻഗണന വിളകളുടെ വന്യബന്ധുക്കൾ എന്നിവയുടെ സംരക്ഷണത്തിനായി വിത്ത് ബാങ്ക് സ്ഥാപിക്കുക
» വെള്ളായണി കാർഷിക കോളേജിലെ സസ്യവൈവിധ്യം രേഖപ്പെടുത്തുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും
» കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ച് കർഷകർക്കും ബി.എം.സി.കൾക്കും പരിശീലനങ്ങൾ/ബോധവൽക്കരണ കാമ്പെയ്നുകൾ നടത്തുക





**6.1.5. ജൈവ അധിനിവേശങ്ങൾ പ്രവണതകൾ, ഭീഷണികൾ, നിയന്ത്രണങ്ങളും**

ലോകമെമ്പാടുമുള്ള ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥയുടെയും നാശത്തിന് കാരണമായ ആഗോള ജൈവവൈവിധ്യ നാശത്തിന്റെ പ്രധാന ചാലകങ്ങളിലൊന്നായി അധിനിവേശഇനങ്ങൾ (Invasive Alien Species (IAS)) തിരിച്ചറിഞ്ഞിട്ടുണ്ട്. ആഗോളവൽക്കരണം, വ്യാപാരം, ഗതാഗതം, യാത്ര, വിനോദ സഞ്ചാരം ഇവയെല്ലാം ഒരു പ്രദേശത്തെ തദ്ദേശീയമല്ലാത്ത ജീവിവർഗങ്ങളുടെ പ്രവേശകവും വ്യാപനവും സുഗമമാക്കുന്നു. വെള്ളപ്പൊക്കവും ഉരുൾപൊട്ടലും കേരളത്തിലുടനീളം വ്യാപകമായ നാശംവിതച്ചു. അതോടൊപ്പം ആഫ്രിക്കൻ മുഴി (*Clarias gariepinus*), തിലാപ്പിയ (*Oreochromis mossambicus*) തുടങ്ങി നിരവധി ആക്രമണകാരികളായ സസ്യങ്ങളെയും മത്സ്യങ്ങളെയും സംസ്ഥാനത്തിന്റെ ജലാശയങ്ങളിലേക്ക് സ്വതന്ത്രമാക്കി. ഇത് തദ്ദേശീയ ജൈവവൈവിധ്യത്തിനും ജല പരിസ്ഥിതിക്കും ഭീഷണിയായി. അധിനിവേശ ഇനങ്ങൾ കേരളത്തിന്റെ ജൈവവൈവിധ്യത്തിന് വലിയ ഭീഷണിയാണെന്ന് കേരള സംസ്ഥാന ജൈവവൈവിധ്യ

ബോർഡ് അടുത്തിടെ തയ്യാറാക്കിയ സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും കർമ്മ പദ്ധതി 2022-23 ൽ കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ, കേരള സംസ്ഥാനത്തിന്റെ ഭൗമ-ജല ആവാസവ്യവസ്ഥകളിൽ അധിനിവേശ സസ്യജന്തുകളുടെ അധിനിവേശം തടയുന്നതിനും അധിനിവേശ ജീവജാലങ്ങളെ നിയന്ത്രിക്കുന്നതിനുമുള്ള ഒരു നയം വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. 2022 ഡിസംബർ 3, 4 തീയതികളിൽ കെ.എസ്.ബി.ബി. ജൈവ അധിനിവേശങ്ങൾ പ്രവണതകൾ, ഭീഷണികൾ, മാനേജ്മെന്റ് എന്നിവയെക്കുറിച്ച് ഒരു ദേശീയ സമ്മേളനം നടത്തി. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി **ശ്രീ. പിണറായി വിജയൻ** സമ്മേളനം ഉദ്ഘാടനം ചെയ്തു. FAO യിലെ ഡോ. ശിരോമസത്യപാല 'ജൈവ അധിനിവേശം, ആഗോള പ്രത്യാഘാതങ്ങൾ, മാനേജ്മെന്റ്' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി. ലഖ്നൗവിലെ ഐ.സി.എ.ആർ-നാഷണൽ ബ്യൂറോ ഓഫ് ഫിഷ് ജനറ്റിക് റിസോഴ്സസ് മുൻ ഡയറക്ടറും ഐ.സി.എ.ആർ-ഡി.സി.എഫ്.ആർ. എമിറിറ്റസ് സയന്റിസ്റ്റും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിലെ വിദഗ്ധനുമായ ഡോ.എ.കെ.സിങ്, 'ഇന്ത്യയിലെ മത്സ്യ അധിനിവേശം: വെല്ലുവിളികളും നിയന്ത്രണങ്ങളും' എന്ന വിഷയത്തിൽ സമഗ്രമായ പ്രസംഗം നടത്തി. സമ്മേളനത്തിൽ രാജ്യത്തുടനീളമുള്ള പ്രമുഖ ശാസ്ത്രജ്ഞർ പങ്കെടുക്കുകയും വനം, ജലം, കാർഷിക ഭൂപ്രകൃതി എന്നിവയിലെ അധിനിവേശജീവികളെ ഫലപ്രദമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിനുള്ള മികച്ച രീതികളെക്കുറിച്ച് 30-ലധികം പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഇന്ത്യയിലെ ജൈവിക അധിനിവേശവും ക്വാറന്റൈൻ നടപടികളും, അധിനിവേശ ഇനങ്ങളുടെ വ്യാപനത്തിൽ അക്വേറിയത്തിന്റെയും പെറ്റ്ഷോപ്പുകളുടെയും സ്വാധീനം, അധിനിവേശ ഇനങ്ങളുടെ മാപ്പിംഗിനും മാനേജ്മെന്റിനുമുള്ള സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗം എന്നിവയാണ് സമ്മേളനത്തിൽ ചർച്ച ചെയ്ത പ്രധാന മേഖലകൾ. കൂടാതെ, തമിഴ്നാട്ടിലെ അധിനിവേശ ജീവിവർഗങ്ങളുടെ വിജയകരമായ നിയന്ത്രണ മാതൃകകളും അധിനിവേശ ജീവിവർഗങ്ങളുടെ മൂല്യവർദ്ധന മാർഗ്ഗങ്ങളും അവതരിപ്പിച്ചു. എൺപതോളം പോസ്റ്ററുകളും പ്രദർശിപ്പിച്ചു. കേരളത്തിലെ പ്രധാന അധിനിവേശവർഗങ്ങൾ, വനം, സമുദ്രം, ശുദ്ധജല ആവാസവ്യവസ്ഥ, കൃഷി എന്നീ മേഖലകളിൽ അവയുടെ പരിപാലനത്തിനുള്ള പരിചയപ്പെടുത്തൽ, തന്ത്രങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുക എന്നതായിരുന്നു സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.'ഭൗമ-ജല ആവാസവ്യവസ്ഥയിലെ മുൻഗണനാക്രമത്തിലുള്ള അധിനിവേശ ജീവികളുടെ നിയന്ത്രണത്തിനും പരിപാലനത്തിനുമുള്ളസ്ഥിതിയും തന്ത്രങ്ങളും:' എന്നതിനെക്കുറിച്ചുള്ള ഒരു കരട് ചട്ടക്കൂട് തയ്യാറാക്കി.
















**6.2 എ.ബി.എസ് ധനസഹായ പദ്ധതി**

**6.2.1. ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള നൈപുണ്യവികസന പരിപാടി**

മറയൂർ പഞ്ചായത്തിലെ ആദിവാസി യുവാക്കളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുള്ള മൂന്ന് മാസത്തെ നൈപുണ്യവികസന പരിപാടിക്കായി 1,90,000/ രൂപ നൽകി. പ്രസ്തുത പരിപാടിക്കായി ഗുണഭോക്താക്കളെ കണ്ടെത്തുകയും പരിപാടി തുടരുകയും ചെയ്യുന്നു.

**6.2.2.'സുസ്ഥിര ഉപജീവനത്തിനായിചെറുതേനീച്ച വളർത്തൽരീതി നടപ്പിലാക്കൽ'**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, എ.ബി.എസ് പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ തിരഞ്ഞെടുത്ത ആദിവാസി കർഷകരുടെ സുസ്ഥിരമായ ഉപ ജീവനത്തിനായി"സുസ്ഥിര ഉപജീവനത്തിനായി ചെറുതേനീച്ച വളർത്തൽരീതി നടപ്പിലാക്കൽ" എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. ചെറുതേനീച്ച വളർത്തുന്നതിലൂടെ (മെലിപോണി കൾച്ചർ) ആദിവാസി കൾക്ക് അധികവരുമാനം നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഉദ്ഘാടനം 22.06.2022-ന് കോട്ടൂരിലെ ആന പുനരധിവാസ കേന്ദ്രത്തിലെ ഇന്റർപ്രെറ്റേഷൻ സെന്ററിൽ വച്ച് അരുവിക്കര നിയോജകമണ്ഡലത്തിലെ എം.എൽ.എ അഡ്വ. ജി.സ്റ്റീഫൻ നിർവഹിച്ചു.




കെ.എസ്.ബി.ബി ചെയർമാൻ ഡോ.സി.ജോർജ്തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മെമ്പർ സെക്രട്ടറി ഡോ.സന്തോഷ്കുമാർ എ.വി. പങ്കെടുത്തവരെ അഭിസംബോധന ചെയ്തു. കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.മണികണ്ഠൻ മുഖ്യപ്രഭാഷണം നടത്തി. 'കാലാവസ്ഥാവ്യതിയാനത്തിന്റെ കാലത്തെ സുസ്ഥിരവികസനം' എന്ന വിഷയത്തിൽ നടത്തിയ ശിൽപശാലയോടനുബന്ധിച്ച് കെ.എസ്.ബി.ബി ബോർഡ് അംഗങ്ങളായ ശ്രീ.കെ.വി. ഗോവിന്ദൻ, ഡോ.കെ.സതീഷ്കുമാർ, ഡോ.കെ.റ്റി.ചന്ദ്രമോഹനൻ എന്നിവർ മെലിപോണികൾച്ചറിന്റെ വൈവിധ്യമാർന്ന വശങ്ങളെക്കുറിച്ചുംഫെഡറേഷൻ ഓഫ് ഇൻഡിജിന സ് എപ്പികൾച്ചർ ജനറൽസെക്രട്ടറി ഡോ.സ്റ്റീഫൻ ദേവനേശൻ മെലിപോണി കൾച്ചറിനെക്കുറിച്ചും പ്രഭാഷണം നടത്തി. ഇതിനെത്തുടർന്ന് 2022 നവംബർ 18, 19 തീയതികളിലായി തിരുവനന്തപുരം ജില്ലയിലെ മലയത്തുള്ള ഫെഡറേഷൻ ഓഫ് ഇൻഡിജീനിയസ് എപ്പികൾച്ചറിസ്റ്റ് (എഫ്.ഐ.എ) എന്ന സംഘടനയുടെ സഹായത്തോടെ രണ്ട് ദിവസത്തെ പരിശീലനം നൽകുകയുണ്ടായി.പ്രാഥമികഘട്ടമായി തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് പരിധിയിലുൾപ്പെട്ട 21 ഗോത്രവർഗ്ഗ കർഷകർക്ക് ശാസ്ത്രീയമായ രീതിൽ ചെറുതേനീച്ച വളർത്തൽ, പരിപാലനം, തേൻ വേർതിരിച്ചെടുക്കൽ, ശുചിത്വമുള്ള തേൻ സംസ് കരണം, വൃത്തിയുള്ളതും ഉയർന്ന നിലവാരമുള്ളതുമായ തേനിന്റെ വിപണനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനപരിപാടി നൽകുകയും തേനീച്ച കോളനികൾ വിതരണം ചെയ്യുകയും ചെയ്തു.






#### 6.2.3. സുന്ദരവനം പദ്ധതി

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട അഞ്ച് സ്കൂളുകളിൽ സുന്ദരവനം എന്ന ഔഷധ സസ്യത്തോട്ടം പദ്ധതിക്ക് തുടക്കമിട്ടു. കാട്ടാക്കട നിയോജക മണ്ഡലത്തിലെ എം.എൽ.എ അഡ്വ. ഐ.ബി. സതീഷ് 2022 ജൂൺ 10 ന് മുക്കുനട എസ്.ആർ.എസ് അപ്പർ പ്രൈമറി സ്കൂളിൽ ഔഷധ ചെടി നട്ട് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.എസ്.ബി.ബി.യുടെ എ.ബി.എസ് ധനസഹായത്തോടെയുള്ള ഈ പദ്ധതിക്ക് കെ.എസ്.ബി.ബി ചെയർമാൻ ഡോ.സി.ജോർജ്തോമസ് മുഖ്യപ്രഭാഷണം നടത്തി. ഭൂവിനി യോഗ കമ്മീഷണറും ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗവുമായ ശ്രീ. എ. നിസാമുദീൻ അനുമോദനങ്ങൾ അർപ്പിച്ചു. പ്രസിഡന്റ് ടി.മല്ലിക, വാർഡ് അംഗം സജികുമാർ, ബി.എം.സി.സെക്രട്ടറി കെ.വി. സുരേഷ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

#### 6.2.4. ജൈവവിഭവങ്ങളിലേക്കുള്ള പ്രവേശനത്തിനുള്ള അംഗീകാരങ്ങൾ

NBAയിൽ നിന്ന് ഫോറം Iൽ രണ്ട് കൺസൾട്ടേഷൻ ഫോമുകൾ ലഭിക്കുകയും അംഗീകാരം നൽകുകയും ചെയ്തു. കൂടാതെ ഗവേഷണത്തിനുള്ള അനുമതിക്കായി 12 അപേക്ഷകൾ സ്വീകരിക്കുകയും അംഗീകാരം നൽകുകയും ചെയ്തു.

### 6.3 ജൈവവൈവിധ്യ ഗവേഷണം

മലപ്പുറം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ബോട്ടണി ഡിപ്പാർട്ട്മെന്റ് ഹെർബേറിയത്തെ നാഷണൽ ഡെസിഗ്നേറ്റഡ് റിപ്പോസിറ്ററി (ഡി.ആർ) ആയി പ്രഖ്യാപിക്കാനുള്ള നിർദ്ദേശം ലഭിച്ചു. കേരളത്തിൽ ഇപ്പോൾ ദേശീയ തലത്തിൽ സസ്യജാലങ്ങൾക്കായി ശേഖരണങ്ങളൊന്നും ഇല്ലാത്തതിനാൽ കാലിക്കറ്റ്

സർവകലാശാല സസ്യശാസ്ത്ര വിഭാഗത്തെ ദേശീയകലവറയായി പ്രഖ്യാപിക്കാമെന്ന ശുപാർശ എൻ.ബി.എ യ്ക്ക് അയച്ചു.

**6.3.1. ജൈവവൈവിധ്യ പഠനം**

» **എറണാകുളം ജില്ലയിലെ തേവക്കൽ - 'പൊന്നക്കുടംകാവ്'**- 86 കുടുംബങ്ങളിൽപെട്ട 400 സസ്യ ഇനങ്ങളെ പഠനത്തിൽ കണ്ടെത്തി, ഭൂരിഭാഗം സ്പീഷീസുകളും പുൽവർഗ്ഗത്തിൽപ്പെട്ടവയാണ്. 272 തദ്ദേശീയ ഇനങ്ങളെയും 49 തദ്ദേശീയ പുഷ്പ ഇനങ്ങളെയും കണ്ടെത്തി. 79 വിദേശസസ്യജാലങ്ങൾ കാവുകളിൽ സ്ഥിതി ചെയ്യുന്നു. ജന്തുജാലങ്ങളുടെ വൈവിധ്യത്തിൽ 63 ഇനം പക്ഷികളും 23 ഇനം ചിത്രശലഭങ്ങളും ഉൾപ്പെടുന്നു. പഠനമേഖലയിലെ ജന്തുജാലങ്ങളുടെ വൈവിധ്യം കണ്ടെത്തുന്നതിന് വിവിധ ഋതുക്കളിൽ കൂടുതൽ വിപുലമായ ഫീൽഡ് വർക്കുകൾ നിർദ്ദേശിക്കപ്പെടുന്നു.

» **കല്ലുകടവ് തണ്ണീർത്തടപ്രദേശങ്ങൾ -** കോട്ടയം കല്ലറ ഗ്രാമപഞ്ചായത്തിലെ മുടക്കാലി, കല്ലുകടവ് തണ്ണീർത്തട പ്രദേശങ്ങളിൽ ജൈവവൈവിധ്യ നിരീക്ഷണ പഠനം നടത്തി. മൊത്തം 75 ഇനം തണ്ണീർത്തട സസ്യങ്ങളും ദേശാടന പക്ഷികൾ ഉൾപ്പെടെ 55 ഇനം പക്ഷികളും 14 പ്രാദേശിക മത്സ്യ ഇനങ്ങളും പഠന മേഖലയിൽ നിന്ന് കണ്ടെത്തി.

» **ജീരകപ്പാറ (തുഷാരഗിരി), കോടഞ്ചേരി, കോഴിക്കോട് –**ജൈവവൈവിധ്യ വിലയിരുത്തലിന്റെ ഭാഗമായി ആകെ 306 സസ്യ ഇനങ്ങളെ തിരിച്ചറിയുകയും അതിൽ 30% പ്രാദേശികമാണ് ക്കണ്ടത്തുകയും ചെയ്തു. ഇതിൽ 284 ഇനം പൂച്ചെടികൾ (ആൻജിയോസ്പെർമുകൾ), 1 ജിംനോസ്പെം, 21 ടെറിഡോഫൈറ്റുകൾ എന്നിവ ഉൾപ്പെടുന്നു. 283 ആൻജിയോസ്പെർമുകളിൽ, 83 ഇനങ്ങൾ (29%) തദ്ദേശീയമാണ്, ഏതാണ്ട് 23 ഇനങ്ങൾ തെക്കൻ പശ്ചിമഘട്ട മേഖലകളിൽ മാത്രം കാണപ്പെടുന്നു, 13 ഇനങ്ങൾ പശ്ചിമഘട്ടമൊട്ടാകെ കാണപ്പെടുന്നു. അപൂർവവും വംശനാശഭീഷണി നേരിടുന്നതും (ആർ.ഇ.ടി) വിഭാഗത്തിൽപ്പെട്ടതുമായ 10 ആൻജിയോസ്പേം ഇനങ്ങൾ ഉണ്ടായിരുന്നു, ഇതിൽ 4 എണ്ണം വംശനാശഭീഷണി നേരിടുന്നവയാണ്, ബാക്കി 6 എണ്ണം വംശനാശത്തിന് വിധേയമാണ്. ചിത്രശലഭങ്ങളിൽ 127 ഇനങ്ങളിൽ 7 എണ്ണംവംശ നാശഭീഷണി നേരിടുന്നവയാണ്. ദുർബലമായ ഒരു ഇനം IUCN - RET വിഭാഗങ്ങളിൽപെടുന്നു. 17 എണ്ണം പ്രാദേശികമായവയാണ്. അവയിൽ 1 എണ്ണം ദക്ഷിണേന്ത്യയിലും 8 എണ്ണം പശ്ചിമഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. 33 തുമ്പിയിനങ്ങളിൽ, IUCN RETവിഭാഗങ്ങളിൽപ്പെടുന്ന 1 ദുർബലമായ ഇനമുണ്ട്. ഉഭയജീവികളിൽ, 31 ഇനങ്ങളിൽ, 7 ഇനം ഷെഡ്യൂൾ 4 ൽ ഉൾപ്പെടുന്നു. IUCN RETവിഭാഗങ്ങളിൽ പ്പെടുന്നവയിൽ 3 വംശനാശഭീഷണി നേരിട്ടുകൊണ്ടിക്കുന്നവയും, 5 വംശനാശഭീഷണി നേരിടുന്നവയും, 1 ദുർബലമായ ഇനവുമുണ്ട്. 12 പ്രാദേശികസസ്യങ്ങൾ പശ്ചിമഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തി യിരിക്കുന്നു. 42 ഉരഗങ്ങളിൽ, 13 ഇനം ഗെക്കോസ് / പല്ലികൾ, 3 ഇനം സ്കിൻക്സ്, 2 ഇനം ടർട്ടിലുകൾ, 1 ആമ, 23 പാമ്പുകൾ എന്നിവയുണ്ട്. 130 പക്ഷികളിൽ 14 എണ്ണം വന്യജീവിസംരക്ഷണ നിയമം 1972 ലെ ഷെഡ്യൂൾ 1-ൽ ഉൾപ്പെടുന്ന വംശനാശഭീഷണി നേരിടുന്ന ഇനങ്ങളാണ്. അവയ്ക്ക് കർശനമായ സംരക്ഷണം ആവശ്യമുള്ളവയാണ്.115 ഇനങ്ങൾ ഷെഡ്യൂൾ 4-ൽ ഉൾപ്പെടുന്നു. അതിൽ നാല് ഇനങ്ങൾ IUCN - RET വിഭാഗങ്ങളിൽപെടുന്നു. 17 പ്രാദേശികമായവയാണ്, അതിൽ 6 എണ്ണം ഇന്ത്യയിലും 11 എണ്ണം പശ്ചിമഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.29 സസ്തനികളിൽ 5 എണ്ണം വംശനാശഭീഷണി നേരിടുന്നവയാണ്, അവ ഷെഡ്യൂൾ 1 ലും 10 സ്പീഷിസുകൾ ഷെഡ്യൂൾ 2 ലും 4 സ്പീഷിസുകൾ ഷെഡ്യൂൾ 3 & 4 ലും ഉൾപ്പെടുന്നു. IUCN - RETവിഭാഗത്തിൽപ്പെടുന്നവയിൽ 1 വംശനാശഭീഷണി നേരിട്ടുകൊണ്ടിരി ക്കുന്നവയും, 4 ദുർബലമായ ജീവിവർഗങ്ങളുമുണ്ട്.

» **കഠിനംകുളം തടാകം,** തിരുവനന്തപുരം - തിരുവനന്തപുരം ജില്ലയിലെ ഉപ്പുവെള്ള തടാകങ്ങളിൽ ഒന്നാണ് ഈ പ്രദേശം. ജൈവവൈവിധ്യ വിലയിരുത്തലിൽ, സസ്യങ്ങൾ (45 ഇനം), മത്സ്യം (57 ഇനം), ചെമ്മീൻ ഞണ്ടുകൾ ഉൾപ്പെടെയുള്ള പുറംതോടുകൾ ഉള്ളവ (10 ഇനം), തുമ്പിവർഗ്ഗങ്ങൾ (18 ഇനം), ചിപ്പി വർഗ്ഗങ്ങൾ (4 ഇനം), പക്ഷികൾ (46 ഇനം) ചിത്രശലഭങ്ങളും (16 ഇനം) എന്നിവ ഉൾപ്പെടെ 197 ഇനം രേഖപ്പെ ടുത്തി). സർവേയിൽ അഞ്ച് ഇനം ജലകളകളെ കണ്ടെത്തി, ഇതിൽ നാല് വിദേശയിനങ്ങളും മൂന്ന് അധി നിവേശ ഇനങ്ങളുമാണ് (Eichhornia crassipes, Salvinia molesta and Pistia stratiotes). തടാകത്തിന്റെ പ്രാന്ത പ്രദേശങ്ങളിൽ 23 കുടുംബങ്ങളിൽപ്പെട്ട 45 ഇനം സസ്യജാലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒറ്റപ്പെട്ട കണ്ടങ്ങളിൽ കണ്ടൽച്ചെടിയായ ഉപ്പട്ടിയും (*Avicennia officinalis*) കണ്ടൽക്കാടിന്റെ അസോസിയേറ്റ് (*Acanthus*

*ilicifolius*) യും കാണപ്പെടുന്നു. തടാകത്തിലും അതിന്റെ സമീപപ്രദേശങ്ങളിലും നാൽപ്പത്തിയാറ് ഇനം ജലപക്ഷികളെ കണ്ടെത്തി. ദേശാടന പക്ഷികളായ പവിഴക്കാലി (*Himantopus himantopus*), ചാത്തുപ്പൻ (*Tringastagnatilis*), 11 ഇനം തീരദേശ പക്ഷികൾഎന്നിവയും പ്രദേശത്ത് നിന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

» **കാരിച്ചാൽ തടാകം, തിരുവനന്തപുരം** - തിരുവനന്തപുരം ജില്ലയിലെ ഉപ്പുവെള്ളതടാകങ്ങളിൽ ഒന്നാണ് കാരിച്ചാൽതടാകം. ഈപഠനത്തിലൂടെ 120 ഇനങ്ങൾ രേഖപ്പെടുത്തി, അതിൽസസ്യങ്ങൾ (36 ഇനം), മത്സ്യം (25 ഇനം), ചെമ്മീൻ, ഞണ്ട്, മോളസ്ക് (4 ഇനം), ചിത്രശലഭങ്ങൾ (16 ഇനം), പക്ഷികൾ (17 ഇനം), തുമ്പികൾ (22 ഇനം) എന്നിവഉൾപ്പെടുന്നു. Pearl spot (കരിമീൻ) പോലെയുള്ള വാണിജ്യാടിസ്ഥാനത്തിലുള്ള വിലപ്പെട്ട ജീവികളുടെ എണ്ണം കുറഞ്ഞുവരുന്നത് ആശങ്കാജനകമാണ്.

» **പഴഞ്ചിറകുളം ചിറയിൻകീഴ്** - ജൈവവൈവിധ്യത്താൽ സമ്പന്നമായ തിരുവനന്തപുരത്തെ ഏറ്റവും വലിയ ശുദ്ധജല കുളങ്ങളിൽ ഒന്നാണ് പഴഞ്ചിറ. ഈ പ്രദേശത്ത്മൊത്തം 54 തരം പക്ഷികൾ കാണപ്പെടുന്നു. ഇതിൽ 28 എണ്ണം ജലപക്ഷികളാണ്. ദേശാടന പക്ഷികളായ വെള്ളക്കറുപ്പൻ പരുന്ത് (*Hieraaetuspennatus*), പവിഴക്കാലി (*Himantopus himantopus*), ചാത്തുപ്പൻ (*Tringa stagnatilis*), പച്ചക്കാലി (*Tringanebularia*), പുള്ളിക്കടക്കൊക്ക് (*Tringaglareola*), കുരുവിമനലൂത്തിൻ (*Calidris minuta*), കരിൻ തലയൻ മീൻ കൊത്തി (*Halcyon pileate*) വലിയവേലിതത്ത (*Meropsphilippinus*), ഇന്ത്യൻ മഞ്ഞക്കിളി (*Orioluskundoo*), വയൽക്കോതി കത്രികക്കിളി (*Hirundo rustica*), ചെമ്പനരിവാൽകൊക്കൻ (*Plegdisfalcinellus*), വരി എരണ്ട (*Spatula querquedula*)എന്നിവയും പ്രദേശത്ത് കണ്ടു. 19 പൂമ്പാറ്റ ഇനങ്ങളും 24 വ്യത്യസ്ത ഇനം തുമ്പികളും പഠനത്തിൽ കണ്ടെത്തി. ദുർബലമായ ഒരു Indian flap shell turtle ആമയെ(IUCN red list 2021) ജലാശയത്തിൽ കണ്ടെത്തി. അത് ഗൗരവമായി സംരക്ഷിക്കപ്പെടേതാണ്. ഫലവൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ, കുറ്റിച്ചെടികൾ, മരങ്ങൾഎന്നിവയുൾപ്പെടെ ഏകദേശം 68 ഇനം സസ്യങ്ങളാണ് പഴഞ്ചിറ പ്രദേശത്തെ സസ്യ വൈവിധ്യത്തെ പ്രതിനിധീകരിക്കുന്നത്.

» **ആലപ്പുഴയിലെ പള്ളിപ്പുറം കണ്ടൽ പ്രദേശങ്ങൾ** - ദ്വീപിലെ മൊത്തം സസ്യജാലങ്ങളിൽ 122 കുടുംബങ്ങളിലായി 398 ഇനം പുഷ്പ സസ്യങ്ങൾ അല്ലെങ്കിൽ ആൻജിയോസ്പേമുകൾ, 7 കുടുംബങ്ങളിലായി 14 ഇനം ടെറിഡോഫൈറ്റുകൾ, ഒരു ഇനം മാത്രം ജിംനോസ്പെർമുകൾ എന്നിവ ഉൾപ്പെടുന്നു. പുഷ്പികളിൽ 21 എണ്ണം പ്രാദേശികമാണ്. 1 ടെറിഡോഫൈറ്റും 1 ജിംനോസ്പെർമും പെനിൻസുലർ ഇന്ത്യയിൽ മാത്രം കാണപ്പെടുന്നവയാണ്. കൂടാതെ, മിറിസ്റ്റിക്ക മലബാറിക്ക പോലുള്ള ഒരു ദുർബല സസ്യത്തിന്റെ (IUCN Redlist) സാന്നിധ്യവും പഠനമേഖലയിൽ നിന്ന് ക്കണ്ടെത്തിയിട്ടുണ്ട്. 9 ഇനം സസ്തനികൾ (8 ജനുസ്സുകൾ), 13 ഇനം ഉരഗങ്ങൾ (12 ജനുസ്സുകൾ), 22 ഇനം ഉഭയജീവികൾ (15 ജനുസ്സുകൾ), 18 ഇനം തുമ്പികൾ (16 ജനുസ്സുകൾ), 176 ഇനം പക്ഷികൾ (137 ജനുസ്സുകൾ), 106 ഇനം ചിത്രശലഭങ്ങൾ (78 ജനുസ്സുകൾ).), 72 ഇനങ്ങളിലുള്ളമത്സ്യങ്ങൾ (56 ജനുസ്സുകൾ), 11 ഇനം ചെമ്മീനുകളുംകൊഞ്ചുകളും (8 ജനുസ്സുകൾ), മോളസ്ക്സ്-ബിവാൾവ്സ് 8 ഇനങ്ങളും (7 ജനുസ്സുകൾ) ചിപ്പികൾ - മുത്തുച്ചിപ്പി - 18 ഇനങ്ങളിലുള്ള ഗാസ്ട്രോപോഡുകളും (13 ജനുസ്സുകൾ) ഉൾപ്പെടുന്നു.

» **പെരുമ്പളം, വേമ്പനാട് -** പെരുമ്പളം ദ്വീപുകളുടെ 3km$^2$ വിസ്തൃതിയിൽ 20-ലധികം ചെറിയ കാവുകൾ ഉണ്ട്. പ്രദേശത്തെ ജൈവവൈവിധ്യ പഠനങ്ങൾ 299 ആൻജിയോസ്പെർമുകൾ, 6 ടെറിഡോഫൈറ്റുകൾ, 1 ജിംനോസ്പെം എന്നിവ വെളിപ്പെടുത്തുന്നു.

» **പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്തിലെ രാമശ്ശേരി** മല-ജൈവവൈവിധ്യ പഠനത്തിൽ 28 ഇനം പക്ഷികളും 8 ഇനം അകശേരുക്കളും 9 ഇനം കശേരുക്കളും രേഖപ്പെടുത്തിയിട്ടുണ്ട്. നിരവധി ഔഷധ സസ്യങ്ങൾ, അപൂർവവും പ്രാദേശികവുമായ ഇനങ്ങൾ എന്നിവയുൾപ്പെടെ നിരവധി വന്യ സസ്യങ്ങളെ ഉൾക്കൊള്ളുന്നു.

### 6.4 ജൈവവൈവിധ്യ ഗവേഷണത്തിനായുള്ള ഡോക്ടറൽ ഫെലോഷിപ്പുകൾ

കേരള സർവ്വകലാശാലയുടെ കീഴിലുള്ള അംഗീകൃത ഗവേഷണ കേന്ദ്രമാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്. ജൈവവൈവിധ്യത്തിന്റെ വിവിധ മേഖലകളിൽ ഗവേഷണം നടത്തുന്നതിന് ബോർഡ് 3 ഡോക്ടറൽ ഫെലോകളെ തെരഞ്ഞെടുക്കും. വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

a. Biology and Management of Cassava Mealy bug *Phenacoccusmanihoti* Matlle-Fexero (Hemiptera: Pseudococcidae)
b. Systematics, population genetics and developmental biology of the critically endangered red Canarese barb, *Hypselobarbus thomassi* (Day1874)
c. Propagation and Conservation of *Madhucabalakrishnanii* E.S.S Kumar, Shailaja kumara & Sherief, an endemic species Western Ghats India.

**6.5 കെ.എസ്.ബി.ബി ഇന്റേൺഷിപ്പ് പരിപാടി**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബിരുദാനന്തര ബിരുദവിദ്യാർത്ഥികൾക്ക് ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് ഇന്റേൺഷിപ്പ് നൽകുന്നു. ഇന്റേൺഷിപ്പിന്റെ അവസാനം ഇന്റേണുകൾ റിപ്പോർട്ട് അവതരിപ്പിക്കും. ഇന്റേൺഷിപ്പ് വിജയകരമായി പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു. 2022–23 കാലയളവിൽ വിവിധ സ്ഥാപനങ്ങളിലെ 40 വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് നൽകുകയുണ്ടായി.

**6.6 ചുവന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവജാലങ്ങളുടെ എക്സിറ്റുകൺസർവേറ്ററികൾ**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 'എക്സ്സിറ്റു കൺസർവേറ്ററീസ് ഫോർ റെഡ് ലിസ്റ്റഡ് പ്ലാന്റ് സ്പീഷീസ്' എന്ന പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കി. KSBB മുമ്പ് രൂപപ്പെടുത്തിയ, കേരളത്തിന് മാത്രമുള്ള പ്രത്യേക സസ്യ ഇനങ്ങളുടെ പ്രത്യേക റെഡ്‌ലിസ്റ്റ് ഈ കൺസർവേറ്ററികൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനമായി പ്രവർത്തിച്ചിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന സസ്യജാലങ്ങളുടെ സുരക്ഷിത സങ്കേതങ്ങളായി ഈ എക്സിറ്റുകൺസർവേറ്ററികൾ പ്രവർത്തിക്കുന്നു. ഈ ഉദ്യമത്തിൽ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 11 സ്ഥാപനങ്ങൾക്ക് 27 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകി. കേരളത്തിലെ ഈ പദ്ധതിയിലൂടെ വിവിധ സ്ഥലങ്ങളിൽ എക്സിറ്റുകൺസർവേറ്ററികൾ ആരംഭിക്കുന്നതിന് സഹായകമായി

## 6.7. മറ്റു ഫണ്ടുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

**6.7.1. കേരള സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും പ്രവർത്തന പദ്ധതിയും 2022 –2032**

സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും പ്രവർത്തന പദ്ധതിയും കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡ് (KSBB) പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെയും ഐക്യരാഷ്ട്രസഭയുടെ വികസന പരിപാടിയുടെയും (UNDP) (GEF) ന്റെയും ധനസഹായത്തിലൂടെ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും പ്രവർത്തന പദ്ധതിയും 2022-32, കേരളത്തിലെ വിവിധ മേഖലകളിൽ ജൈവവൈവിധ്യം നേരിടുന്ന പ്രധാന ഭീഷണികൾ കണ്ടെത്തി ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള നയനിർദ്ദേശങ്ങളും അടുത്ത പത്ത് വർഷത്തേക്കുള്ള കർമ്മ പദ്ധതിയും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.





**6.7.2. കേരള പുന:നിർമ്മാണ പദ്ധതി (RKI)**

കേരളത്തിൽ വ്യാപാരം ചെയ്യാവുന്നതും/വാണിജ്യ സാധ്യതകളുള്ളതുമായ ജൈവവിഭവങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കലും അവയുടെ സാമ്പത്തിക മൂല്യനിർണയവും

» കൃഷി, ഹോർട്ടികൾച്ചർ, പുഷ്പകൃഷി, വനവിഭവങ്ങൾ (വന്യ പഴവർഗ്ഗങ്ങൾ, വന്യ പച്ചക്കറികൾ, ഔഷധസസ്യങ്ങൾ, തടി, തേൻ, കൂൺ മുതലായവ) ജലവിഭവങ്ങൾ (മൽസ്യം, കക്ക മുതലായവ) എന്നിങ്ങനെ വിവിധ മേഖലകളിലെ വ്യാപാരം ചെയ്യാവുന്ന ജൈവവിഭവങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള ഒരു പദ്ധതി റിബിൾഡ് കേരള ഇനിഷ്യറ്റീവ്ന്റെ ഭാഗമായി ബോർഡ് നടപ്പിലാക്കി. ജൈവവൈവിധ്യങ്ങളുടെ ഉത്പാദകർ, വ്യാപാരികൾ, ജൈവവിഭവങ്ങൾ അസംസ്കൃതവസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായകർ, കയറ്റുമതിക്കാർ, വിവിധ സർക്കാർവകുപ്പുകൾ എന്നിവർക്ക് വളരെ ഗുണകരമാവുന്നതാണ് ഈ പദ്ധതി.

» 3900 അക്വാട്ടിക് സ്പീഷീസുകളുടെ ഒരു ഡാറ്റാബേസ് സൃഷ്ടിച്ചു, കൂടാതെ 185 ട്രേഡബിൾ ബയോറിസോഴ്സുകളുടെയും ഉൽപ്പന്നങ്ങളുടെയും ഒരു ഏകീകൃത ചെക്ക്ലിസ്റ്റ് റിപ്പോർട്ടിൽ അവതരിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹവുമായി വിപുലമായ കൂടിയാലോചനകൾക്ക് ശേഷം 138 മറൈൻ ലാൻഡിംഗ് കേന്ദ്രങ്ങളെയും 4000 മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

» കേരളത്തിലെ വിപണനം ചെയ്യാവുന്ന പുഷ്പ ജൈവവിഭവങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ജൈവവിഭവങ്ങളുടെ ഒരു സമഗ്രമായ പട്ടികയും കൂൺ (85), RET സ്പീഷീസ് (645), പ്രാദേശിക സസ്യങ്ങൾ (152), കേരളത്തിലെമരങ്ങൾ (855), തടി (161) എന്നിവയ്ക്കായി തയ്യാറാക്കിയ ചെക്ക്ലിസ്റ്റുകളും, വനത്തിന് പുറത്തുള്ള മരങ്ങൾ (90), മുള & ഞാങ്ങണ ഇനങ്ങൾ (55), വിദേശ ഫലവൃക്ഷങ്ങൾ (26), ഓർക്കിഡ് (126), പുഷ്പ കൃഷി സാധ്യതയുള്ള വനങ്ങളിലെ ഓർക്കിഡുകൾ (16), കേരളത്തിന്റെ തടി ഇതരവനോൽപ്പന്നത്തിന്റെ പാസ്പോർട്ട് സ്ക്രിപ്റ്റ് ഡാറ്റ കേരള സംസ്ഥാനം തയ്യാറാക്കിയിട്ടുണ്ട്.

### 6.8. ജൈവവൈവിധ്യ ചട്ടങ്ങളും നിയമങ്ങളും ശിൽപശാല

കേരള സർക്കാരിന്റെ പരിസ്ഥിതിവകുപ്പിന് കീഴിലുള്ള ഒരു നിയമപരമായ സ്ഥാപനമാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്. 'പ്രാദേശിക ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും സുസ്ഥിരമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളെ ശാക്തീകരിക്കുക' എന്നതാണ് ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.











ഇതിന്റെ ഭാഗമായി സാങ്കേതിക സഹായ ഗ്രൂപ്പുകൾ (ടി.എസ്.ജി.), ഫോറസ്റ്റ് ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനങ്ങൾ, ലൈൻ ഡിപ്പാർട്ട്മെന്റുകൾ, വെർച്ചൽ ബയോഡൈവേഴ്സിറ്റി കേഡർ അംഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബിഎംസി, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ, കോർപ്പറേഷനുകളുടെ മേയർമാർ, ജില്ലാതല പ്ലാനിംഗ് ഓഫീസർമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ, പഞ്ചായത്തുകളുടെ ഡെപ്യൂട്ടി ഡയറക്ടർ, കൃഷി, മൃഗസംരക്ഷണം, ജില്ലാ ഉദ്യോഗസ്ഥർ എന്നിവർക്കായി ജൈവവൈവിധ്യ ആക്ട് 2002, എ.ബി.എസ് എന്നിവയെക്കുറിച്ചുള്ള Capacity Building Workshop സംഘടിപ്പിച്ചു.

**6.9. നാട്ടറിവ് എഴുത്തുശാലകൾ**

ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും സുസ്ഥിരവികസനം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി) സംസ്ഥാനത്തുട നീളമുള്ള ജൈവവൈവിധ്യ പരിപാലന സമിതികളെ (ബിഎംസി) ശാക്തീകരിക്കുന്നതിനും നാട്ടറിവുമായി ബന്ധപ്പെട്ട സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും തുടക്കം കുറിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രാഥമിക ലക്ഷ്യം, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനത്തിന്റെ (TK) നില വിലെ അവസ്ഥ, ശേഖരണം, സംരക്ഷണം, സുസ്ഥിരമായ ഉപയോഗം എന്നിവയ്ക്കായി BMC-കളെ സജ്ജമാക്കുക എന്നതാണ്. നാട്ടറിവുകളെ സംരക്ഷിക്കുന്നതിന് പരമ്പരാഗത വിജ്ഞാന ഉടമകൾ, ഗോത്രവൈദ്യന്മാർ, ഗവേഷകർ, ശാസ്ത്രജ്ഞർ എന്നിവരുടെ പ്രധാന്യം ഊന്നിപ്പറയുന്ന ഈ സംരംഭം, പൊതുഅവബോധം വളർത്തുന്നതിനും സംസ്ഥാന, ഗ്രാമപഞ്ചായത്ത്തലത്തിലുള്ള ആസൂത്രണപ്രക്രിയ കളിൽ നാട്ടറിവിനെ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ശ്രമിക്കുന്നു. 2022 ജൂലൈ 7-ന് കേരള സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്ബോർഡിന്റെ കോൺഫറൻസ് ഹാളിൽ 'നാട്ടറിവ്' എന്ന വിഷയത്തിൽ ഒരുസുപ്രധാന ഏകദിന ശിൽപശാല കെ.എസ്.ബി.ബി സംഘടിപ്പിച്ചിരുന്നു. ജൈവവൈവിധ്യ സംരക്ഷണത്തിലും സുസ്ഥിരവിനിയോഗത്തിലും പരമ്പരാഗത അറിവിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകളും അനുഭവങ്ങളും പങ്കുവെച്ചുകൊണ്ട് ഈ മേഖലയിലെ വിദഗ്ധർ ഇതിൽ പങ്കെടുത്തിരുന്നു. ഈ ശിൽപശാലയുടെ വിജയത്തെ മുൻനിർത്തി, അഞ്ച് ഗ്രാമപഞ്ചായത്തുകളിലായി (02.08.2022 ന് വിതുര, 03/01/2023 ന് പുറക്കാട്, 27.2.2023-ന് കാങ്കോൽ-ആലപ്പടമ്പ്, 28.2.2023-ന് എടവക, 25/01/2023 വട്ടവട) അഞ്ച് എഴുത്തുശാലകൾ ബി.എം.സി കളുമായി ചേർന്ന് കെ.എസ്.ബി.ബി സംഘടിപ്പിച്ചു. നാട്ടറിവിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പങ്കാളികളും വിദഗ്ധരും തമ്മിലുള്ള ആശയ വിനിമയത്തിനും ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനത്തിന്റെ ചിട്ടയായ ഡോക്യുമെന്റേഷൻ, നാട്ടറിവുമായി ബന്ധപ്പെട്ട ബൗദ്ധികസ്വത്തവകാശം ഉറപ്പാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രക്രിയകളിൽ നാട്ടറിവ് സമന്വയിപ്പിക്കുന്നതിനുള്ള സാധ്യതകൾ എന്നിവയെക്കുറിച്ചുള്ള ക്രിയാത്മക ചർച്ചകൾക്കും ഈ എഴുത്തുശാലകൾ സഹായിച്ചു. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെ കാര്യക്ഷമമായ ശേഖരണം, സംരക്ഷണം, സുസ്ഥിരമായ വിനിയോഗം, പ്രയോജനം പങ്കിടൽ എന്നിവയ്ക്കായി ബി.എം.സികളെ ശാക്തീകരിക്കുന്നതിനായി രൂപകൽപ്പന ചെയ്തി ട്ടുള്ള സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിത്തറയായി ഈ എഴുത്തുശാലയിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളും അറിവുകളും വിനിയോഗിക്കുന്നതാണ്.





പുതിയ ഹെർബൽ മരുന്നുകൾ, ന്യൂട്രാസ്യൂട്ടിക്കൽസ്, സസ്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ എന്നിവയുടെ വികസനത്തിൽ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണവും സഹകരണവും

പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആസൂത്രണ പ്രക്രിയയിലേക്ക് നാട്ടറിവ് സംയോജിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ വഴിയൊരുക്കും. കേരളത്തിന്റെ പരമ്പരാഗത അറിവുകൾ ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു അതുല്യ മാതൃകയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. ആയതിലൂടെ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും ജൈവവൈവിധ്യവുമായി ഇഴചേർന്ന് കിടക്കുന്ന അമൂല്യമായ പരമ്പരാഗത അറിവുകൾ സംരക്ഷി ക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയാണ് ഈ സംരംഭത്തിന്റെ ആത്യന്തിക ലക്ഷ്യം.

**6.10. നിയമപരമായ പ്രശ്നങ്ങൾ**

1. ഒ.എ.157/21 (SZ) അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണൽ സ്വമേധയ ഫയൽ ചെയ്ത ഒ.എ.157/21 നമ്പർ കേസ് സംബന്ധിച്ച 31.03.2022 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരം മുറിക്കുന്നതുമൂലമുള്ള പാരിസ്ഥിതിക നഷ്ടം നികത്തുന്നതിനായി മുറിച്ച മരങ്ങളുടെ 10 മടങ്ങ് വരുന്ന 30,000 തനത് ഇനങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കേതാണെന്ന് നിർദ്ദേശിച്ചിരുന്നു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന 'ജൈവവൈവിധ്യ പരിപാലന സമിതികൾ' മുഖേന 30,000 തനത് വൃക്ഷത്തൈകൾ നടുന്നതിനായി കേരളത്തിലെ എല്ലാ ബി.എം.സികൾക്കും കത്ത് നൽകിയിരുന്നു. തുടർ പ്രവർത്തനഫലമായി കെ.എസ്.ബി.ബിയുടെ ജില്ലാ കോർഡിനേറ്റർമാരുടെ സഹകരണത്തോടെ സോഷ്യൽ ഫോറസ്ട്രിയുടെ നഴ്സറിയിൽ നിന്നും ലഭ്യമായ 68,728 തൈകൾ ബി.എം.സികളിലേക്ക് എത്തിക്കുകയും 48 വ്യത്യസ്ത ഇനം തൈകൾ 11 ജില്ലകളിലായി നട്ടു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
2. 2022 ലെ OA 122 (SZ) കാപിക്കോ കേരള റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് പൊളിക്കുന്നതിന് ബഹുമാനപ്പെട്ട NGT മുമ്പാകെയുള്ള ഹർജിയിന്മേൽ KSBB സ്ഥലപരിശോധന നടത്തി NGTക്ക് റിപ്പോർട്ട് സമർപ്പിക്കുകയും കേസ് തീർപ്പാക്കുകയും ചെയ്തു.
3. കേരള സർപ്പക്കാവ് സംരക്ഷണ സമിതി, ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP (C) No.27162/2021നമ്പർ ഹർജിയിന്മേലുള്ള ഉത്തരവിൽ, കാവുകൾ ജൈവവൈവിധ്യ കേന്ദ്രങ്ങളാക്കുന്നതിന് ബി.എം.സികൾ ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ, അത്തരം പ്രദേശങ്ങൾ മൂന്നു മാസത്തിനകം സർക്കാർ വിജ്ഞാപനം ചെയ്യണമെന്ന നിർദ്ദേശത്തോടെ കേസ് അവസാനിപ്പിച്ചു.
4. W.P (C) No.7444/2022 മാംഗോ മെഡോസ് അഗ്രികൾച്ചറൽ പ്ലെഷർ ലാൻഡ് (പ്രൈവറ്റ് ലിമിറ്റഡ്)- വസ്തുതകളുടെ പ്രസ്താവന സമർപ്പിച്ചു.
5. O.A.No.15/2020- Burning banks of Bharathapuzha- സ്വീകരിച്ച നടപടികളുടെ സ്ഥിതി സർക്കാരിന് സമർപ്പിച്ചു.
6. എ.ബി.എസുമായി ബന്ധപ്പെട്ട കോടതി കേസുകൾ
    - W.P. (C) No. 40132/18- Arjuna Natural Ltd, Ernakulam
    - W.P. (C) No. 41622/18- Pankaja Kasturi Herbals India Ltd.
    - W.P. (C) No. 41903/18- VaidyaratnamOushadasala Ltd.
    - W.P. (C) No. 35855/18- Synthite Industries Pvt. Ltd.
    - W.P. (C) No. 41976/18- Arya Vaidyasala, Kottakkal
    - W.P. (C) No. 42017/18- Nagarjuna Herbal Concentrates Limited
7. ശ്രീ. പി.കെ.ശശി ഫയൽ ചെയ്ത W.P (C) നമ്പർ 3549/2023 – വസ്തുതകളുടെ പ്രസ്താവന സമർപ്പിച്ചു.
8. ശ്രീമതി. സിന്ധു, ഏറ്റുമാനൂർ മുനിസിപ്പാലിറ്റി ഫയൽ ചെയ്ത W.P (C) നമ്പർ 3645/2023– വസ്തുതകളുടെ പ്രസ്താവന സമർപ്പിച്ചു.
9. ശ്രീ.വിശ്വം കൂത്തുപാറ ഫയൽ ചെയ്ത W.P (C) നമ്പർ 3320/2023– വസ്തുതകളുടെ പ്രസ്താവന സമർപ്പിച്ചു.
10. മലിനീകരണ നിയന്ത്രണ ക്ലബ്ബ് & നേച്ചർ ക്ലബ്ബ് ഫയൽ ചെയ്ത W.P (C) നമ്പർ 1981/2018– വസ്തുതകളുടെ പ്രസ്താവന സമർപ്പിച്ചു.
11. ശ്രീ.മുഹമ്മദ് അലി ഫയൽ ചെയ്ത W.P (C) നമ്പർ 8237/2023– വസ്തുതകളുടെ പ്രസ്താവന സമർപ്പിച്ചു.

**6.11. പ്രസിദ്ധീകരണങ്ങൾ**


1. Balakrishnan V, Sudheesh NP , Preetha Nilayangode 2023 Microbial Diversity and conservation of local Biodiversity Heritage Sites in Western Ghats with community participation-a novel conservation effort of Kerala in Microbial Biodiversity, Biotechnology and Ecosystem Sustainability. Springer Nature pp 57-71
2. Preetha Nilayangode, Laladhas K P Oommen V. Oommen 2022 Strengthening ABS implementation in India in Biodiversity in Conservation through Access and Benefit Sharing (ABS) eds Oommen V oommen, Laladhas KP, Prakash Nelliyat and Balakrishna Pisupati Springer Nature pp 249-261
3. Tradable/ Commercially Potential Bioresources Of Kerala and Economic Valuation : Executive Summary Eds : Dr George C. Thomas, Dr Satheeshkumar, Dr Swapna TS, Dr K T Chandramohan, Shri Govindan KV, Dr Santhoshkumar AV and Dr Preetha N 2022 Database Of Tradable / Commercially Potential Bioresources And Economic Valuation In Kerala, Rebuild Kerala Initiative, Government Of Kerala
4. Tradable/ Commercially Potential Bioresources of Kerala and Economic Valuation Dr Prakash Nelliyat, Dr Preetha N, 2022, Database Of Tradable / Commercially Potential Bioresources And Economic Valuation In Kerala, Rebuild Kerala Initiative, Government Of Kerala
5. Tradable/ Commercially Potential Aquatic Bioresources of Kerala Dr K V Jayachandran, Dr Preetha N 2022 Database Of Tradable / Commercially Potential Bioresources And Economic Valuation In Kerala, Rebuild Kerala Initiative, Government Of Kerala
6. Tradable/ Commercially Potential Floral Bioresources Of Kerala Dr S Rajasekaran, Dr K Murugan, and Dr Preetha N 2022 Database Of Tradable / Commercially Potential Bioresources And Economic Valuation In Kerala, Rebuild Kerala Initiative, Government Of Kerala
7. Case Studies of Sustainable Use of Biodiversity Dr K Murugan, Dr Preetha N, 2022 Database Of Tradable / Commercially Potential Bioresources And Economic Valuation In Kerala, Rebuild Kerala Initiative, Government Of Kerala
8. Checklist Of Floral Bioresources and Bioresources Based Manufacturing Industries Dr. S Rajasekaran, Dr. K Murugan, Dr. Preetha N, 2022 Database of Tradable / Commercially Potential Bioresources And Economic Valuation In Kerala, Rebuild Kerala Initiative, Government Of Kerala

# 7 ജൈവവൈവിധ്യ ബോധവൽക്കരണവും പരിശീലനവും

**പ്രധാന നേട്ടങ്ങൾ**

- ദിനാചരണങ്ങൾ (അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം, പരിസ്ഥിതി ദിനം, ലോക വന ദിനം, ലോക ജല ദിനം, കാലാവസ്ഥാ ദിനം)
- 130 ജൈവവൈവിധ്യക്ലബ്ബ്കൾക്ക് സാമ്പത്തിക സഹായം
- ജൈവവൈവിധ്യ ക്ലബ്ബ്കൾക്കായുള്ള 3 മേഖലാതല ശില്പശാലകൾ സംഘടിപ്പിച്ചു
- പതിനഞ്ചാമത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു
- കാർഷിക ജൈവവൈവിധ്യ പ്രോജക്ട് -വിത്തുത്സവങ്ങൾ സംഘടിപ്പിച്ചു
- കെഎസ് ബി ബി – ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം
- ജൈവവൈവിധ്യ സെമിനാർ/ശിൽപ്പശാല/ സിമ്പോസിയം
- 'R' പ്രോഗ്രാമിംഗിനെക്കുറിച്ചുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു
- കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ അവാർഡുകൾ
- കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു
- ന്യൂസ്ലെറ്റർ – മാർച്ച് 2023 വരെ
- 82 സ്ഥാപനങ്ങളിൽ നിന്നായി 4652 വിദ്യാർത്ഥികളും, 1163 പൊതുജനങ്ങളും ജൈവവൈവിധ്യ മ്യൂസിയം സന്ദർശിച്ചു
- കൂണുകളിലെ ജൈവവൈവിധ്യം – പരിശീലന പരിപാടി സംഘടിപ്പിച്ചു
- കൊക്കോഡാമ പരിശീലന പരിപാടി സംഘടിപ്പിച്ചു

## 7.1. ദിനാചരണങ്ങൾ സംഘടിപ്പിച്ചു (അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം, പരിസ്ഥിതി ദിനം, ലോക വന ദിനം, ലോക ജല ദിനം, കാലാവസ്ഥാ ദിനം)

### 7.1.1 അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം

- സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ, തിരുവനന്തപുരം നഗരസഭ യിലെ പാങ്ങോട് ഗവണ്മെന്റ് എൽ.പി സ്കൂൾ വളപ്പിൽ ജൈവവൈവിധ്യ പാർക്ക് സ്ഥാപിച്ചു കൊണ്ടാണ് രണ്ടായിരത്തി ഇരുപത്തിരണ്ടിലെ ജൈവവൈവിധ്യ ദിനത്തിന്റെ സംസ്ഥാനതല പരിപാടി അരങ്ങേറിയത്. വിവിധങ്ങളായ അറുപ തോളം ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും ദിനാചര ണത്തിന്റെ ഭാഗമായി സ്കൂൾ അങ്കണ ത്തിൽ നട്ടുപിടിപ്പിച്ചു. സ്കൂൾ ജൈവ വൈവിധ്യ ക്ലബ്ബിന്റെ മേൽനോട്ടത്തിൽ പാർക്കിന്റെ പരി പാലനം ഉറപ്പാക്കിയിട്ടുണ്ട്. 22 മെയ് 2022 നു രാവിലെ സ്കൂൾ അങ്കണത്തിൽ വച്ച് നടന്ന പരിപാടി തിരുവനന്തപുരം നഗരസഭാ ഡെപ്യൂട്ടി മേയർ ശ്രീ. പി. കെ.രാജു ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജൈവവൈവിധ്യബോർഡ് മെമ്പർ സെക്രട്ടറി ഡോ. എ.വി.സന്തോഷ് കുമാർ അധ്യക്ഷനായി. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ മാരായ ശ്രീ. കെ.വി. ഗോവിന്ദൻ, ഡോക്ടർ കെ. സതീഷ് കുമാർ, ഡോ. കെ. ചന്ദ്ര മോഹനൻ എന്നിവർ കുട്ടികളുമായി സംവദിച്ചു. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ശ്രീ. വി. കെ. രാമചന്ദ്രൻ, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി എൽ. ശൈലജ, കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ ഡോ. ഗോപകുമാർ, മെഡിസിനൽ പ്ലാന്റ് ബോർഡ് മെമ്പർ ഡോ. പി. സജീവ്, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അഡ്മിനി സ്ട്രേറ്റീവ് ഓഫീസർ ശ്രീമതി. മിനി വി., പാങ്ങോട് എൽ. പി. സ്കൂളിലെ വിദ്യാർത്ഥികൾ, അധ്യാപകർ, ജൈവവൈവിധ്യ ബോർഡ് ജീവനക്കാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.







### 7.1.2. പരിസ്ഥിതി ദിനം

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2022 ജൂൺ 5-ന് തിരുവനന്തപുരം ജഗതിയിലുള്ള ബധിര-മൂക സ്കൂളിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. വാർഡ് കൗൺസിലർ അഡ്വ. രാഖി രവികുമാർ സ്കൂൾ പരിസരത്ത് ഫലവൃക്ഷത്തൈകൾ നട്ട് ഉദ്ഘാടനം ചെയ്തു. തദ്ദേശീയ ഇനങ്ങളായ മൃഗങ്ങളെയും പക്ഷികളെയും സസ്യജാലങ്ങളെയും വരും തലമുറയ്ക്കായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത അവർ ചൂണ്ടിക്കാണിച്ചു. ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി പെൻസിൽ, ക്രയോൺ ഡ്രോയിംഗ് മത്സരങ്ങൾ നടത്തി ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കെ.എസ്.ബി.ബി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലേക്ക് നൽകി. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ.സി.ജോർജ്തോമസ് വിജയികൾക്കുള്ള അവാർഡുകൾ വിതരണം ചെയ്തു. ഡോ. സതീഷ്കുമാർ, അംഗം, കെ.എസ്.ബി.ബി, ശ്രീമതി. മിനി വി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കെ.എസ്.ബി.ബി, ശ്രീമതി. മഞ്ജു മാത്യു, പ്രിൻസിപ്പൽ, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ, ശ്രീകുമാരി.വി, പ്രധാനാധ്യാപിക സുജാത ജോർജ്ജ് എന്നിവരും മറ്റ് ജീവനക്കാരും വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു.



**7.1.3. ലോക വന ദിനം, ജല ദിനം, കാലാവസ്ഥാ ദിനം - ഓൺലൈൻ പ്രഭാഷണ പരമ്പര**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ന്റെ ആഭിമുഖ്യത്തിൽ ലോക വന ദിനം, ലോക ജല ദിനം, ലോക കാലാവസ്ഥാ ദിനം എന്നീ അന്തർദേശീയ ദിനാചരണ പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. മാർച്ച് 21, 22, 23 തീയതികളിലായി നടത്തിയ ഓൺലൈൻ പ്രഭാഷണ പരമ്പരയിൽ കേരള വനഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ. വി. രഘു, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.മനോജ് പി സാമുവേൽ, കേരള കാർഷിക സർവകലാശാലയിലെ പ്രൊഫസർ ശാലിനി പിള്ള എന്നിവർ വ്യത്യസ്ത വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി. മാർച്ച് 21 - 23 ദിവസങ്ങളിലായി നടത്തിയ പ്രഭാഷണ പരമ്പരയിൽ കേരളത്തിലെയും ഇന്ത്യയിലെയും വ്യത്യസ്ത സർവകലാശാലകളിലും, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളിലുമുള്ള അധ്യാപകർ, വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞർ, ജൈവവൈവിധ്യ ബോർഡ് ഉദ്യോഗസ്ഥർ, ജില്ലാ കോ-ഓർഡിനേറ്റർമാർ, ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങൾ, ജൈവവൈവിധ്യ ക്ലബ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ഗൂഗിൾ മീറ്റ്വഴി സംഘടിപ്പിച്ച പ്രഭാഷണ പരമ്പര സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. സി ജോർജ് തോമസ് സ്വാഗത പ്രസംഗം നടത്തി. ഡോ. സി. എസ്. വിമൽകുമാർ (പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ), ഡോ. സുധീഷ് എൻ. പി. (സയന്റിഫിക് ഓഫീസർ), ഡോ. അഖില എസ്. നായർ (സീനിയർ റിസർച്ച് ഓഫീസർ) ഡോ. കെ. ശ്രീധരൻ (റിസർച്ച് ഓഫീസർ), എന്നിവർ നേതൃത്വം നൽകി. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. എ. വി.സന്തോഷ്കുമാർ നന്ദി പ്രകാശിപ്പിച്ചു.

**7.2. ജൈവവൈവിധ്യ ക്ലബ്ബ്കൾക്ക് സാമ്പത്തിക സഹായം**

ഓരോ ജില്ലയിലും ജൈവവൈവിധ്യ സംരക്ഷണത്തിനായി കർമ്മനിരതമായി പ്രവർത്തിക്കുന്ന ജൈവവൈവിധ്യ ക്ലബ്ബ്കളെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തെരഞ്ഞെടുക്കുകയും ഇതിൽ 130 ക്ലബ്ബ്കൾക്കു 5000 രൂപ വീതം സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. നിശ്ചിത മാതൃകയിൽ ജൈവവൈവിധ്യ ക്ലബ്ബ്കൾ നെയിം ബോർഡ് സ്ഥാപിക്കുകയും, ഒപ്പം വിവിധങ്ങളായ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടിയാണ് സാമ്പത്തിക സഹായം ലഭ്യമാക്കിയിരിക്കുന്നത്.

**7.3. ജൈവവൈവിധ്യ ക്ലബ്ബ്കൾക്കായുള്ള മേഖലാതല ശില്പശാലകൾ**

ജൈവവൈവിധ്യ ക്ലബ്ബ്കളുടെ ശാക്തീകരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ജൈവവൈവിധ്യ ക്ലബ്ബ്കൾക്കായി മേഖലാതല ശില്പശാലകൾ സംഘടിപ്പിച്ചു. കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ വച്ച് നടന്ന മേഖാലതല ശില്പശാലകളിൽ 130 ഓളം ജൈവവൈവിധ്യക്ലബ് കോർഡിനേറ്റർമാരായ അധ്യാപകരും, ജൈവവൈവിധ്യ ബോർഡ് ജില്ലാ കോർഡിനേറ്റർമാരും പങ്കെടുത്തു. 13/01/2023 നു കോഴിക്കോട് നടന്ന മേഖലാതല ശിൽപ്പശാല സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അംഗം ശ്രീ. കെ.വി. ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലയിൽ വച്ച് 2/ 2 /2023 നു നടന്ന ശിൽപ്പശാല തൃശ്ശൂർ ജില്ലാപഞ്ചായത്തു വൈസ് പ്രസിഡന്റ് ശ്രീമതി. ലതാ ചന്ദ്രനും തിരുവനന്തപുരം ജില്ലയിൽ വച്ചു 8/3/23 നു നടന്ന ശിൽപ്പശാല സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. സി. ജോർജ്ജ് തോമസും ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അംഗങ്ങളായ

ഡോ. കെ. സതീഷ്കുമാർ, ശ്രീ. കെ.വി. ഗോവിന്ദൻ, സീനിയർ റിസർച്ച് ഓഫീസർ ഡോ. അഖില എസ്. നായർ എന്നിവർ ക്ലാസുകൾ നയിച്ചു. ക്ലാസ്സുകൾക്ക് ശേഷം ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചയും ഗ്രൂപ്പുകളുടെ ആശയാവതരണങ്ങളും ഉണ്ടായിരുന്നു. വിവിധ ജില്ലകളിലെ ക്ലബ്ബ്കൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന മാതൃകാ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി തന്നെ ചർച്ചകളും അവതരണങ്ങളും നടന്നു. സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. എ.വി. സന്തോഷ്കുമാർ ഉപസംഹാര പ്രസംഗം നടത്തി. ജില്ലാ കോർഡിനേറ്റർമാരായ ശ്രീമതി. മഞ്ജു, ശ്രീ. ഫെബിൻ ഫ്രാൻസിസ്, ശ്രീ ഷിനു എന്നിവർ യഥാക്രമം കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം മേഖലാതല ശില്പശാലകളിൽ നന്ദി പ്രകാശിപ്പിച്ചു.






### 7.4. കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ്

2023 ഫെബ്രുവരി 19 –20 തീയതികളിലായി കോഴിക്കോട് നടന്ന രണ്ടാമത് കേരള സംസ്ഥാന ജൈവവൈവിധ്യ സമ്മേളനത്തിന്റെ ഭാഗമായി കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചു. സംസ്ഥാന തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന, കുട്ടികളുടെ പതിനഞ്ചാമത് ജൈവവൈവിധ്യ സമ്മേളനമാണ് 2023 ഫെബ്രുവരി 20 ന് നടന്നത്. കുട്ടികളിൽ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്കൂൾ കുട്ടികൾക്കായി എല്ലാ വർഷവും ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിച്ചുവരുന്നത്. സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സിനു മുന്നോടിയായി കുട്ടികൾക്കായി ജില്ലാതലങ്ങളിൽ ചിത്രരചന, പെയിന്റിങ്, ഉപന്യാസ രചന, ഓൺലൈൻ ഫോട്ടോഗ്രാഫി, പ്രൊജക്റ്റ് അവതരണം എന്നീ അഞ്ചു മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. 'ജൈവവൈവിധ്യവും മനുഷ്യന്റെ ഭാവിയും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ജില്ലാതല പ്രോജെക്ട് അവതരണ മത്സരങ്ങളിൽ സീനിയർ, ജൂനിയർ വിഭാഗങ്ങളിലായി ഒന്നും രണ്ടും സ്ഥാനം നേടിയ ഗ്രൂപ്പുകൾ സംസ്ഥാനതല ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി നടത്തുന്ന പ്രൊജക്റ്റ് അവതരണ മത്സരത്തിൽ മാറ്റുരച്ചു. എല്ലാ ജില്ലകളിൽ നിന്നുമായി അൻപതോളം ഗ്രൂപ്പുകളിലായി നൂറിലേറെ വിദ്യാർത്ഥികൾ സംസ്ഥാനതല പ്രോജക്ട് അവതരണ മത്സരങ്ങളിൽ പങ്കെടുത്തു. കുട്ടികളിൽ ജൈവവൈവിധ്യത്തോടുള്ള ശാസ്ത്രീയ അഭിരുചിയും അവബോധവും വളർത്തുക എന്നതാണ് പ്രോജക്ട് അവതരണ മത്സരങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്.





രാവിലെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അംഗം ശ്രീ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്. അധ്യക്ഷത വഹിച്ചു. ജലവിഭവവികസന കേന്ദ്രം ഡയറക്റ്റർ ഡോ. മനോജ് പി. സാമുവേൽ, ജൈവവൈവിധ്യ ബോർഡ് അംഗം ഡോ. ടി.എസ്. സ്വപ്ന, കാര്യവട്ടം ഗവൺമെന്റ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. രതീഷ് കൃഷ്ണ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. എ.വി. സന്തോഷ്കുമാർ ആശംസകൾ അർപ്പിച്ചു. സയന്റിഫിക് ഓഫീസർ ഡോ. എൻ. സുധീഷ് സ്വാഗതവും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി മിനി വി. നന്ദിയും പറഞ്ഞു.സംസ്ഥാനതല മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകളും ഫലകങ്ങളും 20 ന് വൈകിട്ട് നടന്ന രണ്ടാമത് കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽ വച്ച് പത്മശ്രീ സി. ദത്തൻ വിതരണം ചെയ്തു.

**7.5. വിത്തുത്സവങ്ങൾ:** കാർഷിക ജൈവവൈവിധ്യ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയ ബാധിത ജില്ലകളിൽ നടപ്പിലാക്കിയ കാർഷിക ജൈവവൈവിധ്യ സംരക്ഷണ പദ്ധതിയുടെ ഭാഗമായി വിത്തുത്സവങ്ങൾ ഏപ്രിൽ മാസത്തിൽ എറണാകുളം, ഇടുക്കി. തൃശൂർ, വയനാട് ജില്ലകളിൽ സംഘടിപ്പിച്ചു. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാമ്പത്തിക, സാങ്കേതിക സഹായത്തോടെ നടന്ന പരിപാടി കാർഷിക ജൈവവൈവിധ്യ ഇനങ്ങളുടെ കൈമാറ്റത്തിന് വലിയ വേദിയായി. തനത് കർഷകരുടെ കൈവശമുള്ള, തദ്ദേശീയവും അപൂർവ്വവുമായ ഇനങ്ങൾ പരമാവധി കർഷകരിലേക്ക് എത്തിക്കുകയും പരിപാലനം ഉറപ്പാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നടത്തിയ പരിപാടി വിവിധ ജില്ലകളിലെ തനത് കർഷകരുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.





**7.6. കെ.എസ്.ബി.ബി – ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം**

കേരളത്തിലെ എല്ലാജില്ലകളിലും ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം സ്ഥാപിക്കുന്നതിനായി കേരള ഗ്രന്ഥശാല സംഘത്തിൽ അഫിലിയേഷൻ ഉള്ള വായനശാലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 44 വായനശാലകൾക്കു 10000 രൂപ വീതം (കെ.എസ്.ബി.ബി യുടെ പുസ്തകങ്ങൾ 50% വിലക്കിഴിവിൽ + 6000 രൂപ സെമിനാർ സംഘടിപ്പിക്കുന്നതിന് ) നൽകിയിട്ടുണ്ട്.

**7.7.ജൈവവൈവിധ്യ സെമിനാർ/ശിൽപ്പശാല/സിമ്പോസിയം**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2022 – 2023 സാമ്പത്തിക വർഷത്തിലെ പ്ലാനിലെ 'ജൈവവൈവിധ്യ ബോധവത്കരണവും വിദ്യാഭ്യാസവും' എന്ന ഘടകത്തിൽ തല്പരരായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, പ്രൊഫഷണൽ അസ്സോസിയേഷൻസ്/സന്നദ്ധ സംഘടനകൾ എന്നിവയ്ക്ക് ജൈവവൈവിധ്യ സെമിനാർ/ ശില്പശാല / സിമ്പോസിയം എന്നിവ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകി. ജൈവവൈവിധ്യ ബോധവൽക്കരണ, വിപുലീകരണ പരിപാടികളുമായി ബന്ധപ്പെട്ട് സെമിനാറുകൾ/വർക്ക്ഷോപ്പുകൾ/സിമ്പോസിയകൾ/പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ആകെ 32 സ്ഥാപനങ്ങളെ തെരെഞ്ഞെടുത്തു. ജൈവവൈവിധ്യ ബോധവൽക്കരണ സെമിനാർ / ശില്പശാലകൾ എന്നിവ വിജയകരമായി സംഘടിപ്പിച്ചു.

**7.8 .'R' പ്രോഗ്രാമിംഗിനെക്കുറിച്ചുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി. ബി) 'Data Analysis through R Programming"

എന്ന പേരിൽ ഒരു ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി നടത്തി, ആയത് ഡാറ്റാ വിശകലന വൈദഗ്ദ്ധ്യം, പ്രത്യേകിച്ച് ജൈവവൈവിധ്യ ഗവേഷണത്തിൽ പങ്കാളികൾക്ക് ലഭ്യമാക്കുന്നതിന് സഹായകമായി. 'R'പ്രോഗ്രാമിംഗിന്റെ പ്രാധാന്യവും ഡാറ്റാ സയൻസിൽ അതിന്റെ പങ്കിനെകുറിച്ചും പങ്കാളികൾക്ക് അവബോധം സൃഷ്ടിക്കുകയും ചെയ്തു. ജൈവവൈവിധ്യമുൾപ്പെടെയുള്ള മേഖലയിലെ ഗവേഷണങ്ങളിലൂടെ ലഭ്യമാകുന്ന ഡേറ്റയുടെ വിശകലനത്തിനുള്ള പരിശീലനവും ഈ മേഖലയിലെ ഡാറ്റാ സയൻസിന്റെ ഭാവി സാധ്യതകളെക്കുറിച്ചുള്ള അറിവും പങ്കെടുത്തവർക്ക് ലഭിച്ചു. മൂഡിൽ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ സജീകരിച്ച വെർചൽ ക്ലാസ് റൂമിലൂടെ സംഘടിപ്പിച്ച ഈ കോഴ്സ് പങ്കെടുത്തവർക്ക് സംവേദനാത്മകവും ആകർഷകവുമായ പഠനാനുഭവം വളർത്തിയെടുക്കുന്നതിൽ വളരെ ഫലപ്രദമാണെന്ന് ഈ മാതൃക തെളിയിച്ചു. ഓൺലൈൻ ലൈവ് ക്ലാസുകൾക്ക് ഉപരിയായി റിക്കോർഡ് ചെയ്ത 770.68 മിനിറ്റ് ദൈർഘ്യമുള്ള 47 വീഡിയോ ക്ലാസുകളും, പരിശീലനത്തിനായുള്ള മാതൃകാ ഡേറ്റയും, ഹാൻഡ്-ഓൺ പ്രാക്ടീസിനുള്ള കോഡുകളും ഇതിൽ ഉൾപ്പെടുന്നു. ക്ലാസ് ടെസ്റ്റുകളിലൂടെയും അസൈൻമെന്റുകളിലൂടെയുമുള്ള മൂല്യനിർണ്ണയം പങ്കെടുക്കുന്നവരുടെ പുരോഗതിയെക്കുറിച്ച് തുടർച്ചയായ ഫീഡ്ബാക്ക് നൽകുന്നതിന് സഹായിച്ചു. ഡാറ്റാ വിശകലനത്തിലും 'R'പ്രോഗ്രാമിംഗിലും പങ്കാളികളുടെ പ്രാവീണ്യത്തിന്റെ സമഗ്രമായ വിലയിരുത്തലായി ഒരു അന്തിമ പരീക്ഷയും നടത്തിയിരുന്നു. പങ്കെടുത്ത 82 പേരിൽ 62 പേർ കോഴ്സ് വിജയകരമായി പൂർത്തിയാക്കി. 'R'പ്രോഗ്രാമിംഗിൽ ആഴത്തിലുള്ള പരിശീലനം നൽകുന്നതിലൂടെയും, ഡേറ്റാ വിശകലനം ചെയ്യുന്നതിലൂടെ ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുന്ന സമീപനം വളർത്തിയെടുക്കുന്നതിലൂടെയും ജൈവവൈവിധ്യ സംരക്ഷണത്തിൽ സുസ്ഥിരമായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാർത്ഥികളേയും ഗവേഷകരെയും അദ്ധ്യാപ കരേയും ശാക്തീകരിക്കുന്നതിന് ഈ കോഴ്സ് ഗണ്യമായ സംഭാവന നൽകി.

### 7.9. കൂണുകളിലെ ജൈവവൈവിധ്യം -പരിശീലന പരിപാടി സംഘടിപ്പിച്ചു

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2022 ജൂലൈ 1 മുതൽ സെപ്റ്റംബർ 10 വരെ ' Mushroom Identification and the Need for their Conservation in Natural Habitats" എന്ന വിഷയത്തിൽ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തി. കൂണുകളുടെ ലോകം പലപ്പോഴും അവഗണിക്കപ്പെടുന്നതാണ് എന്നാൽ ഇവ നൽകുന്ന വളരെ ശ്രദ്ധേയവും വിപുലമായ ആവാസവ്യവസ്ഥാ സേവനങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക എന്നതായിരുന്നു ഈ കോഴ്സിന്റെ പ്രധാന ലക്ഷ്യം. പ്രകൃതിയുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിക്കാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുകയും ഫംഗസ് കുടുബത്തിനുള്ളിലെ സമ്പന്നമായ സ്പീഷിസ് വൈവിധ്യം പര്യവേക്ഷണം ചെയ്യാനും പഠിക്കാനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ കോഴ്സ് ഉപകരിച്ചു. 33 പേർ കോഴ്സിൽ പങ്കെടുത്തു, 29 പേർ അത് വിജയകരമായി പൂർത്തിയാക്കി. നമ്മുടെ ആവാസവ്യവസ്ഥയുടെ അത്ര അറിയപ്പെടാത്തതും എന്നാൽ അവിഭാജ്യ ഘടകവുമായ കുമിൾ ജൈവവൈവിധ്യത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തോടുമുള്ള പ്രതിബദ്ധത വളർത്തിയെടുക്കുന്നതിന് ഈ കോഴ്സിലൂടെ സാധിച്ചു.





### 7.10. കൊക്കോഡാമ പരിശീലന പരിപാടി സംഘടിപ്പിച്ചു

കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റ നേതൃത്വത്തിൽ കേരളത്തിലെ സ്കൂളുകളിൽ രൂപീ കരിച്ചിട്ടുള്ള ജൈവവൈവിധ്യ ക്ലബ്ബുകൾക്ക് ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ

പ്രായോഗിക പരിശീലനം നൽകുന്നതിന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തുടക്കം കുറിച്ചു. കേരളത്തിലെ ജൈവവൈവിധ്യ ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കുകയും അതിലൂടെ പുതുതലമുറയെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഭാഗഭാഗാക്കാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 5.11.2022 ന് രാവിലെ 10 മണിക്ക് വള്ളക്കടവിലുള്ള ജൈവവൈവിധ്യ മ്യൂസിയത്തിൽ വച്ച് ഡോ.കെ സതീഷ് കുമാർ, ബോർഡ് മെമ്പർ, കെ.എസ്.ബി.ബി നിർവഹിച്ചു. പ്രസ്തുത പരിപാടിയിൽ ജൈവവൈവിധ്യ ബോർഡ് മെമ്പർമാരായ ശ്രീ.കെ.വി ഗോവിന്ദൻ, ഡോ.ടി.എസ്.സ്വപ്ന, ഡോ.കെ സതീഷ്കുമാർ എന്നിവരും ജൈവവൈവിധ്യ ബോർഡ് പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ ഡോ.സി.എസ് വിമൽകുമാറും ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ജൈവവൈവിധ്യ ക്ലബ്ബ് അംഗങ്ങൾക്ക് ക്ലാസ്സുകൾ നൽകി. തുർന്ന് ശ്രീമതി.ലക്ഷ്മി സുരേഷ്, റിസർച്ച് സ്കോളർ, ജെ.എൻ.ടി.ബി.ജി.ആർ.ഐയുടെ നേതൃത്യത്തിൽ വിദ്യാർത്ഥികൾക്ക് കൊക്കോഡാമ (മോസ് ബോൾ) നിർമ്മിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകി. നമുക്കു ചുറ്റും ലഭ്യമായിട്ടുള്ള മണ്ണ്, ചാണകം, ചകിരിച്ചോറ് എന്നിവ കുഴച്ചെടുത്ത് അതിൽ പായൽ ചുറ്റി ചെടിച്ചട്ടിക്ക് പകരം ഉപ യോഗിക്കാൻ പറ്റുന്ന ബോൾ പോലെ നിർമ്മിക്കുകയും അതിൽ ചെടിനടുകയും ചെയ്യുന്നരീതി കുട്ടികൾക്ക് വളരെയധികം കൗതുകം ജനിപ്പിക്കുന്നതായിരുന്നു. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ മാത്രം ഉപ യോഗിച്ചു നിർമ്മിച്ച കൊക്കോഡാമ കാലപ്പഴക്കം മൂലം നിറംമങ്ങിയതോ ഉരഞ്ഞും പൊട്ടിയും പൊളിഞ്ഞും ഉപയോഗശുന്യമാണെന്നു കരുതുന്നതോ ആയ വസ്തുക്കൾക്കുപോലും വളരെയധികം ഉപയോഗമു ണ്ടെന്നും അതിലൂടെ മനോഹരമായ വസ്തുക്കൾ നിർമ്മിക്കാൻ സാധിക്കും എന്ന സന്ദേശം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് സഹായിച്ചു. ലാളിത്യം പോലെയുള്ള മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തത്ത്വങ്ങളുടെ പ്രതിഫലനം കൂടിയാണ് കൊക്കോഡാമ നിർമ്മാണം എന്നും പ്രകൃതിമാതാവ് സ്വയം പര്യാപ്തമാണ്, അതിനെ മനോ ഹരമാക്കാൻ ബാഹ്യമായ ഒന്നും ആവശ്യമില്ല എന്ന സന്ദേശവും ഇതിലൂടെ വിദ്യാർത്ഥികൾക്ക് കൈമാറി. ഇതിനെല്ലാം ഉപരിയായി പ്ലാസ്റ്റിക് ചെടിച്ചട്ടികൾ ഒഴിവാക്കി പ്രകൃതി സൗഹൃദപരമായ അലങ്കാര സസ്യ പരിപാലന മാർഗ്ഗം കൂടിയാണിതെന്ന സന്ദേശവും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി.




**7.11 കേരളസംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ അവാർഡുകൾ (2021 - 2022)**




കേരള സംസ്ഥാന പരിസ്ഥിതി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ജൈവവൈവിധ്യ

ബോർഡ് പരിസ്ഥിതി സംരക്ഷണരംഗത്തും ജൈവവൈവിധ്യ സംരക്ഷണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവക്കുന്ന വ്യക്തികളെയും സംഘടനകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മാധ്യമ പ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് 'കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം'. 2007 മുതൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഈ അവാർഡുകൾ നൽകിവരുന്നു. 2021-22 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് വിവിധ വിഭാഗങ്ങളിലായി 11 അവാർഡുകളാണ് നൽകുന്നത്. ഇതിൽ 6 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും, അഞ്ച് അവാർഡുകൾ സ്ഥാപനങ്ങൾക്കും ഉള്ളതാണ്.

**7.12. ന്യൂസ്‌ലെറ്റർ** – ജൈവവൈവിധ്യ ബോർഡിന്റെ ന്യൂസ് ലെറ്റർ ആയ 'ഏക' 2022 ഏപ്രിൽ, മെയ്, ജൂൺ , ജൂലൈ മാസങ്ങളിലും 2023 ജനുവരി, ഫെബ്രുവരി, മാർച്ച്, മാസങ്ങളിലും ആയി 7 ലക്കങ്ങൾ ഓൺലൈൻ ആയി പ്രസിദ്ധീകരിച്ചു

### 7.13. കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (KSBB) 2023 ഫെബ്രുവരി 18 മുതൽ 20 വരെ കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുമായി (GASC) സഹകരിച്ച് 2-ാമത് സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് വിജയകരമായി സംഘടിപ്പിച്ചു. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, പരിപാടി ഉത്ഘാടനം ചെയ്തു. **'ജൈവവൈവിധ്യവും ഉപജീവനവും'** എന്നതായിരുന്നു കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഫെബ്രുവരി 19 2023 നു ഗവ. ആർട്സ്& സയൻസ് കോളേജ്, കോഴിക്കോട് വച്ച് നടത്തിയ കേരള സംസ്ഥാന ജൈവവൈവിധ്യ സമ്മേളനത്തിൽ **ശ്രീ. പിണറായി വിജയൻ,** ബഹു. കേരള മുഖ്യമന്ത്രി കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരം 2021 – 2022 വിതരണം ചെയ്തു. ബഹു. തുറമുഖം വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ, ബഹു. പൊതുമരാമത്തു വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ്, ബഹു. വനം വകുപ്പ് മന്ത്രി എ കെശശീന്ദ്രൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.





















$2^{nd}$KSBC യുടെ വിഷയം. ജൈവവൈവിധ്യ പ്രദർശനം, സ്ത്രീശാക്തീകരണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശിൽപശാല', സാങ്കേതിക പിന്തുണാ ഗ്രൂപ്പ് മീറ്റ്, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി മീറ്റ്, 15-ാമത് കുട്ടികളുടെ ജൈവവൈവിധ്യ

കോൺഗ്രസ്, സംരക്ഷക കർഷക സംഗമം തുടങ്ങിയ വിവിധ പരിപാടികൾ രണ്ടാം കെ.എസ്.ബി.സി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.









### 7.14. ജൈവവൈവിധ്യ മ്യൂസിയം

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള ഒരു സംരംഭമാണ് കേരള ബയോഡൈവേഴ് സിറ്റി മ്യൂസിയം. വിവിധ തലങ്ങളിലുള്ള ആളുകൾക്കും വിദ്യാർത്ഥികൾക്കും ജൈവവൈവിധ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുക എന്നതാണ് മ്യൂസിയത്തിന്റെ പ്രധാന ലക്ഷ്യം.

#### 7.14.1. മ്യൂസിയത്തിലെ പ്രധാന പ്രവർത്തനങ്ങൾ.

| | |
|---|---|
| ഈ കാലയളവിൽ സന്ദർശിച്ച വിദ്യാർത്ഥികളുടെ എണ്ണം | - 4652 |
| ഈ കാലയളവിൽ സന്ദർശിച്ച മുതിർന്നവരുടെ എണ്ണം | - 1163 |
| വിദ്യാഭ്യാസ സ്ഥാപനം | - 82 |

#### 7.14.2. മ്യൂസിയത്തിൽ നടത്തിയ മറ്റ് പ്രവർത്തനങ്ങൾ / ആഘോഷങ്ങൾ

- » ലോക ഭൗമദിനം ആചരിച്ചു
- » KSBB അവാർഡ് വിലയിരുത്തൽ
- » കൊക്കോഡോമോ പരിശീലനം
- » അധ്യാപക പരിശീലനം- ജൈവവൈവിധ്യ ക്ലബ്ബ്
- » KSBB പ്രസിദ്ധീകരണങ്ങളുടെ വിൽപ്പന

#### 7.14.3. ഇന്റേൺഷിപ്പ് പ്രോഗ്രാം

കേരള സർവകലാശാല കാര്യവട്ടം- 11 വിദ്യാർത്ഥികൾ
സെന്റ് ജോൺസ് കോളേജ് അഞ്ചൽ, കൊല്ലം- 5 വിദ്യാർത്ഥികൾ
സെന്റ് ഗ്രിഗോറിയസ് കോളേജ്, കൊട്ടാരക്കര, കൊല്ലം- 10 വിദ്യാർത്ഥികൾ

#### 7.14.4.മ്യൂസിയം പ്രമോഷന്റെ പബ്ലിസിറ്റി വർക്ക്

- » കേരള വിഷൻ ദൃശ്യമാധ്യമം

- മാതൃഭൂമി  അച്ചടി മാധ്യമം
- മറുനാടൻ മലയാളി- ഓൺലൈൻ മാധ്യമം
- Whatsaround തിരുവനന്തപുരം- ഓൺലൈൻ മീഡിയ
- വിവിധ സ്കൂളുകളുമായും കോളേജുകളുമായും ടെലിഫോണിലൂടെ ബന്ധപ്പെട്ടു
- സോയിൽ മ്യൂസിയം, തിരുവനന്തപുരത്തെ മെഴുക് മ്യൂസിയം എന്നിവയുമായി ഞങ്ങൾ ഒരു മീറ്റിംഗ് നടത്തുകയും അവരുടെ മ്യൂസിയത്തിൽ നിന്ന് കെ.എസ്.ബി.ബി ബ്രൗഷറുകൾ വിതരണം ചെയ്യാൻ ചർച്ച ചെയ്യുകയും ചെയ്തു.

**7.14.5. മ്യൂസിയത്തിൽ ചെയ്ത ജോലികൾ**

ഉപകരണങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് പതിവായി അറ്റകുറ്റപ്പണികൾ നടത്തുന്നു.

- ഗാർഡൻ സസ്യങ്ങൾ റീപോട്ടിംഗ്
- എ.സി. മെയിന്റനൻസ്
- കിയോസ്ക് നന്നാക്കൽ
- റൂഫ് ടൈൽ അറ്റകുറ്റപ്പണികൾ
- കാഡ്കോ- മറൈൻ സ്പെസിമെൻ ഷെൽഫ്, പാനലും മോഡലുകളും (മറൈൻ)
- വാട്ടർ പ്യൂരിഫയർ മെയിന്റനൻസ്

**7.15. യാത്രാ വിശദാംശങ്ങൾ**

യാത്രാ വിശദാംശങ്ങൾ – ചെയർമാൻ, കെ.എസ്.ബി.ബി (1 ഏപ്രിൽ 2022 – 31 മാർച്ച് 2023)

- 21.05.2022 മുതൽ 23.05.2022 വരെ ചെന്നൈ-  അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാചരണം 2022
- 07.07.2022 മുതൽ 08.07.2022 വരെ കോഴിക്കോട് – ഉദ്ഘാടനവും മുഖ്യപ്രഭാഷണവും പ്രത്യേക ജൈവവൈവിധ്യ ഗ്രാമസഭ പെരുമണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
- 27.07.2022 മുതൽ 28.07.2022 വരെ തൃശ്ശൂർ കേരളത്തിന്റെ ഭക്ഷ്യസുരക്ഷയും കാർഷികമേഖലയിലെ പ്രശ്നങ്ങളും എന്ന വിഷയത്തിൽ പ്രബന്ധം അവതരണം, ചാലക്കുടി , മണ്ണുത്തിയിലെ ഇൻഫർമേഷൻ സെന്റർ സന്ദർശനം.
- 22.10.202 മുതൽ 23.10.2022 വരെ തൃശ്ശൂർ – അപ്പോളോ ടയേഴ്സുമായി സഹകരിച്ചുള്ള ജൈവവൈവിധ്യ പദ്ധതിയുടെ ഉദ്ഘാടനം കൊടകരയിൽ.
- 25.10.2022 മുതൽ 26.10.2022 വരെ തൃശ്ശൂർ – കെഎസ്ബിബിയുടെ വാർഷികം- ഫുഡ് ഫോറസ്റ്റ് മുഖ്യാതിഥി, വി .ടി ഭട്ടതിരിപ്പാട് കോളേജ്, ശ്രീകൃഷ്ണപുരം
- 26.11.2022 മുതൽ 27.11.2022 വരെ പാലക്കാട്- പ്രഭാഷണം 'കാർഷികശാസ്ത്രം' ആലത്തൂർ ജൈവവൈവിധ്യം സൈറ്റ് സന്ദർശനം
- 13.12.2022 ൽ എറണാകുളം അപ്പോളോ ടയേഴ്സിന്റെ ജൈവവൈവിധ്യ ക്വിസ് ചടങ്ങിൽ മുഖ്യാതിഥി
- 15.01.2023 മുതൽ 17.01.2023 വരെ തൃശ്ശൂർ & കോഴിക്കോട് –പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ രണ്ടാം വോളിയം – പരിശീലന പരിപാടി
- 17.02.2023 മുതൽ 20.02.2023 വരെ  കോഴിക്കോട് – രണ്ടാം കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ് – ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, മീഞ്ചന്ത, കോഴിക്കോട്
- 28.02.2023 ൽ കായംകുളം – ദേശീയ ശാസ്ത്ര ദിനം 2023- ഇന്ത്യയുടെ ശാസ്ത്ര ചരിത്രത്തെ ക്കുറിച്ചുള്ള ദേശീയ ശിൽപശാല- ICAR-CPCRI, റീജിയണൽ സ്റ്റേഷന്, കായംകുളം

യാത്രാ വിശദാംശങ്ങൾ – മെമ്പർ സെക്രട്ടറി, കെ.എസ്.ബി.ബി

- 02.05.2022  കണ്ണൂരിൽ നടന്ന 2022  മാംഗോ മീറ്റിൽ പങ്കെടുത്തു
- 19.06.2022 – തൃശ്ശൂരിലെ കെഎയു  നടത്തിയ സിറ്റിസൺ സയൻസിലൂടെ പക്ഷി നിരീക്ഷണത്തെ ക്കുറിച്ചുള്ള ദേശീയ ശിൽപശാലയിൽ പങ്കെടുത്തു.
- 17.08.2022  ബിഎംസി പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി തൃശൂർ ജില്ലയിലെ അതിരപ്പള്ളി, എറിയാട് ബിഎംസി കൾ സന്ദർശിച്ചു

» 07.12.2022 -തൃശൂരിൽ നടന്ന കുട്ടികളുടെ ജില്ലാതല ജൈവവൈവിധ്യ കോൺഗ്രസിൽ പങ്കെടുത്തു
» 27.12.2022 - ആലപടമ്പ്, കണ്ണൂർ നാട്ടറിവ് എഴുത്തുശാല - ഏകദിന ശിൽപശാലയിൽ പങ്കെടുത്തു
» 17.12.2022 - പാലക്കാട് ജില്ലാതല കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസിൽ പങ്കെടുത്തു
» 16.01.2023 - റീജിയണൽ ട്രെയിനിംഗിൽ പങ്കെടുത്തു - പിബിആർ രണ്ടാം വാല്യം കോഴിക്കോട്ട്
» 25.01.2023 - വട്ടവടയിൽ നടന്ന നാട്ടറിവ് എഴുത്തുശാല - ഏകദിന ശിൽപശാലയിൽ പങ്കെടുത്തു
» 03.02.2023 - KILA, തൃശൂർ നടന്ന തദ്ദേശ ഭരണത്തിൽ ബിഎംസിയുടെ പങ്കിനെക്കുറിച്ചുള്ള ചർച്ച
» 18.02.2023 - 20.02.2023 KSBC, കോളേജ് ഓഫ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്
» 13.03.2023 - കോഴിക്കോട് KIRTADS നടത്തിയ പരിശീലന പരിപാടിയിൽ ആദിവാസി വിഭാഗത്തിന് ക്ലാസ് നൽകി
» 10.04.2023 - LBSAP പ്രോജക്ട് അവലോകനത്തിന്റെ ഭാഗമായി - അതിരപ്പള്ളി ഗ്രാമപഞ്ചായത്ത് , തൃശൂർ & വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം എന്നി ബിഎംസികൾ സന്ദർശനം നടത്തി.
» 11.04.2023 - ആലപ്പുഴ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ നടത്തിയ LBSAP മീറ്റിംഗിൽ പങ്കെടുത്തു

**7.16. പ്രസിദ്ധീകരണങ്ങൾ**

» റിസോഴ്സ് മൊബിലൈസേഷൻ, സ്ട്രാറ്റജീസ് ഫോർ കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി, സ്ട്രാറ്റജീസ് ആക്ഷൻ പ്ലാൻ (രീത്ത പാണ്ടെ)
» കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജീസ് ആൻഡ് ആക്ഷൻ പ്ലാൻ
» 20222023, (SBSAP) (ഇംഗ്ലീഷ് & മലയാളം) ഡോ.സി.ജോർജ്ജ് തോമസ്, ഡോ വർമ്മ, ഡോ.സതീഷ് കുമാർ, ഡോ. ടി.സ് സ്വപ്ന, ശ്രീ ഗോവിന്ദൻ, ഡോ. കെ .ടി ചന്ദ്രമോഹനൻ, ഡോ.പ്രീത.എൻ
» റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) അഗ്രോ ബയോഡൈവേഴ്സിറ്റി പ്രൊജക്റ്റ്
» കൺസെർവേഷൻ ആൻഡ് സസ്റ്റൈനബിൾ യൂട്ടിലൈസേഷൻ ഓഫ് ബയോ റിസോഴ്സ്.
» ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (രണ്ടാം ഭാഗം) മാർഗ്ഗരേഖ (മലയാളം)

**7.16.1. റിപ്പോർട്ടിംഗ് കാലയളവിൽ നടത്തിയ പുസ്തക വിൽപ്പനയുടെ വിശദാംശങ്ങൾ**

| നം | പ്രസിദ്ധീകരണങ്ങളുടെ പേര് | വിൽപ്പന നടത്തിയ എണ്ണം |
|---|---|---|
| 1 | കോമൺ ട്രീസ് ഓഫ് കേരള | 105 |
| 2 | കേരളത്തിലെ ഔഷധ സസ്യവൈവിധ്യം | 109 |
| 3 | കേരള തീരത്തെ കടൽ ജീവികൾ | 103 |
| 4 | കേരളത്തിലെ ചിത്രശലഭങ്ങൾ | 116 |
| 5 | ജൈവകൃഷി ഒരു പ്രായോഗിക പാഠം | 501 |
| 6 | ഇൻവേസീവ് പ്ലാന്റ്സ് ഓഫ് കേരള | 127 |
| 7 | കേരളത്തിലെ ശുദ്ധജല മൽസ്യങ്ങൾ | 136 |
| 8 | കോമൺ ആംഫിബിയൻസ് ഓഫ് കേരള | 110 |
| 9 | മഷ്റൂംസ് ഓഫ് കേരള | 97 |
| 10 | മാൻഗ്രോവ് ആൻഡ് മാൻഗ്രോവ് അസ്സോസിയേറ്റ്സ് ഓഫ് കേരള | 171 |
| 11 | മറൈൻ ഗാസ്ട്രോപോഡ്സ് ഓഫ് കേരള | 138 |
| 12 | പ്രകൃതി ഗീതങ്ങൾ | 94 |
| 13 | പരിസ്ഥിതി വിജ്ഞാവും ജൈവവൈവിധ്യ നാട്ടറിവും | 115 |
| 14 | ഫെതേഴ്സ് ഓഫ് വെള്ളായണി | 106 |
| 15 | ബയോഡൈവേഴ്സിറ്റി റിച്ച്നസ് ഓഫ് കേരള | 165 |

| | | |
|---|---|---|
| 16 | സ്നേക്സ് ഓഫ് കേരള | 113 |
| 17 | സിസിലിയൻ ഡൈവേഴ്സിറ്റി ഓഫ് കേരള | 134 |
| 18 | വൃക്ഷായുർവേദ | 157 |
| 19 | ഫ്ളയിംഗ് കളേഴ്സ് ഓഫ് വേമ്പനാട് | 132 |
| 20 | ജൈവവൈവിധ്യ സംരക്ഷണ പരിപാലനം ജനങ്ങളിലൂടെ (സാധ്യതകളും നിയമവും) | 615 |

കെ.എസ്.ബി.ബി ലൈബ്രറിയിൽ നിന്ന് 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ വിറ്റ മൊത്തം കെ.എസ്.ബി.ബി പ്രസിദ്ധീകരണങ്ങൾ 407975 രൂപയ്ക്ക് (നാല് ലക്ഷം ഏഴായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച്)

**7.16.2. 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ കെ.എസ്.ബി.ബി.ക്കായി അച്ചടിച്ച പുസ്തകങ്ങൾ**

» ഗൈഡ്ലൈൻസ് ഫോർ റേഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് ടു എൻഫോഴ്സ് റെഗുലേറ്ററി പ്രൊവിഷൻസ് ഓഫ് ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് 2002 ഇൻ കേരള (150 എണ്ണം)
» കംപെന്റിയം ഓഫ് ഗവൺമെന്റ് ഓർഡേഴ്സ് ആൻഡ് നോട്ടിഫിക്കേഷൻസ് ഇഷ്യൂഡ് അർ ദി ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് 2002 ആൻഡ് റൂൾസ് 2004 ആൻഡ് കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസ് 2008 (150 എണ്ണം)
» പമ്പ നദീതീര ജൈവവൈവിധ്യ പുനരുജ്ജീവനം (3000 എണ്ണം)
» ആനുവൽ റിപ്പോർട്ട് 20212022 (മലയാളം ) (15 എണ്ണം)
» ആനുവൽ റിപ്പോർട്ട് 20212022 (ഇംഗ്ലീഷ്) (35 എണ്ണം)
» കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ബ്രോഷർ (പ്രവർത്തന സംവിധാനം ) (മലയാളം) (3000 എണ്ണം)
» കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ബ്രോഷർ, മ്യൂസിയം ബ്രോഷർ കാറ്റലോഗ് (3000 എണ്ണം)
» കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ബ്രോഷർ, മ്യൂസിയം ബ്രോഷർ (1000 എണ്ണം)
» കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് എ.ബി.എസ് ബ്രോഷർ (300 എണ്ണം)

**7.16.3 വിവിധ പരിപാടികളിലും, ഇൻസ്റ്റിറ്റ്യൂട്ടുകളിലും വിതരണം ചെയ്ത പുസ്തകങ്ങൾ, ബ്രോഷറുകൾ, ബുക്ക്ലെറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ (2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ)**

| ക്രമ നമ്പർ | ടൈറ്റിൽ | ഡിസ്ട്രിബ്യൂട്ടട് ക്വാറ്റി |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസ് 2008.<br>(കേരള ഗസറ്റ് എക്സ്ട്രാ ഓർഡിനറി ) | 85 എണ്ണം<br>മേജർ ഇവെന്റ്സ് ന് വിതരണം ചെയ്തു |
| 2 | ജൈവവൈവിധ്യം മുഖ്യധാരയിലേക്ക് (മലയാളം ) | 110 എണ്ണം<br>(ഡിസ്ട്രിബൂട്ടഡ് എക്സിബിഷൻസ് & എൺവയോൺമെന്റ് ഡേ സെലിബ്രേഷൻ & എക്സ്പോ 2022 |
| 3 | ഊർജ്ജ സംരക്ഷണം | 2200 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & മേജർ ഈവെന്റ്സ് |
| 4 | ബയോഡൈവേഴ്സിറ്റി ആക്ട് ആൻഡ് റൂൾസ് 2002 ആൻഡ് 2004 | 1265 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ എസ് ബി ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് & മേജർ ഈവെന്റ്സ് |

| | | |
|---|---|---|
| 5 | ഹാൻഡ് ബുക്ക് ഓൺ ബി.എം.സി ( മലയാളം ) 2nd വേർഷൻ ജൈവവൈവിധ്യ പരിപാലന സമിതി | 9 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & ജി. ഓ.ഐ.ജി.ഇ.ഫ്. യൂ.എൻ.ഡി.പി. എക്സ്പോ |
| 6 | ഹാൻഡ് ബുക്ക് ഓൺ ബി.എം.സി അനുഭവപാഠങ്ങൾ (കാലവും വികേന്ദ്രീകൃത ജൈവവൈവിധ്യ സംരക്ഷണവും : അനുഭവ ങ്ങൾ (മലയാളം ) | 118 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & ജി.ഓ. ഐ. ജി.ഇ.ഫ്. യൂ.എൻ.ഡി. പി. എക്സ്പോ & മേജർ ഈവെന്റ്സ് |
| 7 | കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ബ്രോഷർ (പ്രവർത്തന സംവിധാനം ) (മലയാളം) | 2180 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ എസ് ബി ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് & മേജർ ഈവെന്റ്സ് |
| 8 | ജൈവവൈവിധ്യ ക്ലബ് മാന്വൽ | 286 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ എസ് ബി ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് & മേജർ ഈവെന്റ്സ് |
| 9 | കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് മ്യൂസിയം ബ്രോഷർ | 3430 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ എസ് ബി ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് & മേജർ ഈവെന്റ്സ് |
| 10 | ബുക്ക്ലെറ്റ് ഓൺ ജൈവവൈവിധ്യം മുഖ്യധാരണയിലേക്ക് | 130 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് ജി.ഓ.ഐ. -ജി.ഇ.ഫ്. യൂ.എൻ.ഡി.പി. എക്സ്പോ & മേജർ ഈവെന്റ്സ് |
| 11 | തണ്ണീർ തടങ്ങൾ | 1350 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ എസ് ബി ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് & മേജർ ഈവെന്റ്സ് |
| 12 | ബുക്ക്ലെറ്റ് ഓൺ കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് | 1540 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ എസ് ബി ബി മേജർ ഈവെന്റ്സ് |
| 13 | കീ അച്ചീവ്മെന്റ് 2016 ടു 2020 | 430 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & മേജർ ഈവെന്റ്സ് |
| 14 | കാർഷിക ജൈവവൈവിധ്യ സംരക്ഷണനം | 1570 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ എസ് ബി ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് & മേജർ ഈവെന്റ്സ് |
| 15 | തീരദേശ നിയന്ത്രണങ്ങൾ / കടൽ ജൈവവൈവിധ്യത്തിന്റെ കലവറ | 13500 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & മേജർ ഈവെന്റ്സ് |
| 16 | ബുക്ക് ഓൺ ഔഷധ സുഗന്ധ സസ്യങ്ങൾ തടി ഇതര വന വിഭവങ്ങൾ സുസ്ഥിര ശേഖരണം | 26 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & ജി.ഓ.ഐ. -ജി.ഇ.ഫ്. യൂ.എൻ.ഡി.പി. എക്സ്പോ & മേജർ ഈവെന്റ്സ് |

| | | |
|---|---|---|
| 17 | ജൈവവൈവിധ്യ പ്രാപ്തിക്കുള്ള നിയന്ത്രണങ്ങൾ | 583 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & ജി. ഓ.ഐ. ജി.ഇ.ഫ്. യൂ.എൻ.ഡി.പി. എക്സ്പോ & എ.ബി.എസ് വർക്ക്ഷോപ്പ് & മേജർ ഈവെന്റ്സ് |
| 18 | എകസ്പീരിയൻസ് ഓഫ് ഡീസെൻട്രലൈസ്ഡ് ബയോഡൈവേഴ്സിറ്റി മാനേജ്മന്റ് | 27 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് മേജർ ഈവെന്റ്സ് |
| 19 | വൈൽഡ് എഡിബിൾ പ്ലാന്റ്സ് (ഇമ്മ്യൂണോ ബൂസ്റ്റിംഗ്) ജൈവവൈവിധ്യത്തിലെ അകക്കാഴ്ചകൾ രോഗ പ്രതിരോധ നിര സജ്ജമാക്കാൻ വന്യ ഔഷധ സസ്യങ്ങൾ | 370 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ എസ് ബി ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് |
| 20 | വൈൽഡ് മെഡിക്കൽ പ്ലാന്റ്സ് (ഇമ്മ്യൂണോ ബൂസ്റ്റിംഗ്) ജൈവവൈവിധ്യ ത്തിലെ അകകാഴ്ചകൾ രോഗ പ്രതിരോധനിര സജ്ജമാക്കാൻ വന്യ ഔഷധസസ്യങ്ങൾ | 344 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് എൻ.ബി.എ മീറ്റ് & കെ. എസ്.ബി.ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് |
| 21 | ജൈവവൈവിധ്യ പാഠശാല | 1020 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് ടു ഡിസ്ട്രിക്ട് കോ – ഓർഡിനേറ്റ്സ് |
| 22 | പമ്പാ നദീതീര ജൈവവൈവിധ്യ പുനരുജ്ജീവനം | 2942 എണ്ണം കെ.എസ്.ബി.ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് & മേജർ ഈവെന്റ്സ് |
| 23 | ബയോ റിസോഴ്സസ് ആന്റ് കോമേഴ്സ്യൽ യുട്ടിലൈസേഷൻ ട്രെൻസ്, മാർക്കറ്റ്, സപ്ലൈ ചെയിൻ ആന്റ് സസ്റ്റൈനബിലിറ്റി | 48 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് ഇൻ മേജർ ഈവെന്റ്സ് |
| 24 | നാഷണൽ കോൺഫറൻസ് ബയോ ഇൻവേഷൻ ട്രെൻസ്, ത്രെട്സ് ആന്റ് മാനേജ്മെന്റ് അബ്സ്ട്രാക്ട് ബുക്ക് | 147എണ്ണം ഡിസ്ട്രിബ്യൂട്ടഡ് ഇൻ നാഷണൽ കോൺഫറൻസ് |
| 25 | ഗൈഡ്ലൈൻ ഫോർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് ടു എൻ ഫോഴ്സ് റെഗുലേറ്ററി പ്രൊവിഷൻ ഓഫ് ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് 2002 ഇൻ കേരള | 90 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് ഇൻ എ.ബി.എസ് മീറ്റ് |
| 26 | കോംപെന്റിയം ഓഫ് ഗവൺമെന്റ് ഓർഡേഴ്സ് ആന്റ് നോട്ടിഫിക്കേഷൻസ് ഇഷ്യൂഡ് അർ ദി ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് 2002 ആന്റ് റൂൾസ് 2004 ആന്റ് കേരള ബയോളജി ക്കൽ ഡൈവേഴ്സിറ്റി റൂൾസ് 2008 | 62 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് ഇൻ എ.ബി.എസ് മീറ്റ് |
| 27 | കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് എ.ബി.എസ് ബ്രോഷർ | 283 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് ഇൻ എ.ബി.എസ് മീറ്റ് |
| 28 | പി.ബി.ആർ രണ്ടാം ഭാഗം മാർഗ്ഗരേഖ | 1217 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് ഇൻ കെ.എസ്.ബി.ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ്, എ.ബി. എസ് മീറ്റ്, ഡിസ്ട്രിക്ട് കോർഡിനേറ്റേഴ്സ്& മേജർ ഈവെന്റ്സ് |
| 29 | റിസോഴ്സ് മൊബിലൈസേഷൻ സ്ട്രാറ്റജീസ് ഫോർ കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജീസ് ആക്ഷൻ പ്ലാൻ | 20 എണ്ണം ഡിസ്ട്രിബ്യൂട്ടഡ് ഇൻ കെ.എസ്.ബി.ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് & കെ.എസ്.ബി.ബി മേജർ ഈവെന്റ്സ് |

| | | |
|---|---|---|
| 30 | കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജീസ് ആന്റ് ആക്ഷൻ പ്ലാൻ 2022-2023, (എസ്.ബി. എസ്.എ.പി) (ഇംഗ്ലീഷ്) | 11 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് ഇൻ കെ.എസ്.ബി.ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് &<br>കെ. എസ്.ബി.ബി മേജർ ഈവെന്റ്സ് |
| 31 | കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജീസ് ആന്റ് ആക്ഷൻ പ്ലാൻ 2022-2023, (എസ്.ബി. എസ്.എ.പി) (മലയാളം) | 3 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് ഇൻ കെ.എസ്.ബി.ബി 2nd ബയോഡൈവേഴ്സിറ്റി കോൺഗ്രസ് |
| 32 | ഗൈഡ്ലൈൻസ് ഓൺ റോൾ ഓഫ് ഡിസ്ട്രിക്റ്റ് കോർഡിനേറ്റേഴ്സ് ആന്റ്<br>പ്രോജക്ട് ഫെലോസ് | 10 എണ്ണം<br>ഡിസ്ട്രിബ്യൂട്ടഡ് ഇൻ ഡിസ്ട്രിക്ട് കോർഡിനേറ്റ്സ് |

## വിവരാവകാശനിയമം നടപ്പിലാക്കൽ

***ഓഫീസെഴ്സ് ഇൻ ചാർജ്***

| ഓഫീസർമാരുടെ പേരും പദവിയും | നിയുക്ത തസ്തിക |
|---|---|
| **ഡോ. സി. ജോർജ്ജ് തോമസ്**<br>ചെയർമാൻ<br>കെ.എസ്.ബി.ബി<br>(01.04.2022 മുതൽ തുടരുന്നു) | അപ്പീൽ അധികാരി |
| **ഡോ. എ.വി. സന്തോഷ് കുമാർ**<br>മെമ്പർ സെക്രട്ടറി<br>(26.04.22 മുതൽ 25.04.23)<br><br>**മിനി വി.**<br>മെമ്പർ സെക്രട്ടറി ഇൻ ചാർജ്ജ്<br>(01/04/2022 മുതൽ 25.04.2022 വരെ) | സംസ്ഥാന പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ |
| **ഡോ. സെറീന ജെ**<br>ടെക്നിക്കൽ അസിസ്റ്റന്റ്<br>(01.04.2022 മുതൽ തുടരുന്നു) | സംസ്ഥാന അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ |

**4 (1) (ബി) വകുപ്പ് പ്രകാരം സ്വമേധയായുള്ള വിവരം വെളിപ്പെടുത്തൽ**
**റിപ്പോർട്ടു ചെയ്ത വർഷം: 2022-2023**

| ക്രമ നം | വകുപ്പ് | പൊതു അധികാരി കളുടെ എണ്ണം | വകുപ്പ് 4 (1) (ബി) പ്രകാരം 17 മാനുവലുകൾ പ്രസിദ്ധീകരിച്ച പൊതു അധികാരി കളുടെ എണ്ണം | 17 മാനുവലുകൾ പുതുക്കിയ പൊതു അധികാരികളുടെ എണ്ണം | 17 മാനുവലുകൾ ഓൺലൈനായി പ്രദർശിപ്പിച്ച പൊതു അധികാരികളുടെ എണ്ണം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി) | 1 | 1 | 1 | 1 |

**പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ / അനുബന്ധ അധികാരികളുടെ രൂപീകരണം**
**റിപ്പോർട്ടു ചെയ്ത വർഷം: 2022-2023**

| ക്രമ നം | വകുപ്പ് | പൊതു അധികാരി കളുടെ എണ്ണം | പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ എണ്ണം | നിയുക്ത അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ എണ്ണം | നിയുക്ത അപ്പീൽ അധികാരി കളുടെ എണ്ണം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | കെ.എസ്.ബി.ബി | 1 | 1 | 1 | 1 |

**പൊതുവിവരാവകാശ ഓഫീസർമാരാൽ തീർപ്പാക്കിയ അപേക്ഷ**
**റിപ്പോർട്ടു ചെയ്ത വർഷം: 2022-2023**

| വകുപ്പിന്റെ പേര് | കഴിഞ്ഞ വർഷാവസാനം തീർപ്പു കൽപ്പിക്കാത്ത അഭ്യർത്ഥന കളുടെ എണ്ണം | ഈ വർഷത്തിൽ ലഭിച്ച അഭ്യർത്ഥന കളുടെ എണ്ണം | ആകെ അഭ്യർത്ഥന കളുടെ എണ്ണം | തീർപ്പാക്കിയ അഭ്യർത്ഥന കളുടെ എണ്ണം | നിരസിച്ച അഭ്യർത്ഥന കളുടെ എണ്ണം | വകുപ്പ് 7 (2) പ്രകാരം നിരസിച്ചതായി കരുതുന്ന അഭ്യർത്ഥന കളുടെ എണ്ണം | വിവരങ്ങൾ നൽകിയ കേസുകളുടെ എണ്ണം (ശതമാന കണക്കിൽ) |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| കെ.എസ്.ബി.ബി | ഇല്ല | 18 | 18 | 17 | ഇല്ല | ഇല്ല | 0% |

**പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നിരസിച്ച വിവര അഭ്യർത്ഥനകൾ,**
**റിപ്പോർട്ടു ചെയ്ത വർഷം: 2022-2023**

| വകുപ്പിന്റെ പേര് | നിരസിച്ച അഭ്യർത്ഥന കളുടെ ആകെ എണ്ണം | വകുപ്പ് 8 പ്രകാരം നിരസിച്ച അഭ്യർത്ഥന കളുടെ എണ്ണം | വകുപ്പ് 9 പ്രകാരം നിരസിച്ച അഭ്യർത്ഥന കളുടെ എണ്ണം | വകുപ്പ് 11 പ്രകാരം നിരസിച്ച അഭ്യർത്ഥന കളുടെ എണ്ണം | വകുപ്പ് 24 പ്രകാരം നിരസിച്ച അഭ്യർത്ഥന കളുടെ എണ്ണം | മറ്റ് വകുപ്പുകൾ പ്രകാരം നിരസിച്ച അഭ്യർത്ഥന കളുടെ എണ്ണം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| കെ.എസ്.ബി.ബി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**നിയുക്ത അധികാരികളുടെ ആദ്യ അപ്പീലുകളുടെ തീർപ്പ്,**
**റിപ്പോർട്ടിംഗ് വർഷം 2022 – 2023**

| വകുപ്പിന്റെ പേര് | 1.4.2019 ന് അപ്പീൽ അധികാരികളുമമയി തീർപ്പു കൽപ്പിക്കാത്ത ആദ്യ അപ്പീലുകളുടെ എണ്ണം | വർഷത്തിൽ തിരഞ്ഞെടുത്ത ആദ്യത്തെ അപ്പീലുകളുടെ എണ്ണം | ആകെ നമ്പർ. അപ്പീൽ അധികാരികളുമായുള്ള ആദ്യ അപ്പീലുകൾ (2 + 3) | തീർപ്പാക്കിയ ആദ്യ അപ്പീലുകളുടെ എണ്ണം | ആദ്യ അപ്പീലുകളുടെ നിരസിച്ച എണ്ണം | ആദ്യ അപ്പീലുകളുടെ% നിരസിച്ചു | ആദ്യ അപ്പീലുകളുടെ എണ്ണം 45 ദിവസത്തിൽ കൂടുതൽ തീർപ്പാക്കിയിട്ടില്ല |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| കെ.എസ്.ബി.ബി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0% | ഇല്ല |

**പിഴ ചുമത്തി ശേഖരിച്ച വിവരങ്ങൾ,**
**റിപ്പോർട്ടിംഗ് വർഷം 2022 – 2023**

| വകുപ്പിന്റെ പേര് | മുൻ വർഷം പിഴ ചുമത്തി ശേഖരണത്തിനായി ശേഷിക്കുന്നു | സെക്ഷൻ 20 (1) പ്രകാരം വിവര കമ്മീഷൻ ചുമത്തിയ പിഴകളുടെ വിശദാംശങ്ങൾ | ആകെ | ശേഖരിച്ച പിഴകളുടെ ആകെ വിശദാംശങ്ങൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| കെ.എസ്.ബി.ബി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**വിവരാവകാശ നിയമപ്രകാരം ഭരണ നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുത്തില്ല എങ്കിൽ അതിന്റെ വിവരങ്ങൾ റിപ്പോർട്ടിംഗ് വർഷം 2022– 2023**

| വകുപ്പിന്റെ പേര് | സെക്ഷൻ 20 (2) പ്രകാരം ഇൻഫർമേഷൻ കമ്മീഷൻ ശുപാർശ ചെയ്യുന്ന അച്ചടക്ക നടപടിയുടെ വിശദാംശങ്ങൾ | ഇൻഫർമേഷൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച അച്ചടക്ക നടപടിയുടെ വിശദാംശങ്ങൾ | സ്വീകരിച്ച മറ്റ് അച്ചടക്ക നടപടികൾ (വിവര കമ്മീഷൻ ശുപാർശ ചെയ്യുന്നതൊഴികെ) |
|---|---|---|---|
| (1) | (2) | (3) | (4) |
| കെ.എസ്.ബി.ബി | ഇല്ല | ഇല്ല | ഇല്ല |

**പൊതു അധികാരികൾ ശേഖരിച്ച സംഗ്രഹച്ചെലവുകൾ,**
**നിരക്കുകൾ റിപ്പോർട്ടിംഗ് വർഷം 2022 – 2023**

| വകുപ്പിന്റെ പേര് | ചെലവ് ശേഖരിച്ച വിഭാഗം 4 (4) | ഫീസ് ശേഖരിച്ച വകുപ്പ് 6 (1) | ഫീസ് ശേഖരിച്ച വകുപ്പ് 7 (1) | ഫീസ് ശേഖരിച്ച വിഭാഗം 7 (6) | ശേഖരിച്ച മറ്റ് നിരക്കുകൾ (വ്യക്തമാക്കുക) | ആകെ ശേഖരം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| കെ.എസ്.ബി.ബി | ഇല്ല | ₹ 190 | ₹ 2232 | ഇല്ല | ഇല്ല | 2422 |

## Kerala State Biodiversity Board

(A Government of Kerala Undertaking)
Kowdiar Thiruvananthapuram Kerala
**Statement of Affairs as at 31/03/2023**

INR

| | Particulars | Note | As at 31 Mar 2023 | 2022 |
|---|---|---|---|---|
| I | **Source of Funds** | | **1,72,92,128** | **99,48,415** |
| 1 | **Own Funds** | | | |
| | Capital Reserve | 1 | **97** | **91** |
| | Surplus | 2 | **-1,09,526** | **-7,73,245** |
| 2 | **Current liabilities** | | **1,74,01,557** | **1,07,21,569** |
| | Government Grant balances | 3 | 1,11,47,647 | 31,33,750 |
| | Funded Projects | 4 | 46,16,737 | 72,47,464 |
| | Other current liabilities | 5 | 16,37,173 | 3,40,355 |
| II | **Application of Funds** | | **1,72,92,128** | **99,48,415** |
| 1 | **Long Term Assets** | | **37,097** | **37,091** |
| | Fixed Assets | | **97** | **91** |
| | Tangible Assets | 6 | 97 | 91 |
| | Long Terms Loans and Advances | | **37,000** | **37,000** |
| | Deposits | 7 | 37,000 | 37,000 |
| 2 | **Current Assets** | | **1,72,55,031** | **99,11,324** |
| | Cash and cash equivalents | 8 | 1,70,99,031 | 98,96,324 |
| | Short-term loans and advances | 9 | 1,56,000 | 15,000 |

The accompanying Notes form an integral part of these Financial Statements

**Auditor's Report**
As per our Report of even date

CA Gautham Sreekumar

Mem No: 237284
Designated Partner
G S P and Company LLP (FRN: 018184S/S000048)
UDIN: 24237284BKAHDA8165

Thiruvananthapuram
27th May 2024

**For and on behalf of the Board**

Finance officer — Administrative officer — Member Secretary

Dr. V. Balakrishnan
Member Secretary
Kerala State Biodiversity Board
Kowdiar, Thiruvananthapuram

## Kerala State Biodiversity Board

(A Government of Kerala Undertaking)
Kowdiar Thiruvananthapuram Kerala
**Income and Expenditure Account for the year ended 31/03/2023**

INR

| | Particulars | Note | for the year ended 31 Mar 2023 | 2022 |
|---|---|---|---|---|
| I | **Income** | | **1,56,84,079** | **82,23,798** |
| 1 | Grant from GoK | | | |
| | GoK 2406-02-110-59-31 (NP) Salary | | 1,35,62,501 | 64,94,697 |
| | GoK 2406-02-110-59-36 (NP) Non Salary | | 13,84,374 | 13,00,000 |
| 2 | Other Income | 10 | 7,16,636 | 2,52,040 |
| 3 | Nominal value of grant funded assets | | - | - |
| 4 | Interest Received | 11 | 20,568 | 1,77,061 |
| II | **Expenditure** | | **1,50,20,361** | **1,14,67,718** |
| | Employee Expenses | 12 | 1,39,26,013 | 1,20,00,824 |
| | Repairs and Maintenance, Upkeep | 13 | 2,36,162 | 1,15,840 |
| | Utilities | 14 | 4,90,333 | 1,15,899 |
| | Other Expenses | 15 | 3,66,584 | 3,87,076 |
| | Finance Costs | 16 | 1,269 | 920 |
| | Exceptional Items | 17 | 0 | -11,52,840 |
| | Round Off | | - | -1 |
| III | **Surplus/ Deficit** | | **6,63,719** | **-32,43,920** |
| IV | **Allocation** | | **6,63,719** | **-32,43,920** |
| | Transfer to Accumulated surplus/deficit | | 6,63,719 | -32,43,920 |

The accompanying Notes form an integral part of these Financial Statements

**Auditor's Report**
As per our Report of even date

CA Gautham Sreekumar

Mem No: 237284
Designated Partner
G S P and Company LLP (FRN: 018184S/S000048)
UDIN: 24237284BKAHDA8165

Thiruvananthapuram
27th May 2024

**For and on behalf of the Board**

Finance officer — Administrative officer — Member Secretary

Dr. V. Balakrishnan
Member Secretary
Kerala State Biodiversity Board
Kowdiar, Thiruvananthapuram

**Kerala State Biodiversity Board**

Kowdiar Thiruvananthapuram Kerala

**Annexures to Accounts for the year ended 31/03/2023**

**Annexure 1 - Grant Accounts**

| | Particulars | As at 01-04-2022 | Receipt: Grants | Receipt: Others | Receipt: Reallotted Resumed fund | Receipt: Total | Transfer: Trf of balance | Transfer: Trf (InterHead) | Payment: Utilized Revenue | Payment: Utilized Assets | Payment: unutilized grant refunded | Payment: Total | As at 31-03-2023 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | **Total** | **31,33,750** | **5,51,50,000** | - | **1,16,09,501** | **6,67,59,501** | - | **-1,49,46,875** | **-4,11,86,988** | **-3,28,328** | **-22,83,413** | **-4,34,19,440** | **1,11,47,647** |
| 1 | **GoK 3435-03-101-99 (Plan)** | **-1,31,75,351** | **4,00,00,000** | - | - | **4,00,00,000** | - | **2,39,11,708** | **-3,71,82,666** | **-2,21,996** | - | **-3,74,04,662** | **1,33,31,695** |
| | **Non-moving prior balances** | **4,15,495** | - | - | - | - | - | - | - | - | - | - | **4,15,495** |
| | unidentified project balance | 2,55,355 | | | | - | | | | | | - | 2,55,355 |
| | Agrobiodiversity conservation | 9,305 | | | | - | | | | | | - | 9,305 |
| | Coastline conservation | 65,600 | | | | - | | | | | | - | 65,600 |
| | unidentified credits | | | | | | | | | | | | |
| | 19-03-2015 | 14,300 | | | | - | | | | | | - | 14,300 |
| | 25-03-2015 | 7,162 | | | | - | | | | | | - | 7,162 |
| | 15-06-2015 | 36,025 | | | | - | | | | | | - | 36,025 |
| | interest accrued | 27,748 | | | | - | | | | | | - | 27,748 |
| | GoK Plan 2018 - 2019 | -14,78,697 | - | | | - | - | | | | - | - | -14,78,697 |
| | GoK Plan 2019 - 2020 | -73,48,126 | | | | - | - | 59,76,630 | - | - | - | - | -13,71,496 |
| | GoK Plan 2020 - 2021 | -74,78,273 | | | | - | - | 2,28,18,175 | | | - | - | 1,53,39,902 |
| | Gok Plan 2021-2022 | 27,14,250 | - | | | - | | | - | - | | - | 27,14,250 |
| | Gok plan 2022-23 | | 4,00,00,000 | | | 4,00,00,000 | | | -3,71,82,666 | -2,21,996 | | -3,74,04,662 | 25,95,338 |
| | expenditure of earlier years | - | | | | | - | | | | | - | 0 |
| | resumed by government | - | | | | | | -48,83,097 | | | - | - | -48,83,097 |
| 2 | **State Biodiversity Fund** | **70,69,010** | - | - | **1,12,12,952** | **1,12,12,952** | - | **-1,76,55,999** | **-36,25,033** | - | - | **-36,25,033** | **-29,99,070** |
| | 2011 - 2012 to 2013 -2014 | 3,10,300 | | | | - | | | | | | - | 3,10,300 |
| | 2014 - 2015 | 5,01,188 | | | | - | | | | | | - | 5,01,188 |
| | 2015-2016 | 5,04,265 | | | | - | | | | | | - | 5,04,265 |
| | 2016-2017 | 4,83,558 | | | | - | - | | - | | | - | 4,83,558 |
| | 2017-2018 | 3,61,258 | | | | - | | | | | | - | 3,61,258 |
| | 2018 - 2019 | -14,89,606 | | | | | | | - | | | - | -14,89,606 |
| | 2019-2020 | -45,000 | | | | | | | | | | - | -45,000 |
| | 2020-2021 | - | | | | | - | | | | | - | 0 |
| | 2022-2023 | | | | | | | | -36,25,033 | | | -36,25,033 | -36,25,033 |
| | Resumed by Government | 64,43,047 | | - | 1,12,12,952 | 1,12,12,952 | | -1,76,55,999 | | | - | - | 0 |
| 3 | **GoK 2406-02-110-59-31 (NP) Salary** | - | 1,36,50,000 | - | | 1,36,50,000 | - | -1,35,62,501 | - | - | - | - | 87,499 |
| | Trf to I&E Account | - | 1,36,50,000 | | | 1,36,50,000 | | -1,35,62,501 | | - | - | - | [illegible]99 |
| 4 | **GoK 2406-02-110-59-36 (NP) Non Salary** | - | 15,00,000 | - | | 15,00,000 | - | -13,84,374 | - | -1,06,332 | - | -1,06,332 | 9,294 |
| | Trf to I&E Account | - | 15,00,000 | | | 15,00,000 | | -13,84,374 | | -1,06,332 | - | -1,06,332 | 9,294 |
| 5 | **Resumed by Government (NP)** | **11,10,812** | - | - | **3,96,549** | **3,96,549** | - | **-15,07,361** | - | - | **-22,83,413** | **-22,83,413** | **-22,83,413** |
| | Resumed by Government -Gok Non Plan | 11,10,812 | - | | 3,96,549 | 3,96,549 | | -15,07,361 | | - | -22,83,413 | -22,83,413 | -22,83,413 |
| 6 | **RKI Scheme** | **81,29,279** | - | - | - | - | - | **-47,48,348** | **-3,79,289** | - | - | - | **30,01,642** |
| | RKI 2020 Scheme - H/A 5475-00-115-94 | 4,47,48,348 | - | - | - | - | | -47,48,348 | | | | - | 4,00,00,000 |
| | Conservation of Agro Biodiversity | -1,54,19,006 | | | | - | | | -2,85,530 | | | -2,85,530 | -1,57,04,536 |
| | Dtabase Tradable/Commercial Potential Res | -69,01,998 | | | | - | | | -79,860 | | | -79,860 | -69,81,858 |
| | Institutional charges | | | | | - | | | - | | | - | 0 |
| | Pampa Riverine Biodiversity Rejuvenation | -1,42,98,065 | | | | - | | | -13,899 | | | -13,899 | -1,43,11,964 |

**Kerala State Biodiversity Board**

Kowdiar Thiruvananthapuram Kerala

**Annexures to Accounts for the year ended 31/03/2023**

**Annexure 2 - Funded Projects**

| | Particulars | As at | Receipt | | | | | Transfer | | Payment | | | | | As at |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 01-04-2022 | Funds received | Interest | Refund In | Others | Total | Trf (Intra Head) | Trf (Inter Head) | Utilised | Assets | Refund OUT | Others | Total | 31-03-2023 |
| | Total | 72,47,464 | 23,43,606 | 96,500 | - | - | 24,40,106 | - | - | 50,70,833 | - | - | - | 50,70,833 | 46,16,737 |
| 1 | DoECC | 27,20,000 | - | - | - | - | - | - | - | - | - | - | - | - | 27,20,000 |
| | Canal Works 2015 - 2016 | 25,00,000 | | | | | - | | | | | | | - | 25,00,000 |
| | Gramavanam 2013 - 2014 | 2,20,000 | | | | | - | | | | | | | - | 2,20,000 |
| 2 | UNDP | 8,86,589 | 2,19,620 | 23,324 | - | - | 2,42,944 | - | - | 3,76,946 | - | - | - | 3,76,946 | 7,52,587 |
| | GEF Munnar Landscape Project 2014 - 2015 | -71,107 | | | | | - | | | - | | | | - | -71,107 |
| | GEF Munnar Landscape Project 2015 - 2016 | 2,23,952 | | | | | - | | | - | | | | - | 2,23,952 |
| | GEF Munnar Landscape Project 2018 - 2019 | -4,10,863 | | | | | - | | | - | - | | | - | -4,10,863 |
| | GEF Munnar Landscape Project 2019 - 2020 | 7,99,920 | | | | | - | | | - | - | | | - | 7,99,920 |
| | Updating State Biodiversity Strategies & Action Plan 2021-2022 | 1,50,070 | 2,19,620 | | | | 2,19,620 | | | 3,76,946 | - | | | 3,76,946 | -7,256 |
| | Interest Received | 1,94,617 | | 23,324 | | | 23,324 | | | | | | | - | 2,17,941 |
| 3 | National Biodiversity Authority (NBA) | 35,22,833 | 21,23,986 | 73,176 | - | - | 21,97,162 | - | - | 46,93,887 | - | - | - | 46,93,887 | 10,26,108 |
| | Component Training Material and Printing (14 - 15) | - | | | | | - | | | | | - | | - | - |
| | Developing and Revamping of Website (14-15) | - | | | | | - | | | | | - | | - | - |
| | Peer to Peer Learning (14-15) | -250 | | | | | - | | | | | - | | - | -250 |
| | Plan Fund from NBA | 14,04,919 | | | | | - | | | - | | | | - | 14,04,919 |
| | Thematic Expert Committee (14-15) | - | | | | | - | | | - | | - | | - | - |
| | Printing of BMC Reports (14-15) | 4,242 | | | | | - | | | - | | - | | - | 4,242 |
| | Benefit Sharing Component to Concerned BMC | 1,14,701 | 1,95,000 | | - | | 1,95,000 | | | 3,02,432 | | | | 3,02,432 | 7,269 |
| | NBA - Capacity Building | 15,48,721 | - | | | | - | | | 14,83,861 | | | | 14,83,861 | 64,860 |
| | NBA Fund (COP 11 engagement) 2018-19 | -11,49,600 | | | | | - | | | - | | - | | - | -11,49,600 |
| | NBA Fund (COP 11 engagement)-2019-20 | - | | | | | - | | | | | - | | - | - |
| | NBA Fund (COP 11 engagement)-2020-21 | 57,344 | - | | - | | - | | | - | | | | - | 57,344 |
| | NBA Fund (COP 11 engagement)-2021-22 | 4,99,054 | - | | - | | - | | -4,99,054 | - | | | | - | - |
| | NBC 2017 Fund from NBA | - | | | | | - | | | | | - | | - | - |
| | NBA -Explosure Vlist of PCCF & MS of APSBB | - | | | - | | - | | | - | | | | - | - |
| | E-PBR - National Informatics Centre NBA | - | | | - | | - | | | | | - | | - | - |
| | PBR Monitoring Committee - Second Meeting | - | | | - | | - | | | - | | - | | - | - |
| | LSG Biodiversity Conservation and Development | | - | | | | - | | | - | | | | - | - |
| | NBA -Updatuon Qulaity Improvemnet of PBR | 10,00,000 | - | | | | - | | | 3,63,059 | | | | 3,63,059 | 6,36,941 |
| | International Biodiversity Day | 3,511 | | | | | - | | | | | | | - | 3,511 |
| | International Biodiversity Day 2021 | | - | | - | | - | | | - | | | | - | - |
| | Integrating Biodiversity Conservation | | - | | | | - | | | - | | | | - | - |
| | Biodiversity Award | -18,000 | - | | | | - | | | - | | | | - | -18,000 |
| | State level workshop on biodiversity action plan | -73,894 | | | | | - | | | | | | | - | -73,894 |
| | Interest received | 1,82,085 | | 73,176 | | | 73,176 | | | | | - | | - | 2,05,261 |
| | Grand in aid outsourcing /contruct personal 2022-23 | | 8,28,986 | | | | 8,28,986 | | 4,99,054 | 13,28,360 | | | | 13,28,360 | -320 |
| | Internation Day for biological diversity 2022 | | 1,00,000 | | | | 1,00,000 | | | 1,30,212 | | | | 1,30,212 | -30,212 |
| | NBA Biodiversity awards 2023 | | | | | | | | | 96,385 | | | | 96,385 | -96,385 |
| | NBA Project strengthening and capacity programm | | 10,00,000 | | | | 10,00,000 | | | 9,89,578 | | | | 9,89,578 | 10,422 |
| 4 | Coastal Ecosystem Conservation 2011 - 2012 | 43,215 | - | - | - | - | - | - | - | - | - | - | - | - | 43,215 |
| | | 43,215 | | | | | - | | | | | | | - | 43,215 |
| 5 | Plan Fund EMA | 31,907 | - | - | - | - | - | - | - | - | - | - | - | - | 31,907 |
| | | 31,907 | | | | | - | | | | | | | - | 31,907 |
| 6 | MoEF | 23,631 | - | - | - | - | - | - | - | - | - | - | - | - | 23,631 |
| | WGEEP | 23,631 | | | | | - | | | | | | | - | 23,631 |
| 7 | National Medicinal Plants Board (NMPB) | 1,02,239 | - | - | - | - | - | - | - | - | - | - | - | - | 1,02,239 |
| | NMPB 2014 - 2015 | -9,05,343 | | | | | - | | | - | | | | - | -9,05,343 |
| | NMPB 2018 -2019 | -1,19,148 | | | | | - | | | - | | | | - | -1,19,148 |
| | Resource Augmentation, Sustainable Harvesting and Value addition of medicinal plant resources through BMC | 11,26,730 | - | | | | - | | | | | | | - | 11,26,730 |
| 8 | National Centre for Sustainable Coastal Mft (NCSCM) | - | - | - | - | - | - | - | - | - | - | - | - | - | - |
| | Preparation of DPR for Conversation of Sacred Grove | - | | | - | | - | | | | | - | | - | - |
| 9 | PCC 2020-21 | -82,950 | - | - | - | - | - | - | - | - | - | - | - | - | -82,950 |
| | Project Coordiantion Cell | -82,950 | - | - | - | | - | | - | - | - | - | | - | -82,950 |




## കരാറിൽ നിന്ന് പ്രവർത്തനത്തിലേക്ക്: ജൈവവൈവിധ്യം പുനഃസ്ഥാപിക്കുക

വെള്ളം, ഭക്ഷണം, മരുന്നുകൾ, വസ്ത്രങ്ങൾ, ഇന്ധനം, പാർപ്പിടം എന്നിവയ്ക്കായി ആരോഗ്യകരവും ഊർജ്ജസ്വലവുമായ ആവാസവ്യവസ്ഥയെ മനുഷ്യനു പൂർണ്ണമായും ആശ്രയിക്കേണ്ടി വരുന്നു. ഈ വസ്തുതയിൽ ഊന്നിയാണ് പരിസ്ഥിതിയുമായുള്ള മനുഷ്യന്റെ ബന്ധം പുനഃപരിശോധിച്ച്, സുസ്ഥിര പരിസ്ഥിതി ലക്ഷ്യമാക്കി നീങ്ങാൻ ആഗോള സമൂഹത്തോട് ആഹ്വാനം ചെയ്യുന്ന ആശയം 2023 ജൈവവൈവിധ്യദിന സന്ദേശമായി ഐക്യരാഷ്ട്ര സഭ മുന്നോട്ടു വയ്ക്കുന്നത്. അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം 2023 സന്ദേശം' കരാറിൽ നിന്ന് പ്രവർത്തനത്തിലേക്ക് : ജൈവവൈവിധ്യം പുനഃസ്ഥാപിക്കുക' എന്നതാണ്.

നമ്മുടെ ജൈവസമ്പത്തിനെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുവാനുള്ള തരം പ്രവർത്തനങ്ങളിൽ മുഴുകുവാൻ സന്ദേശം, പൊതു സമൂഹത്തോട് ആഹ്വാനം ചെയ്യുന്നു.

ജൈവവൈവിധ്യ സംരക്ഷണത്തിന്റെ കാര്യത്തിൽ 2023 സവിശേഷമാണ്. 2022 ഡിസംബറിൽ ഒപ്പുവച്ച ചരിത്രപരമായ ഉടമ്പടിയായ കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ചട്ടക്കൂട് സ്വീകരിച്ചതോടെ ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് പ്രതീക്ഷയുടെ നവോന്മേഷം കൈവന്നിരിക്കുന്നു. അത് 2050 ഓടെ പ്രകൃതിനഷ്ടം തടയുന്നതിനും മാറ്റുന്നതിനുമുള്ള ലക്ഷ്യങ്ങളും കൃത്യമായ നടപടികളും നിശ്ചയിക്കുന്നു. ആഗോള തലത്തിൽ ജൈവവൈവിധ്യ സംരക്ഷണാർത്ഥം അംഗീകരിച്ച ഒരു കർമ്മ പദ്ധതിയുണ്ടെന്ന ആശയം ഈ മുദ്രാവാക്യം ഓർമ്മിപ്പിക്കുന്നു. 2030ന് മുമ്പ് പൂർത്തീകരിക്കേണ്ടുന്നതും, 2050 ഓടെ പൂർത്തീകരിക്കേണ്ടുന്നതുമായ വിവിധ ലക്ഷ്യങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിച്ചു നമുക്ക് സംരക്ഷിതവും സുസ്ഥിരവുമായ ജൈവവൈവിധ്യം നേടാനാകും എന്നാണ് പ്രത്യാശ.

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**